# സത്യദൂതൻ

2015 ഓഗസ്റ്റ് | ലക്കം 8

വില ₹ 20





## ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻജനത

## സയണിസവും മൂന്നാം ലോകവും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly


لاالہ الاالله محمد رسول الله

# സത്യദൂതൻ


2015 ഓഗസ്റ്റ്
ഹി.ശ.1395 - സുഹൂർ
1436 - റ. ശവ്വാൽ - ദുൽഖഅ്ദ്
പുസ്തകം 87 ലക്കം 8
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്വ്ബ

**റമദാന്റെ ആത്മീയ സാന്ദ്രത വർഷം മുഴുവൻ നിലനിർത്തുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ജൂലൈ 17, 24 എന്നീ ദിവസങ്ങളിൽ ബൈത്തുൽ ഫുതൂഹ് ലണ്ടനിൽനിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**14**

കവിത

**അപേക്ഷ**

കെ. ടി രാധാകൃഷ്ണൻ, കൂടാളി

**15**

**സയണിസവും മൂന്നാം ലോകവും**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)



**17**

**ആദ്**
**മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻജനത**

എ.എം.മുഹമ്മദ് സലീം

**27**

**നല്ല ആഹാരം : വിശുദ്ധ ഖുർആന്റെ മാർഗദർശനം**

ഡോ. ലത്തീഫ് ഖുറേശി, യു കെ.

**30**

**വിവാഹ മോചനത്തിന് സ്ത്രീക്കുള്ള അവകാശങ്ങൾ**

പി. കെ. മുഹമ്മദ് ബശീർ

**33**

**യോനായുടെ അടയാളം**

നവിദ സയ്യദ്, യു. കെ.

**38**

കവിത

**സീറത്തുന്നബി**

ഐ. കെ. അഹ്മദ് കുട്ടി

**37**

**വത്തിക്കാൻ ഫലസ്തീൻ കരാർ**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി - 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെ കൊള്ളെ വീഴില്ല.(25:74)



## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് കുഴപ്പവും അജ്ഞതയും പ്രത്യക്ഷപ്പെടും. 'ഹറജ്' വർദ്ധിക്കും. അപ്പോൾ അനുചരന്മാർ ചോദിച്ചു. എന്താണ് ഹറജ് തിരുമേനി (സ) കൈ കൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതു കണ്ടപ്പോൾ തിരുമേനി കൊലയെയാണ് ഉദ്ദേശിച്ചത് എന്ന് വ്യക്തമായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



### ധൃതിപ്പെടാതെ ശാന്തരായി ചിന്തിക്കൂ

അല്ലയോ മുസ്‌ലിം പണ്ഡിതരെ എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത് ധൃതിക്കിടയിൽ മനുഷ്യന്ന് പെട്ടെന്ന് ഗ്രഹിക്കാൻ പറ്റാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തള്ളിക്കളയാൻ നിങ്ങൾ മുതിരല്ല. അതല്ല സാത്വികരുടെ മാർഗ്ഗം....... ശക്തി ഉപയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാനായി ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് എവിടെയാണ് ?. നേരെ മറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ 'ലാ ഇക്റാഹ ഫി ദ്ദീൻ' (മതത്തിൽ യാതൊരു നിർബന്ധവുമില്ല) എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതായി കാണുന്നു. (കിശ്തീനൂഹ്)

എഡിറ്റോറിയൽ

# ഇസ്‌ലാം: ചിന്താശീലരുടെ മതം

ഇസ്‌ലാം മനുഷ്യനെ സ്വതന്ത്രനായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയും അവനെ പ്രബുദ്ധനാക്കുകയും ചെയ്യുന്ന മതമാണ്. ദൈവ വചനത്തിന് മുമ്പിൽ പോലും ചിന്ത ഉയർത്തിപ്പിടിക്കണമെന്ന് വിശുദ്ധ ഖുർആൻ മനുഷ്യനോട് ആഹ്വാനം ചെയ്യുന്നു.

*'അവരുടെ നാഥന്റെ വചങ്ങൾ അവരെ ഓർമപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെ കൊള്ളെ വീഴില്ല.'(25:74)*

ചിന്തിക്കാത്തവരെ ഖുർആൻ അധിക്ഷേപിക്കുന്നത് കാണുക:

*'ബുദ്ധി ഉപയോഗിക്കാത്തവരുടെ മേൽ അല്ലാഹു കോപംഇറക്കുന്നു.'(10:101)*

തന്റെ മുൻഗാമികൾ നടന്ന വഴിയിലൂടെ മാത്രമേ നടക്കൂ എന്ന ശാഠ്യം ബുദ്ധിപരമായ ജീർഅതയെ കാണിക്കുന്നു. പ്രത്യുൽപന്നമതിത്വത്തെ ആദരിക്കുകയും യാഥാസ്ഥികത്വത്തെ വെറുക്കുകയും ചെയ്യുന്ന ഖുർആന്റെ ഒരു വചനം കാണുക.

*'അല്ലാഹു അവതരിച്ചുള്ളതിനെ നിങ്ങൾ പിൻപറ്റുകയെന്ന് പറയപ്പെട്ടാൽ, അല്ല ഞങ്ങൾ ഞങ്ങളുടെ പൂർവ പിതാക്കൾ ഏതൊരു മാർഗത്തിൽ ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിൻപറ്റുകയെന്നവർ പറയുന്നു. എന്ത്, അവരുടെ പൂർവ പിതാക്കൾ യാതൊന്നും ഗ്രഹിക്കാത്തവരും നേർമാർഗം പ്രാപിക്കാത്തവരുമായിരുന്നാൽ പോലും'(2:171)*

അതുപോലെ ഭൂരിപക്ഷം പറയുന്നതാണ് ശരിയെന്ന് കരുതി കാര്യങ്ങളെ സ്വീകരിക്കുന്നവരുണ്ട്. ജനാധിപത്യത്തിൽ ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ ഉപയോഗിക്കുന്ന ഭൂരിപക്ഷ സിദ്ധാന്തം സത്യാസത്യ വിവേചനത്തിന് ഉപയോഗിക്കുന്നത് ശരിയല്ല. അതിന്റെ മാനദണ്ഡവും പ്രമാണവും വേറെയാണ്. എല്ലാ നവീകരണ പ്രവാചക പ്രസ്ഥാനങ്ങളും ഭൂരിപക്ഷത്തെ തിരുത്തിക്കൊണ്ടും ഭൂരിപക്ഷത്തോട് വിയോജിച്ചും കൊണ്ടുമാണ് വളർന്നു വന്നതെന്ന കാര്യവും നാം വിസ്മരിക്കരുത്.

*'ഭൂമിയിലുള്ളവരിൽ അധികം പേരെയും നീ അനുസരിക്കുന്നതായാൽ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും അവർ നിന്നെ തെറ്റിച്ചു കളയും. അവർ (തങ്ങളുടെ) ഊഹത്തെയല്ലാതെ (മറ്റൊന്നിനെയും) പിൻപറ്റുന്നില്ല. അവർ സങ്കൽപ്പിച്ചു സംസാരിക്കുക മാത്രമാണ് ചെയ്യുന്നത്.'(6:117)*

അത് കൊണ്ടാണ് ഖുർആൻ പറഞ്ഞത്

*'മതത്തിൽ യാതൊരു നിർബന്ധവുമില്ല' (2:257) എന്ന്* മറ്റൊരു വചനം ഇങ്ങിനെയാണ്: *'പറയുക ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു.അതു കൊണ്ട് ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ' (18:30)* മനുഷ്യനെ നിർബന്ധിക്കാതെ യഥേഷ്ടം യുക്തി പൂർവം ചിന്തിക്കാനനുവദിക്കുന്ന ഇസ്‌ലാം മനുഷ്യന്റെ ധിഷണാശേഷിയെ ആദരിക്കുന്ന മതമാണ്.

ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

*'യഥാർഥ മതത്തിന്റെ ദൈവം അത്യധികമായി യുക്തിക്കനുയോജ്യവും പ്രകൃതിക്കനുസൃത്വുമായിരിക്കണം. അതായത് അവന്റെ അസ്ഥിത്വം ഒരു ദൈവിക ഗ്രന്ഥത്തിലും വിശ്വസിക്കാത്ത യുക്തി ബോധമുള്ള ജനങ്ങൾക്കും തെളിയുന്ന കാര്യമായിരിക്കണം.' (തബ്‌ലീഗെ രിസാലത്ത്)*



ഹദ്റത്ത് അഹ്മദ് (അ)

# ആസൂത്രണവും പ്രാർഥനയും: മനുഷ്യപ്രകൃതിയുടെ സ്വാഭാവിക പ്രേരണകൾ


**ആ**സൂത്രണവും പ്രാർഥനയും തമ്മിലുള്ള ബന്ധം പ്രകൃതിനിയമം തെളിയിച്ചതാണ്. പ്രകൃതിപുസ്തകവും ഇതിന് സാക്ഷ്യം നിൽക്കുന്നു. ചിലപ്പോൾ വിഷമഘട്ടങ്ങളിൽ മനുഷ്യൻ സ്വാഭാവികമായും ആസൂത്രണങ്ങളിലേക്കും പ്രതിവിധികളിലേക്കും ചായുന്നു. അപ്രകാരം തന്നെ വിഷമഘട്ടങ്ങളിൽ പ്രകൃത്യായുള്ള പ്രേരണയാൽ മനുഷ്യൻ പ്രാർഥനയിലേക്കും ദാനധർമ്മങ്ങളിലേക്കും തിരിയുന്നു.

പ്രാരംഭഘട്ടത്തിൽ എല്ലാ മനുഷ്യരിലും പ്രാർഥനയിൽ നിന്നും ആസൂത്രണോപാധികളെ വേർതിരിക്കാൻ സാധ്യമാകാത്തവിധം ഒരുമിച്ചാണ് സംവിധാനിച്ചിരിക്കുന്നത് എന്നത് ആത്മീയമായ ഒരു വാദഗതിയാണ്. അതായത് പ്രാർ ഥനയിലൂടെയാണ് ആസൂത്രണം ആരായുന്നത്. ചുരുക്കത്തിൽ പ്രാർഥനയും ആസൂത്രണവും മനുഷ്യസൃഷ്ടി മുതൽ തന്നെയുള്ള പ്രകൃത്യായുള്ള ദ്വന്ദാത്മക പ്രേരണകളാണ്. അവ രണ്ട് യഥാർഥ സഹോദരന്മാരെപോലെ മനുഷ്യനെ സേവിക്കുന്നു. ആസൂത്രണം എന്നത് പ്രാർഥനാനന്തരമുള്ള അനിവാര്യമായ ഒന്നാണ്. ആസൂത്രണത്തിന് പ്രാർഥന പ്രചോദനമായിത്തീരുന്നു. മനുഷ്യന്റെ സൗഭാഗ്യങ്ങൾ ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. അതായത് ആസൂത്രണത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പേ പ്രാർഥന മുഖേന അനുഗ്രഹങ്ങളുടെ സ്രോതസ്സിൽ നിന്നും സഹായാർത്ഥന നടത്തണം. പ്രകാശത്തിന്റെ സത്യപ്രവാഹസരണിയിൽ നിന്നും നല്ല ആസൂത്രണങ്ങൾ അവന് ലഭ്യമാകും.

പ്രയാസത്തിന്റേയും ഞെരുക്കത്തിന്റേയും ഘട്ടത്തിൽ അത് പരിഹരിച്ചുതരാൻ മനുഷ്യൻ ദൈവത്തോട് നടത്തുന്ന അർഥന അതിന്റെ പരമാവധിയെത്തുമ്പോൾ അതുമുഖേന ദൈവത്തിൽ നിന്നുള്ള യഥാർഥ സംതൃപ്തിയും ഐശ്വര്യവും ലഭിക്കുന്നു. പ്രാർഥനയിലൂടെ തന്റെ ഉദ്ദേശങ്ങൾ സഫലമായില്ലെങ്കിൽ പോലും അവന് മറ്റ് വിധത്തിലുള്ള സംതൃപ്തിയും സായൂജ്യവും ദൈവം നൽകുന്നതാണ്. അതൊന്നും തന്നെ ഫലശൂന്യമായിപ്പോവുന്നില്ല. അതിലുപരിയായി പ്രാർഥിക്കുന്നവന്റെ വിശ്വാസം ശക്തിപ്പെടുകയും ദൃഢത വർദ്ധിക്കുകയും ചെയ്യുന്നു. ഒരാളുടെ അർഥനകൾ ദൈവത്തിന് നേരെ തിരിയുന്നില്ലെങ്കിൽ അയാൾ എപ്പോഴും അന്ധനായിത്തന്നെ തുടരും. അയാൾ ആ അന്ധതയിൽ തന്നെ മരണമടയുകയും ചെയ്യും.

ഒരാൾ ആത്മാർഥമായി പ്രാർഥിക്കുകയാണെങ്കിൽ ഒരിക്കലും അത് വിഫലമാവുകയില്ല. ഐശ്വര്യം എന്നത് സമ്പന്നത കൊണ്ടോ, അധികാരം കൊണ്ടോ, ആരോഗ്യം കൊണ്ടോ നേടിയെടുക്കാവുന്ന ഒന്നല്ല. അത് ദൈവത്തിന്റെ കരങ്ങളിൽ നിന്നും ലഭിക്കേണ്ട ഒന്നാണ്. അവനിച്ഛിക്കുംവിധം അത് നൽകുന്നു. തികവുറ്റ പ്രാർഥനയിലൂടെയാണ് അത് ലഭിക്കുക. സർവ്വശക്തനായ ദൈവം ഉദ്ദേശിക്കുകയാണെങ്കിൽ നിഷ്കളങ്കനും സാത്വികനുമായ ഒരാൾക്ക് അവന്റെ വിഷമങ്ങളുടെ കൊടുമുടിയിൽ പ്രാർഥനക്ക് ശേഷം ഒരു ആത്മീയാനന്ദം ലഭിക്കുന്നു. ഒരു ചക്രവർത്തിക്കും അയാളുടെ സിംഹാസനത്തിൽ നിന്നും അത്തരത്തിലുള്ള ഒരു ആത്മീയാനന്ദം ലഭിക്കില്ല. പ്രാർഥിക്കുന്ന വന്റെ പ്രാർഥനക്കൊടുവിൽ ലഭിക്കുന്ന യഥാർഥ വിജയമാണിത്.

(അയ്യാമുസ്സുൽഹ് പേജ് 8)



# റമദാന്റെ ആത്മീയ സാന്ദ്രത വർഷം മുഴുവൻ നിലനിർത്തുക

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ജൂലൈ 17, 24 എന്നീ ദിവസങ്ങളിൽ ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ത്ബയുടെ സംഗ്രഹം

റമദാനിലെ എണ്ണപ്പെട്ട ദിവസങ്ങൾ കടന്നുപോയി. നമ്മിൽ അധികം പേരും ഈ ദിനങ്ങളിൽ അനുഗ്രഹങ്ങൾ കരസ്ഥ മാക്കിയിട്ടുണ്ടാകും. ചിലർക്ക് ഈ ദിനങ്ങളിൽ നവാനുഭവങ്ങളും ഉണ്ടായിട്ടുണ്ടാകാം. ഈ അനുഗ്രഹങ്ങളും ആത്മീയ അനുഭവങ്ങളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരാൻ പ്രാർഥിക്കുകയും പ്രയത്നിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ മാർഗത്തിലേക്ക് വയ്ക്കുന്ന നമ്മുടെ ഈ ചുവട് ഇവിടെ നിലച്ചുപോകരുത്. അവന്റെ മാർഗത്തിൽ എപ്പോഴും കുതിച്ചു കൊണ്ടിരിക്കുന്ന ചുവടുകളാവണം അവ. ഓരോ ചുവടും എണ്ണമറ്റ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതാകണം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മളിൽ അധികം പേരും ജുമുഅ നമസ്കാരം വളരെ കൃത്യമായി അനുഷ്ഠിക്കുന്ന വരാണ്. എങ്കിലും, റമദാൻ മാസത്തിലെ അവസാന ജുമുഅയ്ക്ക് വളരെ പ്രാധാന്യം നല്കുന്നവരും നമ്മളിലുണ്ടാകാം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജമാഅത്തുകൾ ലോകത്ത് വ്യാപിച്ചിരിക്കുകയാണ്. വിവിധ വിഭാഗങ്ങളിൽനിന്ന് ജനങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. മുമ്പേയുള്ള ശിക്ഷണത്തിന്റെ സ്വാധീനം അവയിലെന്തായാലും ഉണ്ടാകും. വർഷം മുഴുവനും ജുമുഅക്ക് പ്രാധാന്യം നൽകാതെ റമദാനിലെ അവസാന ജുമുഅയ്ക്ക് അത്യധികം പ്രാധാന്യം നല്കുന്നവരും അവരിലുണ്ടാകാം. മുസ്ലിംകളിൽ പ്രചാരമുള്ള ഒരു പൊതു ധാരണ കാരണത്താൽ ജുമുഅത്തുൽ വിദാ അഥവാ വിടവാങ്ങൽ ജുമുഅ എന്ന പേരിൽ പൊതുമുസ്ലിംകളിൽ

അറിയപ്പെടുന്ന ഈ ജുമുഅ കഴിഞ്ഞുപോയ വർഷത്തെ എല്ലാ തിന്മകളിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും മുക്തി നല്കുന്നതും വർഷം മുഴുവനും നിർവഹിക്കേണ്ട ആരാധനകൾ ഈ ജുമുഅയിൽ പങ്കെടുക്കുന്നതോടെ പൂർത്തീകരിക്കപ്പെടുന്നതുമാണെന്ന് അവർ വിചാരിക്കുന്നു. അതുകൊണ്ട് അത്തരം ആളുകളെ, അവർ എണ്ണത്തിൽ കുറവാണെങ്കിലും, ഞാൻ ഓർമപ്പെടുത്തുകയാണ്; ഈ ജുമുഅയിൽ പങ്കെടുക്കുന്നതു മൂലം നമ്മുടെ ജീവിതലക്ഷ്യത്തിന്റെ കടമ നിറവേറുന്നില്ല. റമദാൻ മാസത്തിലെ അവസാന ജുമുഅ നമസ്കാരം നിർവഹിക്കുന്നതു മാത്രമാണ് മോക്ഷത്തിനുള്ള മാർഗമെന്ന് അല്ലാഹുവോ അവന്റെ റസൂലോ പറഞ്ഞതായി സ്ഥാപിതമല്ല. ആയതിനാൽ, മോക്ഷം കരസ്ഥമാക്കുന്നതിന് ഇതിൽ പങ്കെടുത്താൽ മനുഷ്യന്റെ ഇഹപര ജീവിതം സുന്ദരമാകുമെന്ന് എവിടെയും പറഞ്ഞിട്ടില്ല. അതുകൊണ്ട് അനഹ്മദികളിൽ ജുമുഅത്തുൽ വിദായെപറ്റി എന്തുതന്നെ കാഴ്ചപ്പാടുണ്ടെങ്കിലും അഹ്മദിയ്യാജമാഅത്തിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനയനുസരിച്ച് ജുമുഅത്തുൽ വിദായെപ്പറ്റി അങ്ങനെയൊരു സങ്കല്പവുമില്ല; ഉണ്ടാകാനും പാടില്ലെന്ന് നമ്മുടെ യുവാക്കളും ജുമുഅ നമസ്കാരത്തെ സംബന്ധിച്ച് അലസത കാണിക്കുന്നവരും ഓർമിക്കേണ്ടതാണ്. എന്നാൽ, ജുമുഅയിൽ പങ്കെടുക്കാതെ തന്നിൽ വന്നുപോയിട്ടുള്ള ദൗർബല്യങ്ങൾ ഇനി താൻ അകറ്റുമെന്നും ഇനി മുതൽ ജുമുഅ നമസ്കാരം മുടങ്ങാതെ അനുഷ്ഠിക്കുമെന്നുമുള്ള ചിന്ത ഇന്നത്തെ ജുമുഅയിൽ പങ്കെടുക്കുന്നവരുടെ മനസ്സിൽ ഉണ്ടാകുന്നെങ്കിൽ ആ ജുമുഅയ്ക്ക് പ്രാധാന്യമുണ്ട്. അല്ല, ആ ദിവസത്തിന് പ്രാധാന്യമുണ്ട്. അപ്പോൾ അവന് അനുഗ്രഹപൂർണമായിരിക്കുന്നത് ജുമുഅ മാത്രമല്ല. അവനിൽ പരിശുദ്ധ മാറ്റം ഉണ്ടാക്കിയ ആ നിമിഷം, താൻ ഇനി അല്ലാഹുവിന്റെ കല്പനകൾക്ക് പ്രാധാന്യം നല്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുമെന്ന ആ ദൃഢ പ്രതിജ്ഞ, ആ ദിവസം, അവന് ലയ്‌ലത്തുൽ ഖദ്ർ ആയിരിക്കും. ഒരു ഇരുണ്ട രാത്രിക്കു ശേഷം അവനിൽ ആത്മീയവെളിച്ചം ഉണ്ടാകുന്നതാണ്. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറഞ്ഞിരിക്കുന്നത് മനുഷ്യന് ഒരു ലയ്‌ലത്തുൽ ഖദ്ർ അവന്റെ ഭാഗ്യം തെളിഞ്ഞ സമയവുമാണെന്നാണ്. അതായത്, അവൻ തന്റെ ഉള്ളിൽ ഒരു മാറ്റം വരുത്തിക്കൊണ്ട് ദൈവത്തിലേക്ക് കുനിയുമ്പോൾ, ദൈവകല്പനകൾ പ്രാവർത്തികമാക്കുമെന്ന് പ്രതിജ്ഞ ചെയ്യുകയും അതിലവൻ ഉറച്ചു നില്ക്കുകയും ചെയ്യുമ്പോൾ!

ജുമുഅയുടെ പ്രാധാന്യത്തെ കുറിച്ച് അല്ലാഹു എന്താണ് നമ്മളോടു പറയുന്നത്. ഞാൻ പാരായണം ചെയ്ത വചനത്തിൽ അല്ലാഹു പറയുന്നു: അല്ലയോ വിശ്വസിച്ചവരേ! വെള്ളിയാഴ്ച ദിവസത്തിന്റെ ഒരു നേരത്ത് നമസ്കാരത്തിനായി നിങ്ങൾ വിളിക്കപ്പെട്ടാൽ അല്ലാഹുവിന്റെ സ്മരണയിലേക്ക് ധിറുതി കാണിച്ചുകൊണ്ട് പോകുക. കച്ചവടങ്ങളെല്ലാം ഉപേക്ഷിക്കുക. നിങ്ങൾ അറിയുന്നവരാണെങ്കിൽ ഇത് നിങ്ങൾക്ക് വളരെ നല്ലതാണ്.

അടുത്ത വചനത്തിൽ പറഞ്ഞു: നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ ഭൂമിയിൽ വ്യാപിച്ചു കൊള്ളുക. അവന്റെ അനുഗ്രഹത്തിൽനിന്ന് അന്വേഷിക്കുക. നിങ്ങൾ വിജയം പ്രാപിക്കാൻ അല്ലാഹുവിനെ അധികമായി സ്മരിക്കുക. അതിനാൽ, ജുമുഅ നമസ്കാരത്തിന് വരാനും എല്ലാ ഭൗതിക വ്യവഹാരങ്ങളെയും പിന്തള്ളിക്കൊണ്ട് തഖ്‌വയോടു കൂടിയ മനസ്സുമായി പങ്കെടുക്കാനും അല്ലാഹു നമ്മോടു പറഞ്ഞിരിക്കുകയാണ് എന്നത് വ്യക്തം. അല്ലാഹു ഈ ആയത്തുകളിൽ റമദാനിലെ ജുമുഅകളിൽ പങ്കെടുക്കുന്നതിനെപ്പറ്റി അല്ലെങ്കിൽ റമദാനിലെ അവസാന ജുമുഅയിൽ പങ്കെടുക്കുന്നതിനെപ്പറ്റിയല്ല കല്പന നല്കിയിരിക്കുന്നത്. മറിച്ച്, ജുമുഅയെ പ്രത്യേകവത്കരിക്കാതെ അതിന്റെ പ്രാധാന്യത്തിലേക്കാണ് ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. ജുമുഅക്ക് വൈകിവരുന്നവരും ചിന്തിക്കേണ്ടതാണത്. ചെയ്തു തീർക്കാനുള്ള ജോലികൾ നേരത്തെ ചെയ്തു തീർക്കുക.

റമദാനിലെ അവസാന ജുമുഅ വളരെ പ്രാധാന്യമർഹിക്കുന്നതാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ കല്പിക്കുകയോ നബി(സ) നിർദേശിക്കുകയോ ചെയ്തിട്ടില്ല. എല്ലാ ജുമുഅകളും പ്രധാനപ്പെട്ടതാണെന്നാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല, നബി(സ) പറഞ്ഞതായി ഒരു ഹദീഥിൽ വന്നിരിക്കുന്നു: 'മുസ്‌ലിംകളേ! ജുമുഅ ദിവസത്തെ അല്ലാഹു നിങ്ങൾക്ക് ഈദ് ആക്കിയിരിക്കുകയാണ്.' അതുകൊണ്ട് ആ ദിവസം പ്രത്യേകം കുളിച്ചൊരുങ്ങി തയ്യാറാവുക. ഓരോ ജുമുഅ യുടെയും പ്രാധാന്യമാണിത്. എല്ലാ തിരക്കുകളും ഉപേക്ഷിച്ചുകൊണ്ട് എല്ലാ കച്ചവടങ്ങളും ജോലികളും തൽക്കാലം നിറുത്തി വെച്ചുകൊണ്ട് എല്ലാ ജുമുഅ ദിവസവും നമസ്കാരത്തിനായി പള്ളിയിലേക്ക് വരണമെന്ന് അതു നമ്മോട് ആവശ്യപ്പെടുന്നു. ഹദീഥിൽ പറഞ്ഞതുപോലെ നബി(സ) വളരെ വ്യക്തമായ നിലയിൽ അതിന്റെ പ്രാധാന്യം വിവരിച്ചിരിക്കുന്നു. അതുകൊണ്ട് വിശ്വാസനിലവാരം ഉയർത്തുന്നതിന് സത്യവിശ്വാസിക്ക് ജുമുഅ നമസ്കാരം നിർബന്ധമാണെന്നാണ് ഇത് തെളിയിക്കുന്നത്. മാത്രമല്ല, അതു നിരസിച്ചാലുണ്ടാകുന്ന ദോഷവശങ്ങളും താക്കീതുകളും നല്കിയിട്ടുമുണ്ട്. മന:പൂർവം ജുമുഅ ഉപേക്ഷിക്കുന്നവന്റെ ഹൃദയം സൽകർമം ചെയ്യുന്നതിൽ നിന്ന് തടയപ്പെടുന്നു. അതുകൊണ്ട് വളരെ ഭയപ്പെടേണ്ട ഘട്ടമാണിത്. അലസത കാണിക്കുന്നവർ ആത്മപരിശോധന നടത്തുക. തക്കതായ കാരണമില്ലെങ്കിൽ വെറുതെ അലസത കാണിക്കരുത്. തക്കതായ കാരണമുണ്ടെങ്കിൽ നല്ലത്. അല്ലാത്തപക്ഷം അവൻ അല്ലാഹുവിന്റെ പിടിയിൽ അകപ്പെടുന്നതാണ്. ന്യായമായ കാരണം കൂടാതെ ജുമുഅ ഉപേക്ഷിക്കുന്നത്

വിലക്കപ്പെട്ടതാണ്. ആ ന്യായമായ കാരണങ്ങൾ എന്തൊക്കെയാണെന്നും നബി(സ)തിരുമേനി വിശദീകരിച്ചിട്ടുണ്ട്. ഇളവ് അനുവദിക്കപ്പെട്ടവർ ആരൊക്കെയാണ്? നബി(സ) പറയുന്നു: 'ഓരോ മുസ്‌ലിമിനും ജമാഅത്തായി ജുമുഅ നമസ്കരിക്കൽ നിർബന്ധമാണ്; നാല് വിഭാഗം ആളുകളൊഴികെ. ആ നാല് കൂട്ടർ അടിമകൾ, സ്ത്രീകൾ, കുട്ടികൾ, രോഗികൾ എന്നിവരാണ്.' അതുകൊണ്ട്, കഴിവില്ലാത്തവർക്കും തക്കതായ കാരണമുള്ളവർക്കും ഇളവനുവദിക്കുന്ന സുന്ദര അധ്യാപനമാണ് ഇസ്‌ലാമിന്റേത്. ഓരോ സ്ത്രീയും കുട്ടിയും രോഗിയും തന്റെ യജമാനന്റെ ക്രൂരതയ്ക്കു വിധേയനാകുന്ന അടിമയും ജുമുഅക്ക് വന്നില്ലെങ്കിൽ അവരുടെ ഹൃദയം കറുത്തു പോകുമെന്നൊന്നും ഇസ്‌ലാം പറയുന്നില്ല.

അതിനാൽ, ജുമുഅയ്ക്ക് പ്രാധാന്യം നല്കണമെന്ന ശ്രദ്ധ നമുക്കുണ്ടായാൽ, ചില കഠിനമായ അവസ്ഥകളിൽ ജുമുഅ പാഴായിപ്പോകുമ്പോൾ അതെളുപ്പമാകുന്നതിന് ദുആ ചെയ്യുകയാണെങ്കിൽ ഹൃദയവേദനയോടെ ചെയ്യുന്ന ആ പ്രാർഥന സ്വീകരിച്ചുകൊണ്ട് അല്ലാഹു കാര്യങ്ങൾ എളുപ്പമാക്കുന്നതാണ്.

ഏതായാലും, നബി(സ) വിവരിച്ച ഇളവുള്ള നാലു കൂട്ടരാണിവർ. ഇവരൊഴികെ ഓരോരുത്തർക്കും ജുമുഅ നമസ്കാരം നിർബന്ധമാണ്. ജുമുഅ ദിവസം പ്രത്യേക തയ്യാറെടുപ്പുകൾ നടത്തേണ്ടതും നിർബന്ധമാണ്. നബി(സ) പറഞ്ഞു: 'മനുഷ്യൻ വലിയ പാപങ്ങളിൽനിന്ന് വിട്ടു നില്ക്കുവോളം അഞ്ചു നമസ്കാരങ്ങളും, ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെയും ഒരു റമദാൻ മുതൽ അടുത്ത റമദാൻ വരെയും അവയുടെ ഇടയിൽ ഉണ്ടാകുന്ന പാപങ്ങൾക്ക് പരിഹാരമാകുന്നു. അഞ്ചു നമസ്കാരങ്ങളെന്നു പറഞ്ഞ് നബി(സ) നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഈ അഞ്ചു നേര നമസ്കാരങ്ങൾ നമുക്ക് നിർബന്ധമാക്കപ്പെട്ടതാണ് എന്നതിലേക്കാണ്. അവയെ അല്ലാഹു പറഞ്ഞ പ്രകാരം എല്ലാ നിബന്ധനയോടുംകൂടി നിർവഹിക്കേണ്ടതാണ്. അതുപോലെ ജുമുഅയിൽ പങ്കെടുത്തുകൊണ്ട് സ്വായത്തമാക്കിയ അനുഗ്രഹങ്ങൾ, ഇമാമിന്റെ ഖുത്ബ മൂലം തന്നിലുണ്ടായ സൽപ്രേരണ എന്നിവയെ അടുത്ത ജുമുഅവരെ നിലനിറുത്തുകയും അവയെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇതുണ്ടായാൽ പിന്നെ ഒരു ജുമുഅ മുതൽ അടുത്ത ജുമുഅവരെ തിന്മകളിൽനിന്ന് മുക്തി ലഭിക്കുന്നതായിരിക്കും. നിങ്ങളുടെ പാപപൊറുതിക്കുള്ള ഏർപ്പാടായിരിക്കുമത്. ഇവിടെയും നബി (സ) ഒരു ജുമുഅമുതൽ അടുത്ത ജുമുഅവരെ എന്നു പറഞ്ഞുകൊണ്ട് അതിന്റെ അനിവാര്യതയും പ്രാധാന്യവും വ്യക്തമാക്കിയിരിക്കുകയാണ്. അതിനു ശേഷം റമദാന്റെ പ്രാധാന്യം വിവരിച്ചപ്പോഴും നന്മയിൽ സ്ഥിരമായി നിലകൊള്ളുമ്പോഴാണ് മനുഷ്യൻ പാപത്തിൽനിന്ന് സുരക്ഷിതനാകുന്നതെന്ന് പറയുകയുണ്ടായി. അതുകൊണ്ട് നമസ്കാരത്തിന്റെ കടമ നിർവഹിക്കേണ്ടതും അനിവാര്യമാണ്. ജുമുഅ നമസ്കാരവും കൃത്യമായി അനുഷ്ഠിക്കേണ്ടതും അനിവാര്യമാണ്. അതു പോലെ തന്നെ റമദാനിൽനിന്ന് അതിന്റെ നിബന്ധനയോടുകൂടി അനുഗ്രഹം കരസ്ഥമാക്കുന്നത് പാപപരിഹാരമായിത്തീരുകയും ചെയ്യും. അതു നമ്മെ നന്മയിൽ മുന്നോട്ട് നടത്തുന്നതാണ്. റമദാനിലെ നോമ്പിനും അല്ലാഹു നിബന്ധനകൾ വെച്ചിട്ടുണ്ട്. യഥാർഥ തഖ്‌വയിൽ ചരിക്കണമെങ്കിൽ ഈ കാര്യങ്ങൾ എന്തായാലും അനുഷ്ഠിക്കേണ്ടിവരും. അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കണമെങ്കിൽ ഈ കാര്യങ്ങൾ നിർവഹിക്കേണ്ടതാണ്. പാപപൊറുതിക്കുള്ള ഏർപ്പാട് ഉണ്ടാകണമെങ്കിൽ അല്ലാഹു പറഞ്ഞു തന്നിട്ടുള്ള മാർഗമനുസരിച്ച് പ്രവർത്തിക്കണം. മനുഷ്യന്റെ ആത്മസംസ്കരണത്തിന് അല്ലാഹു നമുക്ക് ഒരു പ്രതിദിന രൂപരേഖയും പ്രതിവാരരൂപരേഖയും പ്രതിവർഷ രൂപരേഖയും തന്നിരിക്കുകയാണ്. ഈ ഘട്ടങ്ങളിലൂടെ കടന്നു പൊയ്ക്കൊണ്ട് മുന്നേറുന്നവൻ അല്ലാഹുവിന്റെ മഗ്ഫിറത്തിന് അർഹനായിത്തീരുന്നു. അതിനാൽ ജുമുഅയുടെ പ്രാധാന്യമെന്തെന്ന് വീണ്ടും വ്യക്തമായിരിക്കുകയാണ്. വർഷാനന്തര ആത്മസംസ്കരണ പരിപാടിയുടെ ഭാഗമായി അല്ലാഹു റമദാൻ മാസത്തെയാണ് വെച്ചിട്ടുള്ളത്; വർഷാവസാനം ജുമുഅത്തുൽ വിദാ അനുഷ്ഠിച്ചുകൊള്ളുക എന്ന് പറഞ്ഞിട്ടില്ല. മറിച്ച്, മുഴുവൻ റമദാൻ മാസമാണ് വെച്ചിരിക്കു ന്നത്. ജുമുഅയിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നതിന് നബി(സ) ഏഴു ദിവസങ്ങൾക്കുശേഷം വരുന്ന ജുമുഅയെയാണ് പാപപൊറുതിക്കുള്ള മാർഗമായി പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് നാം അല്ലാഹുവിനോടുള്ള ഭയത്താലാണ് ഈ ദിനങ്ങൾ കഴിച്ചു കൂട്ടിയതെന്നും അല്ലാഹുവിന്റെ കോപം വിളിച്ചു വരുത്തുന്ന പ്രവർത്തിയൊന്നും ചെയ്തില്ലെന്നും സാക്ഷ്യപ്പെടുത്തുന്നതായിരിക്കണം നമ്മുടെ ഓരോ ജുമുഅയും. അങ്ങനെയായാൽ, അല്ലാഹു നമ്മുടെ ചെറിയ തെറ്റുകളും കുറവുകളും മാപ്പാക്കുന്നതാണ്. ഈ ദാസൻ തന്റെ ദിനങ്ങളെ ഭയപ്പെട്ടുകൊണ്ടാണ് കഴിച്ചുകൂട്ടാൻ ശ്രമിച്ച തെന്ന് ഓരോ ജുമുഅയും അങ്ങനെ സാക്ഷ്യം വഹിക്കുന്നു. അതുപോലെ, അഞ്ചുനേര നമസ്കാരങ്ങളെ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് നിർവഹിക്കുന്ന പക്ഷം അവ നമുക്കുവേണ്ടി സാക്ഷ്യം പറയുന്നതാണ്. ഇതു തന്നെയാണ് റമദാനിലെ നോമ്പിന്റെ അവസ്ഥ. പാപപൊറുതി കൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടെ ആരാധനകളുടെ സാക്ഷ്യങ്ങൾ നമുക്കനുകൂലമായി നമ്മുടെ മാപ്പിനുള്ള ഏർപ്പാടായി തീരുക എന്നാണ്.

ജുമുഅയുടെ പ്രാധാന്യത്തേയും അതിന്റെ മനോഹാരിതയേയും കുറിച്ച് നബി (സ) ഒരിക്കൽ പറഞ്ഞു: "ദിവസങ്ങളിൽ ഏറ്റവും നല്ല ദിവസം ജുമുഅ ദിവസമാണ്. ആ

ദിവസം എന്റെ മേൽ ഒരുപാട് സ്വലാത്ത് ചൊല്ലുക. എന്തെന്നാൽ ആ ദിവസം ആ സ്വലാത്തുകൾ എന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നതാണ്.

ജുമുഅക്ക് നിരന്തരം ലഭിച്ചു കൊണ്ടിരിക്കുന്ന മറ്റൊരു അനുഗ്രഹമാണിത്. ജുമുഅത്തുൽ വിദായുടെ ദിവസം ചൊല്ലുന്ന സ്വലാത്ത് അവതരിപ്പിക്കപ്പെടുമെന്ന് എവിടെയും വന്നിട്ടില്ല. മറിച്ച് എല്ലാ ജുമുഅക്കും അവതരിപ്പിക്കപ്പെടും എന്നാണ് വന്നിട്ടുള്ളത്. നമ്മളിൽ ഈ അനുഗ്രഹങ്ങളെ പ്രയോജനപ്പെടുത്തുകയും സ്വലാത്തു ചൊല്ലുന്നവരിൽ ഉൾപ്പെട്ടുകൊണ്ട് അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാവുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

അതുകൊണ്ട് ഇന്നത്തെ ദിവസം പ്രാധാന്യമർഹിക്കുന്നതാക്കണമെങ്കിൽ എല്ലാ ജുമുഅകളും നമുക്ക് പ്രധാനപ്പെട്ടതാകണം. റമദാനിലെ ഇബാദത്തുകളിൽനിന്ന് നാം പുറത്ത് വരുന്നുണ്ടെങ്കിലും ജുമുഅയുടെ ഇബാദത്തിൽനിന്ന് പുറത്ത് പോകാത്തവരാകണം. അടുത്ത ജുമുഅയും ഇന്നത്തേതു പോലെതന്നെ പ്രധാനപ്പെട്ടതാകണം. മുമ്പുകഴിഞ്ഞു പോയ നമ്മുടെ ദൗർബല്യങ്ങളും കുറവുകളും ഇനി ആവർത്തിക്കുകയില്ലെന്ന് നാം പ്രതിജ്ഞ ചെയ്യണം. ഈ ഒരു ചിന്ത യുണ്ടെങ്കിൽപിന്നെ നാം ജുമഅയോടു വിട പറയുന്നവരായിരിക്കുകയില്ല. മറിച്ച് നമ്മുടെ തിന്മകളോടും ദൗർബല്യങ്ങളോടും അലസതകളോടും വിടപറഞ്ഞു കൊണ്ട് അവയിൽനിന്ന് എന്നെന്നേക്കുമായി രക്ഷപ്പെടുന്നതിന് അല്ലാഹുവിന്റെ അഭയത്തിൽ വരാൻ ശ്രമിക്കുന്നവരായിരിക്കും. അതുപോലെ, റമളാനിലെ അനുഗ്രഹങ്ങളെ പ്രയോജനപ്പെടുത്തുകയെന്നാൽ, റമദാനിൽ ചെയ്യാൻ സാധിച്ച നന്മകളെ വർധിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ചുരുങ്ങിയപക്ഷം അതിനെ നിലനിറുത്തി വരുംറമദാനെ സ്വാഗതം ചെയ്യുക എന്നാണ്. നാം ജുമുഅ നമസ്കാരത്തിൽനിന്ന് വേർപെട്ടുവെന്നോ റമദാനെ വേർപിരിഞ്ഞുവെന്നോ റമദാനിൽ നാം ആനന്ദം നേടിയ ആരാധനകളോട് വേർപെട്ടുവെന്നോ ചിന്തിക്കുന്നവരാകരുത് നാം. നബി (സ) തിരുമേനിയുടെ ഒരു നിർദേശമനുസരിച്ച് ജുമുഅ ദിവസത്തിൽ ദുആ സ്വീകരിക്കപ്പെടുന്ന ഒരു സമയമുണ്ട്.

നബി(സ) തിരുമേനിപറഞ്ഞു: ''ജുമുഅ ദിവസത്തിൽ ദുആ സ്വീകരിക്കപ്പെടുന്ന ഒരു സമയമുണ്ട്.'' ഇത് സംബന്ധിച്ച് ഞാൻ മുമ്പേ പറഞ്ഞതാണ്. ഈ ദുആയും പ്രത്യേകമായി ചൊല്ലുക: റമദാൻ നമ്മെ തിന്മകളിൽനിന്ന് പൂർണമായി മുക്തരാക്കുകയും നന്മകളെ പൂർണ ആത്മാർഥതയോടെ നിർവഹിക്കാനുള്ള തൗഫീഖ് നല്കുകയും യഥാർഥ തഖ്‌വയിൽ ചരിക്കാൻ പ്രാപ്തമാക്കുകയും ചെയ്യുമാറാകട്ടെ. വാഗ്ദത്ത് മഹ്ദി മസീഹ് (അ)ന്റെ നിയോഗോദ്ദേശ്യം പൂർത്തിയാക്കുകയും ചെയ്യുമാറാകട്ടെ. ഇസ്‌ലാമികാധ്യാപനങ്ങളെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിക്കൊണ്ട് മനുഷ്യനെ ദൈവവുമായി അടുപ്പിക്കുന്നത് ഇതുമാത്രമാണെന്നും പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് മാർഗദർശനം നല്കുന്ന മതമാണിതെന്നുമുള്ള മനോഹരാധ്യാപനങ്ങൾ ലോകത്തിന് പറഞ്ഞു കൊടുക്കുക.

അല്ലാഹു നമുക്ക് അതിനുള്ള തഫീഖ് നല്കുമാറാകട്ടെ. കൂടാതെ ദുആയും ചെയ്യുക. പ്രയാസങ്ങളിൽ അകപ്പെട്ടിരിക്കുന്ന എല്ലാ അഹ്മദികളേയും അല്ലാഹു പ്രയാസങ്ങളിൽ നിന്ന് രക്ഷിക്കുമാറാകട്ടെ, ഏതെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങളിൽ പെട്ടുപോയിട്ടുള്ളവരുടെ പ്രശ്നങ്ങൾ അവസാനിപ്പിച്ചുകൊടുക്കുമാറാകട്ടെ. അത് പോലെ തന്നെ, മുസ്‌ലിം ഉമ്മത്തിന് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് ദുഃഖങ്ങളിൽനിന്നും പ്രയാസങ്ങളിൽ നിന്നും പുറത്തുവരാനുള്ള തൗഫീഖ് നല്കുമാറാട്ടെ. പരസ്പരം അക്രമം ചെയ്യുന്നവരുടെ അക്രമങ്ങൾ അല്ലാഹു തടയുമാറാകട്ടെ. എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളിൽ നിന്നും ഇസ്‌ലാമിന്റെ യഥാർഥ പ്രഭാവം ലോകത്ത് പ്രകടമാവട്ടെ. ആമീൻ

**ഖുത്ബ സംഗ്രഹം: 24-07-2015**

ഹദ്റത്ത് മസീഹ് മൗഊദ് (അ) നേയും ആ മഹാത്മാവിന്റെ സ്വഹാബിമാരേയും കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിട്ടുള്ള ചില സംഭവങ്ങൾ വിവരിക്കുന്നതാണ്.

തദ്കിറയിൽ 1908 ഫെബ്രുവരി 9-ാം തീയതിയിലെ ഒരു ഇൽഹാം രേഖപ്പെടുത്തിയിരിക്കുന്നു. **'ലാ തഖ്ത്തുലൂ സയ്നബ്.'** ഈ സംഭവത്തിന്റെ വിശദീകരണം ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ഇങ്ങനെ വിവരിച്ചിരിക്കുന്നു. 1908 ന്റെ ആരംഭത്തിൽ പരേതനായ ഹാഫിള് അഹ്മദുല്ലാഹ് ഖാൻ സാഹിബിന്റെ രണ്ടു പെൺമക്കളുടെ വിവാഹം ഉറപ്പിച്ചു. അവരിൽ മൂത്തവളുടെ പേര് സയ്നബ് എന്നും ഇളയവളുടെ പേര് കുൽഥൂം എന്നുമായിരുന്നു. സയ്നബിനെ മറ്റു ചിലരും വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നു. ഒരു ബന്ധം ശേയ്ഖ് അബ്ദുർറഹ്മാൻ മിസ്റി യിൽനിന്നും വന്നിട്ടുണ്ടായിരുന്നു. അദ്ദേഹവുമായിട്ടുള്ള സയ്നബിന്റെ വിവാഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇഷ്ടപ്പെട്ടിരുന്നില്ല. പക്ഷേ, സാധാരണ സമ്മർദം ചെലുത്താറുള്ളതുപോലെ കൂടുതൽ സമ്മർദം ചെലുത്തിയിരുന്നില്ല. എന്തായാലും അദ്ദേഹം തന്റെ മകളുടെ വിവാഹം മിസ്റി സാഹിബുമായി നടത്തി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു: "മിസ്റി സാഹിബിന്റെ നിക്കാഹ് മറ്റു രണ്ടു നിക്കാഹിനോടൊപ്പം ഞങ്ങളുടെ സഹോദരി മുബാറക്ക ബീഗമിന്റെ നിക്കാഹ് നടന്ന അതേ ദിവസമായിരുന്നു നടന്നത്. അതായത് ഫെബ്രുവരി 17. അതുകൊണ്ട് ആ തീയതി സുരക്ഷിതമായിരിക്കുന്നു. ഈ ഇൽഹാമുകൊണ്ട് അല്ലാഹു ഉദ്ദേശിച്ചിരുന്നത് ആ മനുഷ്യനിൽനിന്ന് വമ്പിച്ചൊരു ഫിത്ന ഉണ്ടാകാൻ പോകുന്നുവെന്നാണ്. അങ്ങനെ പിന്നീട് മിസ്റി സാഹിബിൽനിന്ന് ആ ഫിത്ന ഉണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ അഭിപ്രായമാണ് ഹാഫിള് അഹ്മദുല്ലാഹ് ഖാൻ സാഹിബിന് നല്കിയിരുന്നതെന്നതിന് തെളിവുണ്ട്. മിസ്റി സാഹിബ് ജമാഅത്തിൽനിന്ന് വേറിട്ടുപോയപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്റെ മുമ്പിൽവച്ചാണ് ഹാഫിള് അഹ്മദുല്ലാഹ് ഖാൻ സാഹിബിനോട് ശേയ്ഖ് അബ്ദുർറഹ്മാനുമായി വിവാഹം നടത്തരുതെന്ന് പറഞ്ഞതെന്ന് പീർ മൻളൂർ മുഹമ്മദ് സാഹിബ് എന്നോടു പറയുകയുണ്ടായി. എന്നാൽ, ഹാഫിള് അഹ്മദുല്ലാഹ് ഖാൻ സാഹിബ് ഇക്കാര്യം സമ്മതിച്ചില്ല. ആ സ്ഥലത്തുതന്നെ വിവാഹം നടത്തി. പീർ മൻളൂർ മുഹമ്മദ് സാഹിബ് പറയുന്നു: അപ്പോൾ എനിക്ക് കടുത്ത കോപം വന്നു. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഹാജരായി. ഞാൻ പറഞ്ഞു, ഹുദൂർ അല്ലാഹു നിശ്ചയിച്ചയാളാണ്. അല്ലാഹു നിശ്ചയിച്ചയാൾ ഒരു കാര്യം പറഞ്ഞാൽ എല്ലാ മുഅ്മിനീംകളും അതനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. എന്നാൽ, ഹാഫിള് അഹ്മദുല്ലാഹ് ഖാൻ സാഹിബ് ഹുദൂറിനെ ധിക്കരിച്ചു. അതുകേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'താങ്കൾ പറഞ്ഞതു ശരിതന്നെയാണ്. പക്ഷേ, അത്തരം കാര്യങ്ങളിൽ ഞാൻ പിന്നെ കൈകടത്താറില്ല.' ഒരിക്കൽ ഹദ്റത്ത് ഖലീഫ അവ്വലിന്റെ കാലഘട്ടത്തിൽ ശേയ്ഖ് മിസ്റി സാഹിബ് ചന്തയിൽവച്ച് തന്റെ ഭാര്യാപിതാവിനെ മർദിക്കുകയുണ്ടായി. അപ്പോൾ ഹദ്റത്ത് ഖലീഫ അവ്വൽ(റ)മിസ്റി സാഹിബിനെ കഠിനമായി വെറുത്തു. ഞാൻ ഒരുപാടു നാൾ കേണപേക്ഷിച്ചിട്ടാണ് അദ്ദേഹത്തിന് മാപ്പുകൊടുപ്പിച്ചത്.

ഈ ഇൽഹാമിന്റെ അർഥം താങ്കൾ സയ്നബിന്റെ വിവാഹം ശേയ്ഖ് മിസ്റിയുമായി നടത്തരുതെന്നായിരുന്നു. നടത്തിയാൽ അയാളുടെ ഈമാനും നശിച്ചുപോകുന്നതാണ്. അങ്ങനെ ഈ വിവാഹം മുഖേന അയാളുടെ ഈമാനും നഷ്ടപ്പെട്ടുപോയതായി സംഭവങ്ങൾ സ്ഥാപിച്ചു കാണിച്ചു.

ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: മിസ്റി സാഹിബിന്റെ ജമാഅത്തിലുള്ള സ്ഥാനത്തെ സംബന്ധിച്ച് ഇതിൽനിന്ന് അളക്കാവുന്നതാണ്. അതായത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വയം വിവരിക്കുന്നു: ''മിസ്റി സാഹിബ് ജമാഅത്തിൽനിന്ന് വേറിട്ടുപോയതിൽ തനിക്ക് പരിഭ്രമമുണ്ടെന്ന് പറഞ്ഞ് ഒരു സുഹൃത്ത് ആഫ്രിക്കയിൽനിന്ന് എനിക്ക് കത്തെഴുതി; ഇത്രമാത്രം വലിയ വലിയ ആളുകളുടെ ഈമാൻ നഷ്ടപ്പെട്ടുപോയെങ്കിൽ നമ്മുടെ ഈമാൻ എന്ത് യാഥാർഥ്യമാണ് ഉൾക്കൊള്ളുന്നത്?' ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ) ഇതിനെക്കുറിച്ച് പറയുന്നു: 'ഞാൻ അദ്ദേഹത്തിനെഴുതി: വലുപ്പം തീരുമാനിക്കുക എന്നത് അല്ലാഹുവിന്റെ ജോലിയാണ്; താങ്കളുടേതല്ല! താങ്കൾ വലിയ ആളായി മനസ്സിലാക്കുന്ന അയാളെ അല്ലാഹു തന്റെ കർമത്തിലൂടെ ജമാഅത്തിൽനിന്ന് വേർപെടുത്തുകയും താങ്കളെ ഇതിൽ നിറുത്തുകയും ചെയ്ത സ്ഥിതിക്ക് വലിയാൾ താങ്കളാണെന്നും അയാളല്ലെന്നും തെളിഞ്ഞിരിക്കുകയാണ്. എന്തായാലും മിസ്റി സാഹിബ് ജമാഅത്തിലുണ്ടായിരുന്നപ്പോൾ വലിയ പ്രധാനപ്പെട്ടയാളായി മനസ്സിലാക്കിയിരുന്നു. എന്നാൽ, ഇന്ന് അയാൾക്ക് ഒരുവിലയുമില്ലെന്ന് നമ്മൾ കാണുന്നു.

അതുകൊണ്ട് അല്ലാഹു നിശ്ചയിച്ചയാൾ പറയുന്നതനുസരിച്ച് പ്രവർത്തിക്കുക എന്നത് സത്യവിശ്വാസികൾക്ക് നിർബന്ധമായ കാര്യമാണ്. അത് മനസ്സിലാക്കേണ്ടതാണ്. സ്വയം ന്യായീകരിക്കുന്നതിനു പകരം തികച്ചും അതനുസരിച്ച് പ്രവർത്തിച്ചാൽ ഈമാൻ നഷ്ടപ്പെടുകയില്ല.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)മറ്റൊരു സംഭവം വിവരിക്കുന്നു: 'മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് വലിയ എടുത്തുചാട്ടക്കാരനായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ബസറാവാനിലേക്ക് നടക്കാൻ പോകുകയായിരുന്നു. അപ്പോൾ സവാരിക്കിടെ അവിടന്ന് പറഞ്ഞു,'അല്ലാഹുവിന്റെ വചനവും മനുഷ്യരുടെ വചനവും തമ്മിൽ വലിയ വ്യത്യാസമുണ്ട്.' അവിടന്ന് തനിക്കുണ്ടായ ഒരു ഇൽഹാം കേൾപിച്ചു. എന്നിട്ട് പറഞ്ഞു, 'നോക്കുക! ഇതും ഒരു ഇൽഹാമാണ്. ഇതിനെതിരിൽ ഹരീരിയുടെ ഈ വചനവുമുണ്ട്.' മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് കാര്യത്തിന്റെ അവസാന ഭാഗം ശ്രദ്ധിച്ച് കേട്ടില്ല. ഇൽഹാമിനെ സംബന്ധിച്ച് വിചാരിച്ചു ഇത് ഹരീരിയുടെ വചനമാണെന്ന്. പറഞ്ഞു, 'തികച്ചും വ്യർഥമാണ്.' പക്ഷേ, അത് അല്ലാഹുവിന്റെ ഇൽഹാമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞപ്പോൾ മൗലവി സാഹിബ് പെട്ടെന്ന് പറഞ്ഞു,'സുബ്ഹാനല്ലാഹ്! എത്ര നല്ല വചനമാണ്.' അതുകൊണ്ട് ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് തിടുക്കത്തിൽ തീരുമാനമെടുക്കരുത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുഹൃത്തായിരുന്നു. ആ മഹാത്മാവിന്റെ വാദത്തിനുശേഷം അദ്ദേഹം പറഞ്ഞു, 'ഞാനാണ് അയാളെ ഉയർത്തിയത്. ഇനി ഞാൻ തന്നെ അയാളെ വീഴ്ത്തുന്നതാണ്.' എന്നാൽ, അല്ലാഹു അയാളുടെ നാമം മായിച്ചുകളയുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാമം ലോകത്ത് വ്യാപിപ്പിക്കുകയും ചെയ്തു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് മുഹമ്മദു ഹുസയ്ന്റെ ഒരു മകൻ ആര്യ സമാജത്തിൽ ചേർന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഞാൻ അയാളെ ഖാദിയാനിൽ വിളിപ്പിച്ചു. അയാളെ വീണ്ടും മുസൽമാനാക്കി. മുഹമ്മദു ഹുസയ്ൻ സാഹിബ് നന്ദി പ്രകടിപ്പിച്ചുകൊണ്ട് എനിക്ക് കത്തെഴുതി.'

ആന്തരികവും ബാഹ്യവുമായ എതിർപിനെ ഓർത്തുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്

(അ)ന്റെ കാലംമുതലേ എതിർപ്പു നടന്നുവരുന്നു. പക്ഷേ, ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നല്ല ഇന്നും വിവിധ തന്ത്രങ്ങളുടേയും എതിർപുകളുടേയും പരമ്പര നടന്നു വരുന്നതായി നമ്മൾ കാണുന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു: 'ജമാഅത്ത് മുള്ളുകളിലൂടെ കടന്ന് അതിന്റെ സ്ഥാനത്തെത്തിയിരിക്കുകയാണ്. ഇക്കാര്യം വിളിച്ചോതുന്നത് അല്ലാഹുവിന്റെ അനുഗ്രഹം എപ്പോഴും ജമാഅത്തിനോടൊപ്പം ഉണ്ടായിരുന്നുവെന്നാണ്. പക്ഷേ, ഈ അനുഗ്രഹത്തെ അനശ്വരമാക്കുന്നതിന് ജമാഅത്ത് എപ്പോഴും ദുആയിൽ മുഴുകിയിരിക്കേണ്ടതാണ്. നമ്മൾ ദുആകളോടുള്ള കടമ നിറവേറ്റിക്കൊണ്ടിരുന്നാൽ ഇൻശാ അല്ലാഹ് ഇപ്പോഴുള്ളതും ഇനി വരാനുള്ളതുമായ എല്ലാ എതിർപുകളും സ്വയം മരിച്ചൊടുങ്ങുന്നതായിരിക്കും.'

ഒരവസരത്തിൽ ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടിയുടെ അതുല്യമായ ത്യാഗത്തെ സ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: 'ഹദ്റത്ത് ഖലീഫ അവ്വൽ(റ)ന് അല്ലാഹു ഒരു വലിയ ഉദ്യോഗം നല്കിയിരുന്നു. അത് അവസാനിച്ചപ്പോൾ അദ്ദേഹം തന്റെ നാട്ടിൽ പ്രാക്ടീസു ചെയ്യാൻ തുടങ്ങി. അവിടെ അദ്ദേഹം വളരെ പ്രശസ്തനായി. സർഗോദ ജില്ലയിലെ ഭേരയായിരുന്നു അദ്ദേഹത്തിന്റെ നാട്. അവിടെ വലിയ വലിയ കർഷകർ ഉണ്ടായിരുന്നു. അവരിൽ അധികം പേരും അദ്ദേഹത്തിന്റെ ശിഷ്യരായിരുന്നു. അവിടെ നല്ലനിലയിൽ ജോലി നടക്കാൻ സാധ്യതയുണ്ടായിരുന്നു. പക്ഷേ, അവിടന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാൻ ഖാദിയാനിൽ വന്നു. കുറച്ചുദിവസത്തിനുശേഷം തിരിച്ചുപോകാൻ തീരുമാനിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ദുൻയാവിന്റേത് താങ്കൾ ഒരുപാടു കണ്ടു കഴിഞ്ഞിരിക്കുന്നു. ഇനി ഇവിടെ വന്നിരിക്കുക.' ആ മഹാത്മാവ് ഈ നിർദേശമനുസരിച്ച് പ്രവർത്തിച്ചു. എങ്ങനെ അനുസരിച്ചുവെന്നാൽ സ്വയം സാധനങ്ങൾ എടുക്കാൻപോലും പോയില്ല. വേറെയാളെ അയച്ചാണ് സാധനങ്ങൾ വരുത്തിച്ചത്. അക്കാലത്ത് ഇവിടെ പ്രാക്ടീസ് നടക്കുമെന്ന ഒരു പ്രതീക്ഷയുമുണ്ടായിരുന്നില്ല. എന്നല്ല ഒരു പൈസകൊടുക്കാൻ കഴിവുള്ള ആളുമുണ്ടായിരുന്നില്ല. എന്നാൽ, അവിടന്ന് ഒന്നും വകവെച്ചില്ല. എന്നിട്ടും അദ്ദേഹത്തിന്റെ പ്രശസ്തി എങ്ങനെയുള്ളതായിരുന്നുവെന്ന് വച്ചാൽ വെളിയിൽനിന്ന് രോഗികൾ അദ്ദേഹത്തിന്റെ അടുത്ത് വരുമായിരുന്നു. ഇങ്ങനെ ഏതെങ്കിലുമൊക്കെ വരുമാന മാർഗം ഉണ്ടാകാറുണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബിന്റെ ത്യാഗം മറ്റൊരു വർണത്തിലുള്ളതായിരുന്നു. അദ്ദേഹത്തിന് വരുമാനമൊന്നും ഉണ്ടായിരുന്നില്ല. എവിടെന്നെങ്കിലും ഫീസുകിട്ടുമെന്ന പ്രതീക്ഷയും ഇല്ലായിരുന്നു. ശമ്പളവും ഉണ്ടായിരുന്നില്ല. സ്റ്റൈപന്റും ഇല്ലായിരുന്നു. എങ്ങുനിന്നും ഒരുതരത്തിലുള്ള വരുമാന മാർഗവും ഉണ്ടായിരുന്നില്ല. ഇതും ജീവിക്കാൻ പറ്റാത്ത താഴ്‌വരയിൽ ജീവൻ ബലിയർപിക്കുന്നതു പോലുള്ള കാര്യമായിരുന്നു. അതുകൊണ്ട് ഇതാണ് നമ്മുടെ മഹാത്മാക്കളുടെ മാതൃകകൾ. നമ്മുടെ വാഖ്ഫീനെ സിന്ദഗിമാരും ഇവ സന്ദർഭോചിതം മുമ്പിൽവെച്ച് അവയിൽ ചിന്തിക്കേണ്ടതാണ്.

ഹദ്റത്ത് അബ്ദുൽകരീം സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുണ്ടായിരുന്ന അനുരക്തിയെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഹദ്റത്ത് അബ്ദുൽകരീം സാഹിബിന് പ്രത്യേകമായ സ്നേഹമാണുണ്ടായിരുന്നത്. അക്കാലം പ്രാപിച്ചവർക്കെ ആ സ്നേഹം മനസ്സിലാകുകയുള്ളു. മറ്റുള്ളവർക്ക് അത് സങ്കല്പിക്കാനെ സാധ്യമല്ല. എനിക്കു 16, 17 വയസ്സുള്ളപ്പോഴാണ് അദ്ദേഹത്തിന്റെ വേർപാടുണ്ടായത്. ഏതൊരു കാലത്താണോ ഞാൻ അദ്ദേഹത്തിന്റെ സ്നേഹത്തെ തിരിച്ചറിഞ്ഞത് അന്നെനിക്ക് 12, 13 വയസ്സായിരിക്കും. അതായത് കുട്ടിക്കാലമായിരുന്നു. ഇങ്ങനെയായിരുന്നിട്ടും അദ്ദേഹത്തിന്റെ അഗാധമായ സ്വാധീനം എന്നിലുണ്ടായിട്ടുണ്ട്. മൗലവി സാഹിബിന്റെ രണ്ടു കാര്യങ്ങൾ ഒരിക്കലും എനിക്കു മറക്കാൻ കഴിയില്ല. ഒന്ന് അദ്ദേഹത്തിന്റെ ജലപാനരീതി. മറ്റൊന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അദ്ദേഹത്തിന്റെ സ്നേഹം. തണുത്തവെള്ളം അദ്ദേഹം ഒരുപാട് ഇഷ്ടപ്പെട്ടിരുന്നു. വളരെ താൽപര്യത്തോടെ അതു പാനം ചെയ്തിരുന്നു. കുടിക്കുന്ന സമയത്ത് 'ഗട്ട് ഗട്ട്' എന്ന ശബ്ദം കേൾക്കാമായിരുന്നു; അല്ലാഹു അദ്ദേഹത്തിനുവവേണ്ടി സ്വർഗത്തിലെ നിഅ്മത്തുകളെ ഒന്നിച്ചുകൂട്ടി അയച്ചിട്ടുള്ളതുപോലെ! കുറച്ചു കവിളുകൾ കുടിച്ചതിനു ശേഷം അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ് എന്ന് പറയുമായിരുന്നു.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'അക്കാലഘട്ടത്തിൽ ഈ മസ്ജിദ് അഖ്സ്വായിലെ കിണറിലെ വെള്ളം വളരെ പ്രസിദ്ധമായിരുന്നു. ഇപ്പോൾ എന്തുകൊണ്ടാണ് ആളുകൾ അതിന്റെ പേരെടുക്കാത്തത് എന്നറിയില്ല. അദ്ദേഹത്തിന്റെ രീതി എങ്ങനെയുള്ളതായിരുന്നുവെന്നാൽ 'സഹോദരാ എന്തെങ്കിലും പുണ്യം ചെയ്യുക, വെള്ളം കൊണ്ടു വരിക പ്രതിഫലം സമ്പാദിക്കുക' എന്നു പറയുന്നതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)മജ്‌ലിസിൽ ഉണ്ടെങ്കിൽ വേറെ കാര്യം! ഇല്ലെങ്കിൽ അദ്ദേഹം ഏണിപ്പടിയിൽ വന്ന് പ്രതീക്ഷിച്ചുനില്ക്കും. വെള്ളം കൊണ്ടുവരുന്നവരിൽനിന്ന് കുടം വാങ്ങി വായിൽവച്ചുകുടിക്കും. രണ്ടാമത്തെ കാര്യം അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹവാസത്തിലിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശരീരത്തിൽനിന്ന് എന്തോ വാങ്ങിത്തിന്നുകൊണ്ടിരിക്കുന്നതുപോലെ തോന്നിയിരുന്നു. ആ നേരത്ത് അദ്ദേ

ഹത്തിന്റെ മുഖത്ത് പ്രസന്നതയുടേയും സന്തോഷത്തിന്റേയും ഒരു ഉദ്യാനം ഓളമടിക്കുന്നതുപോലെ ആകുമായിരുന്നു. അദ്ദേഹത്തിന്റെ മുഖകമലത്തിന്റെ ഓരോ തരിയും പുഞ്ചിരിയുടെ അലകൾ അയക്കുന്നതുപോലെ തോന്നിയിരുന്നു. പുഞ്ചിരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്ന കാര്യങ്ങൾ കേൾക്കുന്നതും വശം മാറിയിരുന്ന് പ്രശംസിക്കുന്നതും കാണേണ്ട കാഴ്ചതന്നെയായിരുന്നു. അതിന്റെ അല്പമെങ്കിലും വർണം ഞാൻ ആരിലെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ അത് പരേതനായ ഹാഫിള് രോഷൻ അലി സാഹിബിലായിരുന്നു. ചുരുക്കത്തിൽ ഹദ്റത്ത് അബ്ദുൽ കരീം സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പ്രത്യേക സ്നേഹമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അദ്ദേഹത്തിനോടും അങ്ങനെതന്നെയുള്ള സ്നേഹമായിരുന്നു. മഗ്രിബ്നുശേഷം എപ്പോഴും ഇരുന്നു സംസാരിക്കുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രീതിയായിരുന്നു. പക്ഷേ, മൗലവി സാഹിബിന്റെ മരണത്തോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)അത് നിറുത്തിക്കളഞ്ഞു. ഹുദൂർ ഇപ്പോൾ ഇരിക്കാത്തതെന്ത്? എന്ന് ആരോ ചോദിച്ചപ്പോൾ പറഞ്ഞു: 'മൗലവി അബ്ദുൽകരീം സാഹിബ് ഇരിക്കുന്ന സ്ഥലം ഒഴിഞ്ഞുകിടക്കുന്നതു കാണുമ്പോൾ വിഷമമുണ്ടാകുന്നു.' വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കാൾ കൂടുതൽ അല്ലാഹുവിനെ ഹയ്യും വീണ്ടും ജീവൻ നല്കുന്നവനുമായി വിശ്വസിക്കുന്നതാരാണുള്ളത്? അതുകൊണ്ട് ഇതു ഒരു പക്ഷത്തേക്ക് മാത്രമുള്ള സ്നേഹമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ സ്വഹാബാക്കളോട് ഒരുപാട് സ്നേഹമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മറ്റൊരു സ്വഹാബിയായ ഹദ്റത്ത് മുൻശീ അറോഡെഖാൻ സാഹിബിന്റെ സ്നേഹത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)പറയുന്നു: 'ഹദ്റത്ത് മുൻശീ അറോഡെഖാൻ സാഹിബിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അതിരറ്റ സ്നേഹമായിരുന്നു. അദ്ദേഹം കപൂർത്തലയിൽ ആയിരുന്നു വസിച്ചിരുന്നത്. കപൂർത്തല ജമാഅത്തിന്റെ ആത്മാർഥതയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ സ്തുതിച്ചു പറയാറുണ്ടായിരുന്നു. അദ്ദേഹം അവർക്ക് അത് എഴുതിനല്കുകയും ചെയ്തിരുന്നു. അത് ജമാഅത്ത് സൂക്ഷിച്ചുവെച്ചിട്ടുമുണ്ട്. അതായത് ഈ ജമാഅത്ത് എങ്ങനെയുള്ള ആത്മാർഥതയാണു കാണിച്ചതെന്നാൽ ഇവർ സ്വർഗത്തിൽ തന്നോടൊപ്പമായിരിക്കും എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു. ഹുദൂർ എപ്പോഴെങ്കിലും കപൂർത്തലയിൽ വരിക എന്ന് അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അപേക്ഷിച്ചുകൊണ്ടിരുന്നു. അവസരം കിട്ടുമ്പോൾ വരാമെന്ന് ഹദ്റത്ത് മസീഹ് മൗഊദും (അ) പറഞ്ഞിരുന്നു. ഒരിക്കൽ അവസരം കിട്ടിയപ്പോൾ വരുന്ന വിവരം അറിയിക്കാൻ സമയം കിട്ടിയില്ല. അറിയിപ്പൊന്നും നല്കാതെ അവിടന്ന് പുറപ്പെട്ടു. കപൂർത്തല സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ ഒരു കഠിന ശത്രു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടു. അയാൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയാമായിരുന്നു. അയാൾ ശത്രുവായിരുന്നെങ്കിലും വലിയ ആളുകൾക്ക് ഒരു സ്വാധീനമുണ്ടാകുമല്ലോ. ഹദ്റത്ത് മുൻശീ അറോഡെഖാൻ സാഹിബ് കേൾപിക്കുന്നു: ഞങ്ങൾ ഒരു കടയിലിരുന്ന് സംസാരിക്കുകയായിരുന്നു. അയാൾ ഓടിയോടി വന്നു. നിങ്ങളുടെ മിർസാ സാഹിബ് വന്നിരിക്കുന്നുവെന്ന് പറഞ്ഞു. ഇതുകേട്ട് ഞാൻ ചെരുപ്പുംപഗിടിയുമില്ലാതെ സ്റ്റേഷനിലേക്കോടി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ വരാൻ, നമുക്കെന്തു ഭാഗ്യമാണുള്ളതെന്ന് വിചാരിച്ചത് കുറച്ചു ദൂരത്തെത്തിയപ്പോഴാണ്. ഈ വിവരം അറിയിച്ചത് എതിരാളിയാണ്. അയാൾ പറ്റിച്ചതാകാം. കളിയാക്കിയതാകാം. അപ്പോൾ ഞാൻ അവിടെനിന്നിട്ട് അയാളെ വഴക്കുപറയാൻ തുടങ്ങി. മുൻശീ സാഹിബ് പറയുന്നു, ഞാൻ അയാളെ നീ കളവാണ് പറയുന്നതെന്ന് പറഞ്ഞ് വഴക്കുപറഞ്ഞു. പിന്നീടു അഥവാ വന്നിട്ടുണ്ടെങ്കിലോ എന്ന് വിചാരിച്ചു. അതുകൊണ്ട് വീണ്ടും ഓടി. പിന്നീട് നമുക്കെവിടെ ഈ ഭാഗ്യമുണ്ടാകാനാണെന്ന് വിചാരിച്ചു. പിന്നീട് അയാളെ ശകാരിക്കാൻ തുടങ്ങി. അയാൾ പറഞ്ഞു, എന്നെ വഴക്കു പറയണ്ട, ഞാനും താങ്കളോടൊപ്പം വരാം. അങ്ങനെ വീണ്ടും നടക്കാൻ തുടങ്ങി. ചുരുക്കത്തിൽ നിന്നും നടന്നും അതേ അവസ്ഥയിൽ പോകുമ്പോൾ മുമ്പിലെന്താണ് കാണുന്നത്? ഹദ്റത്ത് മസീഹ് മൗഊദ്(അ) നടന്നു വരുന്നു. ഇത് ഭ്രാന്തുപിടിപ്പിക്കുന്ന സ്നേഹമാണ്! ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായി കുറച്ചു കാലത്തിനുശേഷം മുൻശീ അറോഡെഖാൻ സാഹിബ് ഖാദിയാനിൽ വന്നിരുന്നു. താൻ കാണാൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞ് ഒരിക്കൽ സന്ദേശം അയച്ചു. ഞാൻ അദ്ദേഹത്തെ കാണാൻവേണ്ടി വെളിയിൽ വന്നപ്പോൾ എന്താണ് കാണുന്നത്! അദ്ദേഹത്തിന്റെ കൈയിൽ രണ്ടോ മൂന്നോ അശ്റഫി ഉണ്ടായിരുന്നു. ഇത് അമ്മാജാന് കൊടുക്കുക എന്നു പറഞ്ഞ് അദ്ദേഹം അത് എനിക്കുതന്നു. അദ്ദേഹം എന്താണ് പറഞ്ഞിരുന്നതെന്ന് എനിക്ക് ഓർമയില്ല. അമ്മാ ജാനെന്നോ അമ്മാജി എന്നോ മറ്റോ ആണ് പറഞ്ഞിരുന്നത്. എന്തായാലും മാ എന്ന പൊരുൾ തീർച്ചയായും അതിലടങ്ങിയിരുന്നു. അതിനുശേഷം അദ്ദേഹം കരയാൻ തുടങ്ങി. നിലവിളിച്ചും ഏങ്ങലടിച്ചും കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ ശരീരം മുഴുവൻ വിറയ്ക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഓർമയാണ് അദ്ദേഹത്തെ കരയിക്കുന്നതെന്ന് ഞാൻ വിചാരിച്ചിരുന്നു. എന്നാൽ, അദ്ദേഹം അനിയന്ത്രിതമായി കരയുകയായിരുന്നു. അപ്പോൾ അതിൽ വേറെ എന്തോ കാര്യമുണ്ടെന്ന് മനസ്സിലായി. ചുരുക്കത്തിൽ, 15, 20 മിനിറ്റുവരെ എന്നല്ല

അരമണിക്കൂർവരെ കരഞ്ഞുകൊണ്ടേയിരുന്നു. എന്താണ് കാര്യമെന്ന് ഞാൻ ചോദിച്ചുകൊണ്ടിരുന്നു. അദ്ദേഹം മറുപടി പറയാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, ഏങ്ങലടികൊണ്ട് സംസാരിക്കാൻ കഴിഞ്ഞില്ല. അവസാനം നിയന്ത്രണവിധേയനായപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ ബയ്അത്ത് ചെയ്തപ്പോൾ എനിക്കു ശമ്പളം ഏഴു രൂപയായിരുന്നു. എന്റെ ചെലവു ചുരുക്കി അതിൽനിന്ന് കുറച്ച് മിച്ചം വെക്കുമായിരുന്നു; ഖാദിയാനിൽ വന്ന് ഹുദൂറിന് നേരിട്ട് കൊടുക്കാൻ! കൂടുതലും ഞാൻ നടക്കുകയാണ് പതിവ്; ഏറ്റവും കുറഞ്ഞ ചെലവിൽ ഖാദിയാനിലെത്താൻ! പിന്നീട് ജോലിക്കയറ്റം കിട്ടി. അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദിനു കൊടുക്കാനുള്ള താൽപര്യവും വർധിച്ചു. അവസാനം ഞാൻ വിചാരിച്ചു ഹുദൂറിന്റെ സന്നിധിയിൽ സ്വർണം കാണിക്കവെക്കണമെന്ന്! പക്ഷേ, കുറച്ചു കൂട്ടിക്കൂട്ടി വെക്കുമ്പോൾ മനസ്സിന് പരിഭ്രമമുണ്ടാകാൻ തുടങ്ങും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടിട്ട് ഇത്ര കാലമായി. അതുകൊണ്ട് സ്വർണം കരസ്ഥമാക്കാനുള്ള പണം ഉണ്ടാകുന്നതിനു മുമ്പേ ഖാദിയാനിൽപോയിവരാം എന്നു വിചാരിക്കും. ഉള്ളതു ഹുദൂറിന് കൊടുക്കുകയും ചെയ്യാം. അവസാനം ഈ മൂന്നു പൗണ്ട് സ്വരുക്കൂട്ടി. സ്വയം വന്ന് കൊടുക്കാമെന്ന് വിചാരിച്ചതാണ്. അപ്പോഴാണ് അവിടന്ന് വഫാത്തായത്. അതായത് അദ്ദേഹത്തിന്റെ 30 വർഷം അങ്ങനെ കടന്നുപോയി. അദ്ദേഹം അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു. പക്ഷേ, അതിനുള്ള തൗഫീഖ് കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)വഫാത്തായിക്കഴിഞ്ഞിരുന്നു. ഇതായിരുന്നു അക്കൂട്ടരുടെ ആത്മാർഥതയും കൂറും ത്യാഗവും.

വിവർത്തനം:
-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

കവിത

# അപേക്ഷ

കെ. ടി രാധാകൃഷ്ണൻ, കൂടാളി

ഈ ദുനിയാവിലെ പാപങ്ങൾ കരിച്ചീടുക
പ്രപഞ്ച നാഥനാം അല്ലാഹുവേ
അതിൽ നിൻ കാരുണ്യ വർഷങ്ങൾ തൂകി-
നന്മകളാലീ ഭൂമി പച്ച ചൂടിക്കുക.
നിന്നനുഗ്രഹ നറുനിലാവിനാൽ-
ഈ ചരാചരങ്ങളിൽ സുകൃതം നിറഞ്ഞീടട്ടെ!
ഇന്നിവിടെ കാരുണ്യമില്ല; ധാർമിക ജീവിതമില്ല-
പണാർഥിയും ഭോഗാർഥിയും മാത്രം.
മാനവന്ന് നാഥാ ! നേർ വഴി കാട്ടീടുക
ഈ മണ്ണിൽ പുണ്യത്തിൻ പരിശുദ്ധാ-
രാമമൊന്ന് അല്ലാഹുവേ, നീ തീർത്തീടുക
ഈ ഭൂലോകത്തിലെ പാപങ്ങളെല്ലാം
ഹനിച്ചീടുക

# സയണിസവും മൂന്നാം ലോകവും

സയണിസം മൂന്നാം ലോകത്തിലെ ദരിദ്ര രാജ്യങ്ങളുമായി ചങ്ങാത്തം കൂടി അവിടങ്ങളിൽ അരാജകതവും കുഴപ്പങ്ങളും ഭരണകൂട ഭീകരതയും സൃഷ്ടിക്കുന്നു. അവരുടെ താൽപര്യം സംരക്ഷിക്കാനും ആയുധ വിൽപനക്കും സർവോപരി അവർ ഫലസ്തീനികളോട് ചെയ്യുന്ന അക്രമവും അനീതിയും ന്യായീകരിക്കപ്പെടാനുമാണ് അവർ അപ്രകാരം ചെയ്യുന്നത്. ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും *( Islam's response to contemporary issues)* എന്ന പുസ്തകത്തിൽ നിന്നുള്ളതാണ് ഈ ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

നാം ഇപ്പോൾ പ്രവേശിച്ചിരിക്കുന്നത് ആഗോളീയമായ ഒരു വംശീയ വാദത്തിന്റെ കാലഘട്ടത്തിലാണ്. ഏറ്റവും ഹീനമായ ഈ വംശീയത സയണിസ്റ്റുകളുടെ രാഷ്ട്രീയ നേതൃത്വം സഹായം നൽകി കൂടുതൽ തീക്ഷ്ണമാക്കുമെന്ന് ഞാൻ അഗാധമായി ഭയപ്പെടുന്നു The Israel connection : Whom Israel arms and why ? ( published 188 london ) എന്ന പുസ്തകത്തിന്റെ കർത്താവും ഹൈഫ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനുമായ ബെഞ്ചമിൻ ബെയ്ത്ത് ഹല്ലാമി (Benjamin beit Hallami) യുടെ അഭിപ്രായം നാം ഗൗരവ പൂർവം എടുക്കുകയാണെങ്കിൽ അദ്ദേഹം നൽകുന്ന തെളിവുകളും സയണിസത്തിന്റെ തെളിവാർന്നതും വ്യക്തമായി നിർവചിക്കപ്പെട്ടതുമായ രാഷ്ട്രീയതത്ത്വ ശാസ്ത്രം ആധികാരികമാണെന്ന് കണക്കാക്കുകയാണെങ്കിൽ അത് ലോക സമാധനത്തിന് തീർച്ചയായും ഭയാനകമായ വിപത് സൂചനയാണ് നൽകുന്നത്. ആഗോള രംഗത്ത് ഇസ്റയേൽ നിർവഹിക്കുന്ന പങ്കും നിർവഹിക്കപ്പെടേണ്ടപങ്കിനെ സംബന്ധിച്ചും നൽകുന്ന ചിത്രം താഴെ പറയുന്നവയാണ്.

'1957 ൽ ഇസ്റായേൽ രാഷ്ട്ര സ്ഥാപകനായ ഡേവിഡ് ബെൻ ഗൂരിയൻ ഇപ്രകാരം പറഞ്ഞു:

നമ്മുടെ നിലനിൽപ്പിന്റെയും സുരക്ഷയുടെയും വീക്ഷണ കോണിൽ നോക്കുകയാണെങ്കിൽ, ഏഷ്യയിലെ എല്ലാ ജനങ്ങളെക്കാളും വിലപ്പെട്ടതാണ് യുറോപ്പിലെ ഒരു രാജ്യവുമായുള്ള സൗഹൃദം. (*Medzini 1976. p.75)*

*'......അറബികൾക്കെതിരായ ഇസ്റയേലിന്റെ മേധാവിത്വം വീണ്ടെടുക്കാനുള്ള ഇസ്റയേലിന്റെ ഉത്കണ്ഠയും അമേരിക്കയുടെ സാമ്രാജ്യത്വ തകർച്ച തടയുക എന്ന ലക്ഷ്യവും കൂടി ചേർന്ന് വന്നിരിക്കുന്നു. (പേജ് 205) 'ആധുനിക കാലത്തെ വിജയോത്സവ ലഹരി തലക്ക് പിടിച്ച് പരുക്കനായ വലത് പക്ഷക്കാരൻ ഇസ്റയേലിനെ സ്നേഹിക്കുന്നത് മൂന്നാം ലോകത്തിലെ കറുത്ത നിറമുള്ള തദ്ദേശികളായ വിപ്ലവകാരികളെ കൊന്നൊടുക്കിയ ഉസി ( UZI pistol*) ഉള്ളത് കൊണ്ടാണ്. അതുകൊണ്ടാണ് അർജന്റീനയുടെയും പരാഗ്വയുടെയും കേണൽമാർ ആഫ്രിക്കൻ ബ്രിഗേഡിയന്മാർ എന്നിവർ ഇസ്റായേലിനെ സ്നേഹിക്കാൻ വരുന്നത്' (പേ 218)*

*'970 മുതൽ യുണൈറ്റഡ് സ്റ്റേറ്റിന്റെ വളർന്ന് വരുന്ന മൂന്നാം ലോകം നശിക്കട്ടെ എന്ന മുദ്രാവാക്യം ഇസ്റയേലുമായി കൂട്ടികെട്ടിയതായിരുന്നു. അതിന്റെ സൂത്രധാരനായിരുന്ന ഡാനിയൽ പാട്രിക്ക് മൊഹ്നിയാൻ, ജീൻ കിർക്ക്, പാട്രിക്ക് എന്നിവർ ഇസറായേലിനെ ഒരു പങ്കാളിയായും പ്രചോദകനുമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.' (പേ. 222)*

*രണ്ടാം ലോക മഹായുദ്ധത്തിന് മുമ്പുള്ള വലത് പക്ഷ സയണിസ്റ്റ് നേതാവ് വ്ളാദ്മീർ ജബോട്ടൻസികി സയണിസവും സാമ്രാജ്യത്വവും തമ്മിലുള്ള ബാന്ധവത്തെ പറ്റി തുറന്നടിക്കുകയുണ്ടായി.*

*.......മുഴുവൻ മദ്ധ്യപൗരസ്ത്യ ദേശത്തെയും യൂറോപ്പിന്റെ കരവല*

*യത്തിലൊതുക്കുക എന്നത് സയണിസത്തിന്റെ അചഞ്ചലമായ പ്രതിജ്ഞയാണ്.,....കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ യുദ്ധങ്ങളിലും ഞങ്ങൾ പടിഞ്ഞാറിന്റെ ഭാഗത്തായിരിക്കും. കാരണം മംഗോളുകൾ നശിപ്പിച്ച ബാഗ്ദാദിന് ശേഷം ആയിരം വർഷത്തേക്ക് കിഴക്കിന്റെ മേൽ സാംസ്കാരിക മേധാവിത്വം പടിഞ്ഞാറിനായിരിക്കും. ഇപ്പോൾ ഞങ്ങളാണ് ഏറ്റവും വിശ്വസ്തരായ സാംസ്കാരിക വാഹകർ...... ഞങ്ങൾ ഒരിക്കലും തന്നെ ഞങ്ങളെ എതിർക്കുന്ന അറബ് പ്രസ്ഥാനത്തെ പിന്തുണക്കില്ല. ഈ പ്രസ്ഥാനത്തിന്റെ ഓരോ വീഴ്ച്ചയിലും ഞങ്ങൾ ഹൃദയാത് മനാ സന്തോഷിക്കുന്നവരായിരിക്കും.' (ബ്രെന്നർ 1984, പേ. 75 -77) പേ.227)*

*'മൂന്നാം ലോകത്തിന്റെ വിമോചനമെന്ന ആശയം സയണിസത്തിന്റെ കാതലായ ആശയത്തിന് ഭീഷണിയാണ്. മനുഷ്യാവകാശങ്ങളെ പറ്റിയുള്ള സങ്കൽപ്പവും ഇസ്റയേലിന്റെ രാഷ്ട്രീയ വ്യവസ്ഥയെ അങ്ങേയറ്റം അപകടപ്പെടുത്തുന്നതാണ്. ഫലസ്തീനികളോട് ചെയ്തത് അനീതി വളരെ വ്യക്തവും നടുക്കമുണ്ടാക്കുന്നതുമാണ്. അതിനാൽ അത് തുറന്ന നിലയിൽ ചർച്ച ചെയ്തുകൂടാ. മൂന്നാം ലോക രാജ്യങ്ങളിൽ ഇസ്റയേൽ നടത്തുന്ന ചർച്ചകൾ ഫലസ്തീനികളുടെ അവകാശത്തെക്കുറിച്ചുള്ള ചർച്ചയിലേക്ക് നയിക്കുന്നതാണ്.....*

*മനുഷ്യാവകാശങ്ങളെക്കുറിച്ചും സാർവത്രിക നീതിയെക്കുറിച്ചുമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇസ്റയേലിന്റെ നിലപാട് കപടമാണെന്ന് ലോകം പൊടുന്നനെ അപലപിക്കും. അത് വെളുത്ത സൗത്താഫ്രിക്കക്ക് തുല്യമാണെന്ന് പറയും. (പേ236-237) ഫിലിപ്പൈൻസിലെ മനിലയിൽ നിന്നും ഹൊണ്ടുറാസിലെ തെഗുഷിഗപയിലേക്കും നമീബിയയിലെ വിൻഡോക്കിലേക്കും ഇസ്റയേലി ദൂതന്മാർ തുടർച്ചയായ ഒരു യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണ്. യഥാർഥത്തിലുള്ള ഒരു ലോക യുദ്ധം. അത് ഏത് ശത്രുവിനോടാണ് ഇസ്റ യേൽ യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നത്.. അത് മൂന്നാം ലോക രാജ്യങ്ങളിലെ ജനതയാണ്. അവരെ ഒരിക്കലും തങ്ങളുടെ വിപ്ലവത്തിൽ ജയിക്കാൻ അനുവദിച്ചു കൂടാ.' (പേ.243)*

*'അറബ് ലോകവും മറ്റു മൂന്നാം ലോക സാമ്രാജ്യങ്ങളും വിഭജിത വും ക്ഷീണിതവുമായും കാണുന്ന താണ് ഇസ്റയേൽ നന്മയായി കരുതുക.'(പേ. 247)*

*'മേധാവിത്വം വിജയകരമായി കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് ലോകത്തെ കാണുന്ന മർദകന്റെ യുക്തി ശാസ്ത്രമാണ് ഇസ്റയേൽ കയറ്റുമതി ചെയ്തു കൊണ്ടിരിക്കുന്നത്. കയറ്റുമതി ചെയ്യുന്നത് വെറും സാങ്കേതിക ശാസ്ത്രമോ ആയുധങ്ങളോ അനുഭവങ്ങളോ വൈദഗ്ദ്യമോ അല്ല. മറിച്ച് മനസ്സിന്റെ ചില ചട്ടകൂടുകൾ കൂടിയാണ്'(പേ. 248)*

സയണിസത്തിന്റെ ഈ യുദ്ധക്കൊതിക്കെതിരെ ഇസ്റയേൽ നേതൃത്വത്തിൽ വിവേകമുള്ളവരുടെ ശബ്ദം നിലനിൽക്കുന്നു എന്നത് പ്രതീക്ഷകൾ നൽകുന്നു. ഇസ്റയേലിലെ മിതവാദികളും യുക്തിബോധമുള്ളവരുമെന്ന് വിലയിരുത്തപ്പെടുന്ന എഴുത്തുകാരിൽ ഒരു പക്ഷേ അർക്കാബി* ഒരു ഉത്തമ ഉദാഹരണമാണ്.

സയണിസ്റ്റ് തീവ്രവാദികളുടെ ക്രൂരതയിലധിഷ്ഠിതമായ സമീപനം അദ്ദേഹം നിരാകരിക്കുക മാത്രമല്ല അന്തിമമായി അത് സയണിസ്റ്റ് താൽപര്യങ്ങൾക്ക് തന്നെ ഹാനികരമാണെന്ന് കരുതിയിരുന്നു. ഹർക്കാബിയുടെ വീക്ഷണം മറ്റു യഹൂദ ബുദ്ധിജീവികളും ചിന്തകന്മാരും പങ്കുവെച്ചിരുന്നില്ല. ഈ പ്രശ്നത്തിൽ ഹർക്കാബി വളരെ പ്രായോഗികവും യാഥാർഥ്യബോധവുമുള്ള നിലപാടായിരുന്നു സ്വീകരിച്ചത്. പ്രത്യേകിച്ച് അദ്ദേഹത്തിന്റെ സമാധാന ഭൂമിയെ പറ്റിയുള്ള നിർദേശങ്ങൾ അറബികൾക്ക് പ്രതീക്ഷയുടെ ഒരു ഇടനാഴിയാണ് നൽകിയത്.

മനുഷ്യരാശിയെ വിഭജിക്കുന്നതിനും പക്ഷപാതം കാട്ടുന്നതിനും ഏതൊരു വിതാനത്തിലുമുള്ള ശ്രമത്തിനും ഒരു പക്ഷേ ചിലർക്ക് താൽക്കാലിക നേട്ടം ഉണ്ടായിരിക്കാം. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ അത് വിനയായി ഭവിക്കാം എന്ന് ഞാൻ നിശ്ചയമായും വിശ്വസിക്കുന്നു. ഇന്ന് ഈ സമാകാലീന ലോകത്ത് ഇസ്ലാമിന് വളരെ ക്രിയാത്മകമായ പങ്ക് നിർവഹിക്കാനുണ്ട്.

വംശീയതയും ചില ജനവർഗങ്ങളോടുള്ള വിദ്വേഷവും ഇസ്ലാം അതിശക്തമായി അപലപിക്കുന്നു. ഏത് വിധേനയുള്ള അരാജകത്വം സൃഷ്ടിക്കുന്നതിനേയും ഇസ്ലാം വെറുക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് നിരവധി ഖുർആൻ വചനങ്ങളിലൊന്ന് ഇപ്രകാരമാണ്. ഇസ്ലാമിന്റെ വിശുദ്ധ പ്രവാചകന്റെ സഭാവഗുണങ്ങളായി ഇസ്ലാം ഇങ്ങനെയാണ് വിവരിക്കുന്നത്.

അല്ലാഹുവിന്റെ പ്രകാശം കിഴക്കിന്റെയോ പടിഞ്ഞാറിന്റെയോ അല്ല അതായത് രണ്ടു ദിക്കുകൾക്കും ഒരുപോലെ പങ്കുവെക്കാവുന്നതാണ്.

*'അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടേയും പ്രകാശമാണ്. അവന്റെ പ്രകാശത്തിന്റെ സ്ഥിതി ഭിത്തിമാടം പോലെയാണ് അതിൽ ഒരു വിളക്കുണ്ട്. ആ വിളക്ക് സ്ഫടിക ഗോളത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആ സ്ഫടിക ഗോളം മിന്നിത്തിളങ്ങുന്ന ഒരു നക്ഷത്രം പോലെയാണ്. അത് അനുഗൃഹീതമായ ഒരു വൃക്ഷത്തിന്റെ - പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒരു ഒലിവ് വൃക്ഷത്തിന്റെ - എണ്ണകൊണ്ട് കത്തിക്കപ്പെടുന്നു. അതിന്റെ എണ്ണയെ അഗ്നി സ്പർശിച്ചില്ലെങ്കിലും അത് സയം പ്രകാശിക്കുമാറാകും. പ്രകാശത്തിന് മേൽ പ്രകാശം. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തന്റെ പ്രകാശത്തിലേക്ക് നയിക്കുന്നു. ജനങ്ങൾക്ക് വേണ്ടി അല്ലാഹു ഉപമകൾ വിവരിച്ചു കൊണ്ടിരിക്കു കയാണ്. അല്ലാഹു എല്ലാകാര്യങ്ങളെകുറിച്ചും നല്ല വണ്ണം അറിവുള്ളവനാകുന്നു.'(24:36)*




# ആദ്:

## മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻജനത

വിശുദ്ധ ഖുർആനിൽ മാത്രം പ്രതിപാദിച്ചതും ബൈബിളിൽ പരാമർശിക്കാത്തതുമായ പുരാതന ലോകത്തെ അതിശക്തരും അങ്ങേയറ്റം പുരോഗതി പ്രാപിച്ചവരും അഹങ്കാരികളുമായ ഒരു ജനതയായിരുന്നു ആദ്. അല്ലാഹുവിന്റെ ശാപമേറ്റ് മണൽ കൂനകൾക്കടിയിൽ വിസ്മൃതമായ ആ മഹാനാഗരികതയുടെ യാതൊരു തെളിവും ലോകത്ത് അവശേഷിക്കുന്നില്ല. അറബ് പുരാവൃത്തങ്ങളിൽ നിന്നുമെടുത്ത കെട്ടുകഥയാണിതെന്ന് പറഞ്ഞ് ഖുർആൻ വിമർശകർ ആദ് സമൂഹത്തിന്റെ അസ്തിത്വം നിഷേധിക്കുകയാണ്. അജയ്യമായ വിശുദ്ധ ഖുർആന്റെ ദിവ്യാത്ഭുതമെന്നോണം ആദ് ജനതയെ പറ്റിയുള്ള തെളിവുകൾ പുരാവസ്തു ഗവേഷകർ പതുക്കെ അനാവരണം ചെയ്യുകയാണ്. മണൽപരപ്പിൽ മറഞ്ഞു കിടക്കുന്ന ആദിന്റെ വിസ്മയകരമായ ചരിത്രത്തിലേക്ക് എത്തിനോക്കുന്ന ലേഖനത്തിന്റെ ഒന്നാം ഭാഗം.

**എ. എം. മുഹമ്മദ് സലീം**

***'അവരുടെ നിർമിതികൾക്ക് തുല്യമായി അതിന് മുമ്പ് നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല'***എന്ന് അല്ലാഹു ഖുർആനിൽ വിശേഷിപ്പിക്കപ്പെട്ട അറേബ്യൻ ജനതയാണ് ആദ്. അവരുടെ ശക്തി പ്രതാപങ്ങളെ വിശുദ്ധ ഖുർആൻ പ്രാസനിബദ്ധമായ മൂന്ന് കൊച്ചു വചനങ്ങളിൽ സംഗ്രഹിച്ചത് ഇപ്രകാരമാണ്.

***'അലംതറ കൈഫ ഫഅല റബ്ബുക്ക ബി ആദ്:. ഇറമ ദാത്തിൽ ഇമാദ്. അല്ലത്തീ ലം യുഹ്‌ലക്ക് മിഥ്‌ലുഹാ ഫിൽ ബിലാദ് = ആദിനോട് കൂറ്റൻ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ഇറം ഗോത്രത്തോട് നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചുവെന്ന് നീ കണ്ടില്ലേ? അവരുടെ നിർമിതികൾക്ക് തുല്യമായി അതിന് മുമ്പ് നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല'*** (89: 7,8,9)

നാഗരികതയിലും അധികാര ശക്തിയിലും പൗരാണിക ലോകത്ത് അതികായരായിരുന്ന ആദ് സമൂഹത്തിലേക്ക് അല്ലാഹു അയച്ച പ്രവാചകനാണ് ഹൂദ് നബി (അ). അറബികളിൽ വന്ന നാല് പ്രവാചകന്മാരിൽ ഒരാളാണ് ഹൂദ്. സാലിഹ് (അ), ശുഐബ് (അ), മുഹമ്മദ്(സ) എന്നിവരാണ് മറ്റു മൂന്ന് പ്രവാചകന്മാർ. ദൈവകോപത്തിനിരയായ ആദ് ജനത വീശിയടിച്ച മണൽക്കാറ്റിൽ മൂടിപ്പോവുകയാണുണ്ടായത്. ഖുർആൻ പറയുന്നു:***'അങ്ങനെ അവരുടെ വാസസ്ഥലങ്ങളിൽ മറ്റൊന്നും കാണപ്പെടാത്ത സ്ഥിതിയിൽ അവർ ആയിതീർന്നു' (46:6)*** ഭയജനകവും ഇന്നും അപ്രാപ്യവുമായ മണൽകൂനകൾക്കടിയിൽ സഹസ്രസഹാബ്ദങ്ങളുടെ നിതാന്ത വിസ്മൃതിൽ മറഞ്ഞുകിടക്കുന്ന ആദ് ജനതയുടെ മൃതസ്മാരകങ്ങളുടെ ചരിത്രം വിവരിച്ച ഒരേയൊരു ഗ്രന്ഥം വിശുദ്ധ ഖുർആനാണ്. ഭീമാകാരമായ നിർമിതികളുടെ ഉടമസ്ഥരും അതിശക്തരുമായിരുന്ന ആദ് ജനതയുടെ ശക്തിപ്രതാപങ്ങൾ അല്ലാഹുവിന്റെ വചനങ്ങളിൽ തന്നെ അതിഗംഭീരമായ വർണനകളാൽ

വരച്ചുകാട്ടിയിരിക്കുന്നു. പക്ഷേ ആദിന്റെ അസ്തിത്വം ഇന്നും അപ്രകാശിതമാണ്. ആ ജനതയുടെ അസ്തിത്വം തെളിയുക എന്നത് വിശുദ്ധ ഖുർആന്റെ പ്രവചനാത്മ കമായ ഒരു ദിവ്യാത്ഭുതമായിരിക്കും. ഖുർആൻ പറയുന്നു: '***ഇത് പരോക്ഷ വൃത്താന്തങ്ങളിൽ പെട്ടതാണ്. അവ നാം നിനക്ക് വൃത്താന്തമായി നൽകുന്നു. ഇതിന് മുമ്പ് നീയോ നിന്റെ ജനതയോ അത് അറിയുമായിരുന്നില്ല. അതിനാൽ നീ സഹനം കൈകൊള്ളുക. തീർച്ചയായും ശുഭപര്യവസാനം ദൈവഭയമുള്ളവർക്കാണ്. ആദ് ജനതയിലേക്ക് അവരുടെ സഹോദരൻ ഹൂദിനെ നാം പ്രവാചകനായി അയച്ചു. അദ്ദേഹം പറഞ്ഞു: എന്റെ ജനമേ, അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനും ഇല്ലതന്നെ. നിങ്ങൾ കള്ളം കെട്ടിച്ചമക്കുന്നവർ തന്നെയാണ്.' (11:50)***

സെമിറ്റിക്ക് പൊതു പൈതൃകമുള്ള വേദഗ്രന്ഥങ്ങളാണ് ബൈബിളും ഖുർആനും. വിവരണ ശൈലിയിലും സൂക്ഷ്മാംശങ്ങളിലും വസ്തുതാ വിവരണത്തിലും ഈ രണ്ട് വേദഗ്രന്ഥങ്ങൾ തമ്മിലും വലിയ അന്തരമുണ്ടെങ്കിലും ഖുർആൻ വിവരിച്ച മിക്ക ചരിത്രങ്ങളുടേയും ബാഹ്യമായ രൂപരേഖ ബൈബിളിലും കാണാം. പക്ഷേ ആദ്, സമൂദ് എന്നീ ശുദ്ധ അറബ് ജനതകളെ പറ്റിയുള്ള പരാമർശം തന്നെ ബൈബിളിലില്ല. നൂഹ് നബി(അ)ക്ക് തൊട്ട് പിറകെ ഖുർആൻ വളരെ പ്രാധാന്യത്തോടെ വിവരിച്ച രണ്ട് പ്രവാചകന്മാരും അവരുടെ സമൂഹങ്ങളുമാണ് ഹൂദ് നബി (അ) യുടെ ആദ് സമൂഹവും സാലിഹ് നബി(അ) യുടെ സമൂദ് സമൂഹവും. ഇവരെ പറ്റിയാണ് ബൈബിൾ പരാമർശിക്കാത്തത്. വിശുദ്ധ ഖുർആൻ ബൈബിളിന്റെ പകർപ്പാണ് എന്ന് പറയുന്ന പാശ്ചാത്യ വിമർശനത്തിനെതിരെയുള്ള പ്രത്യക്ഷമായ തെളിവാണ് ബൈബിളിൽ കാണാത്ത വിശുദ്ധ ഖുർആന്റെ ഈ ചരിത്ര വിവരണം. ആദിന്റെ ചരിത്രം പുരാതന അറേബ്യൻ നാടോടിക്കഥകളിൽ നിന്ന് ഖുർആൻ എടുത്ത് ചേർത്തതാണെന്ന് അവർ വിമർശനം ഉന്നയിക്കാറുണ്ട്. അതുകൊണ്ട് തന്നെ ആദ് സമുഹത്തിന്റെ ചരിത്രപരത തെളിയിക്കേണ്ട ബാദ്ധ്യത മുസ്‌ലിം ചരിത്രകാരന്മാർക്കുണ്ട്. യൂറോപ്യന്മാരുടെ വിമർശനങ്ങളെ സാധൂകരിക്കുംവിധം ആദിനെ സംബന്ധിച്ച മുസ്‌ലിം സങ്കൽപ്പങ്ങൾ പരിഹാസ്യമാം വിധം അയുക്തികമാണ്. വിശുദ്ധ ഖുർആനെ പോലെയുള്ള ഗഹനമായ അർഥവൈപുല്യമുള്ള ഒരു ഗ്രന്ഥത്തിന്റെ ചരിത്ര പ്രതിപാദനങ്ങൾ ചരിത്ര ബോധമില്ലാത്ത യാഥാസ്ഥിതികരായ മുസ്‌ലിം പണ്ഡിതന്മാർ എല്ലാ ചരിത്ര വിഷയങ്ങളിലുമെന്നപോലെ അക്ഷരങ്ങളെ ഉപജീവിച്ച് വ്യാഖ്യാനിച്ച് വികൃതമാക്കിയിട്ടുണ്ട്. ആദിന്റെ ചരിത്രാവശിഷ്ടങ്ങളെന്ന് അവകാശപ്പെട്ട് കൊണ്ട് മുസ്‌ലിം രാജ്യങ്ങളിൽ നിന്ന് വ്യാജമായി നിർമിച്ച് ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന ഭീമാകാരമായ രൂപങ്ങളും തലയോട്ടികളും ഇതിനുള്ള ഉദാഹരണങ്ങളാണ്.

അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്ക്ഭാഗത്തായി ഭയാനകമാം വിധം പരന്ന് കിടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ മരുഭൂമികളിലൊന്നായ റുബുഉൽ ഖാലി എന്ന അതിവിശാലമായ മരുഭൂമിയാണുള്ളത്. ഈ റുബുഉൽ ഖാലിയുടെ തൊട്ട് കിടക്കുന്ന അറേബ്യയുടെ തെക്ക് ഭാഗത്തുള്ള യമൻ, ഒമാൻ എന്നീ രാജ്യങ്ങളാണ് ആദ് സമൂഹത്തിന്റെ അധിവാസ കേന്ദ്രമായി ചരിത്രകാരന്മാർ കണക്കാക്കുന്നത്. ഒമാനിൽ നടന്ന ഭൂഖനനങ്ങളാണ് ആദ് സമൂഹത്തെ സംബന്ധിച്ചുള്ള ചർച്ച വീണ്ടും സജീവമാക്കിയത്. അല്ലാഹു നശിപ്പിച്ചപട്ടണങ്ങളിൽ ചിലത് ഇപ്പോഴും നിലനിൽക്കുന്നു എന്നും ചിലത് നശിച്ച് നാമാവശേഷമായിട്ടുണ്ടെന്നും പുരാവസ്തു ഗവേഷകരെ ഖുർആൻ ഓർമിപ്പിക്കുന്നുണ്ട്. ഖുർആൻ പറയുന്നു: ***അത് (നശിച്ച, പട്ടണങ്ങളുടെ വൃത്താന്തങ്ങളിൽ പെട്ടതാണ്. നിനക്ക് നാം അത് വിവരിച്ചു തരുന്നു.അവയിൽ ചിലത് (ഇപ്പോഴും) നിലനിൽക്കുന്നുണ്ട്. ചിലത് നശിച്ച് നാമവശേഷമായിരിക്കുന്നു(11:101))***

### ഖുർആനും ചരിത്രവും

സാധാരണ ചരിത്ര പഠനം പോലെ ഭൗതിക പുരോഗതിക്കുള്ള പാഠങ്ങൾ ആരായുകയോ ഭൂതകാല കഥയറിയാനുള്ള മനുഷ്യ സഹജമായ അഭിരുചിയെ ശമിപ്പിക്കുകയോ അല്ല ഖുർആന്റെ ചരിത്ര കഥനത്തിന്റെ ലക്ഷ്യം. മനുഷ്യചരിത്രത്തിന്റെ വിധിനിർണയിക്കുന്ന ചില സനാതന ദൈവിക തത്ത്വങ്ങൾ മനുഷ്യനെ ഉണർത്തി അവന് മാർഗനിർദേശം നൽകുകയും അവനെ ദൈവോന്മുഖനാക്കുകയുമാണ് ഖുർആന്റെ ചരിത്ര വിവരണത്തിന്റെ ഉദ്ദേശ്യം. വിശുദ്ധ ഖുർആൻ പറയുന്നു: '***അവരുടെ ചരിത്ര വിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠങ്ങളുണ്ട്. ഇത് കെട്ടി ചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിന് മുമ്പുള്ള (പ്രവചനങ്ങളുടെ) സാക്ഷാത്ക്കാരവും എല്ലാകാര്യങ്ങളുടെ വിശദീകരണവും സത്യവിശ്വാസികൾക്ക് ഒരു മാർഗദർശനവും കാരുണ്യവുമാണ്.' (12:112)***

മനുഷ്യ സമൂഹങ്ങൾ അബദ്ധ സഞ്ചാരങ്ങൾ നടത്തുമ്പോൾ അതിൽ നിന്ന് രക്ഷിക്കാൻ കാരുണ്യവാനായ അല്ലാഹു തന്റെ പ്രവാചകന്മാരെ അയക്കുകയും അവരെ നിഷേധിച്ചവർ നാശമടയുകയും സ്വീകരിച്ചവർക്ക് ധാർമിക വിജയവും ചരിത്രത്തിൽ തുടർച്ചയും ഉണ്ടാവുന്നു. വിശുദ്ധ ഖുർആന്റെ ചരിത്ര വിവരണം മനുഷ്യന്റെ രാഷ്ട്ര നിർമാണത്തിന്റെ ഭാഗമായി രചിക്കപ്പെട്ടതോ മറ്റ് ഭൗതികമായ ആവശ്യങ്ങൾക്ക് വേണ്ടി നിർമിക്കപ്പെട്ടതോ അല്ല. അത്തരം ചരിത്രത്തിന്റെ ലക്ഷ്യവും ഘടനയും ശൈലിയുമല്ല ഖുർആന്റെ ചരിത്ര വിവരണത്തിനുള്ളത്. അക്കാദമീയ ചരിത്രം ആവശ്യപ്പെടുന്ന പുരാരേഖകളുടെ സൂചനകൾ വിശുദ്ധ ഖുർആന്റെ സൂക്ഷ്മമായ വായനയിൽ നിന്ന് ലഭിക്കുമെന്നാണ് ചരിത്ര കുതുകികളോട് ഖുർആൻ പറയുന്നത്.

സാധാരണ ചരിത്ര വിവരണം പോലെ ഭൂമിശാസ്ത്രവും കാലാനുക്രമവും പ്രത്യക്ഷത്തിൽ ഖുർആൻ വിവരണങ്ങളിൽ ഉണ്ടാവാറില്ല. ഒരു സംഭവം പറഞ്ഞ് മറ്റൊരു കാലത്ത് സംഭവിച്ച മറ്റൊരുകാര്യം തുടർന്നു പറയുന്ന രീതി ഉദാഹരണം. അവ തമ്മിൽ പ്രത്യക്ഷത്തിൽ ബന്ധം കാണില്ലെങ്കിലും അഗാധവും സൂക്ഷ്മവുമായ ഒരു ക്രമം അതിൽ കാണാം. പൂർവ കാല സമൂഹങ്ങളുടെ ചരിത്രം മനുഷ്യന്റെ രീതികൾക്കനുസൃതമായി പഠിക്കാൻ ഭൂമിയിൽ സഞ്ചരിച്ച് അതിനുള്ള വസ്തുനിഷ്ഠമായ തെളിവുകൾ ശേഖരിക്കാൻ ഖുർആൻ മനുഷ്യനെ ആഹ്വാനം ചെയ്യുന്നു: അല്ലാഹു പറയുന്നു: '***ഇവർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ ഇവർക്ക് മുമ്പ് ഉണ്ടായിരുന്നവരുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കി കാണാമായിരുന്നു. അവർ ശക്തിയിലും ഭൂമിയിൽ വിട്ടുപോയ അടയാളങ്ങളിലും ഇവരേക്കാൾ പ്രബലരായിരുന്നു. പക്ഷേ അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. എന്നാൽ അല്ലാഹുവിനെതിരിൽ അവർക്ക് ഒരു രക്ഷകനും ഉണ്ടായി രുന്നില്ല.'(49:22)*** ***ഇങ്ങനെ 14*** ഓളം സ്ഥലങ്ങളിൽ ചരിത്ര പഠനത്തിനായി ഭൂമിയിൽ ചുറ്റിസഞ്ചരിക്കാൻ ഖുർ ആൻ ആഹ്വാനം ചെയ്യുന്നു.

അറബികൾ നാഗരികമായി താഴ്ന്ന ഒരു ജനതയാണെന്ന യൂറോപ്യൻ ധാരണയെ തിരുത്തിക്കുറിക്കുന്നതാണ് ആദിമ അറബ് ജനതയായ ആദ് സമൂഹത്തെക്കുറിച്ചുള്ള ഖുർആന്റെ വിവരണം. നാഗരികമായി അങ്ങേയറ്റം പുരോഗമിച്ചവരും അതിശക്തരും സൈനിക ശക്തിയിലും വാസ്തു നിർമാണ കലയിലും പ്രബലരുമായിരുന്നു ആദ് സമൂഹം. സന്മാർഗ പാത വെടിഞ്ഞ് അഹങ്കാരികളും അക്രമികളുമായി തീർന്ന ഈ ജനത അല്ലാഹുവിന്റെ ഘോരമായ ശിക്ഷക്ക് വിധേയരായി നാമാവശേഷമാവുകയായിരുന്നു. റസൂൽ തിരുമേനി (സ)യുടെ ആവിർഭാവകാലത്ത് അവർ അങ്ങേയറ്റം അധഃപതിച്ച ഒരു ജനതയായി മാറിക്കഴിഞ്ഞിരുന്നു. പുരാതന കാലത്തെ നാഗരിക സമൂഹങ്ങളായിരുന്ന ഈജിപ്തിന്റെയും ഇറാഖിലെ ബാബിലോണിയയുടെയും (ഇറാഖ്) പേർഷ്യയുടെയും (ഇറാൻ) ഏകദേശം മദ്ധ്യേ നിലകൊള്ളുന്ന അറേബ്യ അതിപുരാതന കാലത്ത് തന്നെ ആത്മീയവും ഭൗതികവുമായ സംസ്കാരങ്ങളുടെയും ലോക കേന്ദ്രമായി വർത്തിച്ചുവെന്ന് വിശുദ്ധ ഖുർആൻ സൂചന നൽകുന്നു. ആത്മീയ സംസ്കാരത്തിനും ഭൗതിക നാഗരികതക്കും ഒരുപോലെ പൗരാണിക സ്റോതസ്സായി മക്കാപട്ടണം നിലകൊണ്ടിരുന്നുവെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. മക്കയിലുള്ള കഅ്ബാ ദേവാലയത്തെ സംബന്ധിച്ചും മക്കാപട്ടണത്തെ കുറിച്ചും വിശുദ്ധ ഖുർആൻ പറയുന്ന കാര്യം ശ്രദ്ധേയമാണ്. '*സമസ്ത മനുഷ്യർക്കുമായി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം (അവ്വല ബൈത്ത:) ബക്ക (മക്ക) യിലുള്ളത് തന്നെയാണ്. അത് അനുഗൃഹീതവും സർവ ലോകർക്കുമുള്ള മാർഗദർശക കേന്ദ്രവുമത്രേ' (3:97)* മറ്റൊരു സ്ഥലത്ത് '*പുരാതനമായ മന്ദിരം' (ബൈത്തുൽ അതീഖ് )* (27:30) എന്നും പറയുന്നു. അത് പോലെ മനുഷ്യ നാഗരികതയുടെ പ്രഭവ കേന്ദ്രം എന്ന നിലക്ക് മക്കാപട്ടണത്തെ നഗരങ്ങളുടെ മാതാവ് (***ഉമ്മുൽ ഖുറാ)*** എന്നാണ് ഖുർആന്റെ വിശേഷണം. ആത്മീയവും ഭൗതികവുമായി മക്കക്കും അറേബ്യക്കും ചരിത്രാരംഭം മുതൽക്കുള്ള പൗരാണികമായ പ്രാധാന്യത്തേയും അധീശത്തെയും ഇത് സൂചിപ്പിക്കുന്നു.

### ആദ്: അതിപുരാതനമായ അറേബ്യൻ നാഗരിക സമൂഹം

ആദ് എന്ന് പേരുള്ള ഒരു പൂർവ പിതാവിൽ നിന്നാണ് ആദ് വംശം ആരംഭിച്ചത്. ആദ് എന്ന നാമപദം 23 സ്ഥലങ്ങളിലായി വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കുന്നു. പുരാതനമായ എന്തിനും അറബിയിൽ 'ആദിയ്യ്'എന്ന് പ്രയോഗിക്കാറുണ്ട്. അറബി ചരിത്രകാരന്മാർ ഇസ്‌ലാമിന് മുമ്പുള്ള പുരാതന അറബ് ജനതയെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. ഒന്ന് അറബ് ബായിദ: (നാശമടഞ്ഞ് വിസ്മൃതരായ അറബികൾ). അതിലാണ് ആദ് സമൂഹം ഉൾപ്പെടുന്നത്. ആദിനെ കൂടാതെ സമൂദ്, ജുർഹൂം ഗോത്രം, ത്വസ്മ് ഗോത്രം, ജദീസ് ഗോത്രം, യമാമ ഗോത്രം, അസ്ഹാബുൽ ഐക:, അസ്ഹാബുൽ റസ്സ് മുതലായ ഗോത്ര ജനതകളാണ് നാശമടഞ്ഞ ജനതയായി കണക്കാക്കുന്നത്. രണ്ടാമത്തേത് ആരിബ: അറബികളാണ്. ഇവർ നൂഹ് നബി(അ) യുടെ പുത്രനായ സാമിന്റെ സന്താന പരമ്പരയിൽ പ്പെട്ടവരാണ്. അറബികളിലെ പ്രശസ്തമായ ഖത്വാൻ ഗോത്രം ഈ പരമ്പരയിൽ പെട്ടവരാണ്. മൂന്നാമത്തെ വിഭാഗം മുസ്തഅ്രിബ: അറബികളാണ്. ഇവർ ഇസ്മായിൽ നബി (സ) യുടെ വംശ പരമ്പരയിൽ പെട്ടവരാണ്. റസൂൽ തിരുമേനി (സ) യുടെ ഖുറൈശി ഗോത്രം ഈ വംശപരമ്പരയിൽപ്പെട്ടവരാണ്.

ആദിന്റെ പൗരാണികതയെ സംബന്ധിച്ച് ഖുർആനിലെ സൂചന അവർ നൂഹ് നബി(അ)ക്ക് ശേഷം ആവിർഭവിച്ച ജനതയായിരുന്നു എന്നാണ്. '***നൂഹിന്റെ ജനതക്ക് ശേഷം നിങ്ങളെ അവൻ പ്രതിനിധികളാക്കുകയും നിങ്ങളുടെ എണ്ണത്തിൽ വർധനവ് ഉണ്ടാക്കുകയും ചെയ്തു.' (7:70)*** മാത്രമല്ല വിശുദ്ധ ഖുർആനിൽ നൂഹി(അ)ന്റെ ചരിത്രം പറഞ്ഞിടത്തെല്ലാം തൊട്ട് പിറകെയാണ് ആദിന്റെ ചരിത്രം പ്രതിപാദിക്കുന്നത്. ആദിന്റെ ഗോത്ര പിതാവായി ചരിത്രകാരന്മാർ കണക്കാക്കുന്നത് ആദു ബ്നു ഔസ്ബ്നി സാമിബ്നി നൂഹി നെയാണ്. ഈ നിഗമന പ്രകാരം ക്രി. മു. 3000 നോ 2500 നോ മുമ്പായിരിക്കണം ആദ് വംശത്തിന്റെ കാലം എന്ന് അനുമാനിക്കപ്പെടുന്നു.

ആദ് എന്ന പേരിൽ ഒരു സമൂഹം അറേബ്യയിൽ ഇത്വരെ കണ്ടെത്താനാവാത്തതിനാൽ അങ്ങനെയൊരു സമൂഹത്തിന്റെ അസ്തിത്വം തന്നെ യൂറോപ്യൻ ഓറിയന്റലിസ്റ്റുകൾ നിഷേധിക്കുകയാണ്. ഇത്

പുരാതന അറബിക്കഥകളിൽ നിന്ന് ഖുർആൻ എടുത്ത് ചേർത്തതാണെന്നാണ് അവരുടെ വിമർശനം എന്ന് പറഞ്ഞുവല്ലോ. ഈ വിമർശനത്തിന് അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) മറുപടി പറയുന്നത് കാണുക.

*'ഈ നിഷേധം ഒരു തെറ്റിദ്ധാരണയുടെ ഫലമാണ്. വാസ്തവത്തിൽ മനുഷ്യ സമൂഹത്തിൽ ഒരു വിഭാഗം പൊതുവേ രണ്ട് പേരുകളിൽ അറിയപ്പെടുന്നു. ഒന്ന് അവരുടെ വംശത്തിന്റെ നാമം. ചിലത് അവരുടെ ഗോത്ര വിഭാഗത്തിന്റെ നാമത്തിലും. ആര്യൻ എന്നത് നിരവധി ഗ്രൂപ്പുകളും ഗോത്ര വിഭാഗങ്ങളുമുള്ള ഒരു ജനവർഗത്തിന് പൊതുവേ പറയുന്ന പേരാണ്. ഉദാഹരണത്തിന് ചന്ദ്രഗുപ്തൻ, വിക്രമാദിത്യൻ എന്നിവരുടെ പേരിനൊപ്പം ആര്യൻ എന്ന് പേരുള്ള ഒരു ലിഖിതം കണ്ടുകിട്ടാത്തതിനാൽ ആര്യൻ എന്ന പേര് വെറും സാങ്കൽപ്പികമാണെന്നും അങ്ങനെ ഒരു ജനസമൂഹം നിലനിന്നിരുന്നില്ല എന്ന് പറയുന്നത് പോലെയുള്ള അസംബന്ധമായിരിക്കും അത്.*

*അപ്രകാരം ആദ് എന്നത് ഒരു ഗോത്രത്തിന്റേത് മാത്രമായിട്ടുള്ള പേരല്ല. അവരിൽ വിവിധ ഗോത്രങ്ങൾ വിവിധ കാലഘട്ടങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. അവരെല്ലാം തന്നെ തങ്ങളുടെ പ്രത്യേക ഗോത്ര നാമങ്ങളാണ് സ്വീകരിച്ചത്. പക്ഷേ അവരെല്ലാം തന്നെ ആദ് എന്ന മുഖ്യ വംശത്തിൽ (ജനവർഗത്തിന്റെ ) നിന്നും ശാഖകളായി പിരിഞ്ഞതാണ്. വസ്തുത എന്താണെന്ന് വെച്ചാൽ ആദ് എന്ന നാമത്തിലുള്ള ഒരു ജനത ഉണ്ടായിരുന്നതായി പുരാതന ഭൂമി ശാസ്ത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്നു. ക്രിസ്തുവിന് മുമ്പുള്ള കാലഘട്ടങ്ങളിൽ ഗ്രീസിൽ സമാഹരിക്കപ്പെട്ട ഭൂമിശാസ്ത്ര രചനകളിൽ യമൻ അദ്രമിതായ് (Adramitai) എന്ന ഒരു ഗോത്രം ഭരിച്ചതായി കാണുന്നു. അത് ആദ് സമൂഹമല്ലാതെ മറ്റാരുമല്ല. ഖുർആനിൽ വിശേഷിപ്പിക്കപ്പെട്ട ആദി ഇറം (Adi Iram) ആണ് അവർ. ഈ നാമപദത്തിന് പിന്നിൽ കൂട്ടിചേർത്ത പദം (suffix) ഒഴിവാക്കിയാൽ അദ്രാം ( Adram ) എന്ന് വായിക്കാം. ഇത് ആദിന്റെ ('Ad) വികല രൂപമാണ്. ചില യൂറോപ്യൻ എഴുത്തുകാർ അദ്രമിതായ് എന്നത് ഹദർമൗത്ത് (യമനിലെ ഒരു സ്ഥലനാമം) എന്ന നാമത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്ന് പറയുന്നത് തെറ്റാണ്. കാരണം ഹദർമൗത്ത് ഒരു സ്ഥലനാമമാണ്. അദ്രമിതായ് ഒരു ഗോത്രനാമവുമാണ്. '*
*(Hadrath Mirza Basheeruddin Mahmood Ahmad - Holy Quran commentary (English) p. 1084 , 1085)*

വിശുദ്ധ ഖുർആനിൽ ആദിനെ പറ്റിയുള്ള മറ്റൊരു പരാമർശം സൂറ അൽ ഫജ്റിൽ ആദിനോട് ചേർത്ത് കൊണ്ട് - '***ബി ആദിൻ ഇറമ ദാത്തിൽ ഇമാദ്*' *ആദിനോട്, ദീർഘ സ്തംഭങ്ങളുടെ (കൂറ്റൻ കെട്ടിടങ്ങളുടെ ) ഉടമസ്ഥരായ ഇറമ് (ഗോത്രത്തോട്) (89:7,8)*** എന്ന പ്രയോഗം കാണാം. ആദ് എന്ന പേര് പോലെ തന്നെ ഇറമ് എന്നതും അവരുടെ ഒരു പൂർവ പിതാവിന്റെ നാമമാണ്. ചില മുഫസ്സിറുകൾ ആദ് സമുദായം ഇറം എന്ന പേരിൽ ഒരു പട്ടണം പണിതിരുന്നു അതു കൊണ്ടാണ് അവർക്ക് ഇറമ് എന്ന പേര് ലഭിച്ചത് എന്ന് പറയുന്നത് ശരിയല്ല. നിരവധി ഗോത്രങ്ങൾ ഉണ്ടായിരുന്ന ആദ് വംശത്തിലെ കെട്ടിട നിർമാണത്തിൽ ഭ്രമമുണ്ടായിരുന്ന ശക്തരായ ഒരു ഗോത്രവിഭാഗത്തിന്റെ ഗോത്ര നാമം തന്നെയാണ് ഇറം എന്നാണ് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) അഭിപ്രായപ്പെട്ടത്. ചരിത്രകാരനായ ഇബ്നു ഖൽദൂണും, ഖുർആൻ ഭാഷ്യകാരനായ ഇബ്നു കഥീറും ഈ അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്.

**സമൂദ്: രണ്ടാം ആദ്**

ആദിനെ പറ്റി വിശുദ്ധ ഖുർആൻ നൽകുന്ന സുപ്രധാനമായ മറ്റൊരു സൂചന ആദ് സമുദായത്തിന് പൂർവികമായ ഒരു ഒന്നാം ഘട്ടം (ആദുൽ ഊല) ഉണ്ടായിരുന്നു; അവരാണ് നശിപ്പിക്കപ്പെട്ടത് എന്നാണ്. വിശുദ്ധ ഖുർആൻ പറയുന്നു: '***വ അന്നഹു അഹ്‌ലക ആദൽ ഊലാ' (ഒന്നാമത്തെ ആദ് സമുദായത്തെ അവൻ നശിപ്പിച്ചിരിക്കുന്നു.(53:51)*** തിന്മകൾക്ക് വിധേയരായ ആദിലേക്കാണ് ഹുദ് നബി (അ) ആഗതനായത്. അദ്ദേഹത്തെ അവർ നിരാകരിക്കുകയും ശിക്ഷക്ക് വിധേയരാവുകയും സ്വീകരിച്ചവർ രക്ഷിക്കപ്പെടുകയും ചെയ്തു. അവരുടെ അനന്തര തലമുറയാണ് സമൂദ്. ഇവർ ***'ആദി സാനിയ ' (രണ്ടാം ആദ്)*** എന്നും അറിയപ്പെടുന്നു. ഇവർ ആദ് സമൂഹത്തിൽപ്പെട്ട അറബികൾ തന്നെയാണ്. അവരുടെ പ്രവാചകനാണ് സാലിഹ് നബി (അ). ഖുർആൻ പറയുന്നു: ***'ആദ് (സമുദായത്തിനു) ശേഷം അവൻ നിങ്ങളെ (സമൂദിനെ) അവരുടെ പ്രതിനിധിയാക്കുകയും ഭൂമിയിൽ നിങ്ങൾക്ക് താമസ സൗകര്യം ചെയ്തു തരികയും ചെയ്ത സന്ദർഭം ഓർക്കുക.'(7:75)*** സാലിഹ് എന്നത് തികച്ചും ഒരു അറബി നാമമാണ്. സാത്വികൻ, സച്ചരിതൻ എന്നെല്ലാമാണ് ആ പദത്തിനർഥം. നൂഹ് നബി(അ)ക്ക് ശേഷമുള്ള ആദിനു പിറകെ വന്നതും ഇബ്റാഹിം നബി (അ)ക്ക് വളരെ മുമ്പുള്ളതുമായ പുരാതന ജനതയാണ് സമൂദ് എന്ന് നാം ഓർക്കണം. സാലിഹ് നബി (അ) യുടെ പട്ടണം എന്ന അർഥത്തിൽ ഖുർആൻ പറയുന്ന ഹിജ്ർ പട്ടണം അറേബ്യക്ക് വടക്കുള്ള ഒരു സ്ഥലമാണ്. ***'മആദിൻ സാലിഹ്'*** അഥവാ സാലിഹിന്റെ പട്ടണം എന്ന പേരിൽ ഈ പട്ടണം' ഇന്നും കാണാം. ആദിനെ പോലെ തന്നെ കെട്ടിട നിർമാണത്തിൽ ഭ്രമമുണ്ടായിരുന്നവരാണ് സമൂദ് സമൂഹം. പാറ തുരന്നുള്ള സമൂദ് സമൂഹത്തിന്റെ കെട്ടിട നിർമാണരീതി ഖുർആൻ പ്രത്യേകം പരാമർശിച്ചത് കാണുക.'***സമൂദ് (സമുദായത്തിലേക്ക്) അവരുടെ സഹോദരൻ സാലിഹിനെ നാം നിയോഗിച്ചു......... ആദിന് ശേഷം അവൻ നിങ്ങളെ പ്രതിനിധികളാക്കുകയും ഭൂമിയിൽ***

***നിങ്ങൾക്ക് താമസ സൗകര്യം ചെയ്ത് തരികയും ചെയ്ത സന്ദർഭം (ഓർക്കുക). അതിലെ സമതലങ്ങളിൽ നിങ്ങൾ സൗധങ്ങൾ നിർമിക്കുകയും മലകൾ തുരന്ന് വീടുകൾ ഉണ്ടാക്കുകയും ചെയ്യുന്നു.' (7: 74,75)*** മറ്റൊരു സ്ഥലത്ത് ഖുർആൻ അവരെപറ്റി പറയുന്നു: ***'മലകളിൽ നിന്ന് (പാറ) വെട്ടിതുരന്ന് അവർ വസതികൾ നിർമിക്കാറുണ്ടായിരുന്നു.'(15:83)*** സഊദി അറേബ്യയിലെ മദീനയിൽ നിന്ന് വടക്ക് 300 കിലോമീറ്റർ അകലെ അൽ ഊല നഗരത്തിൽ നിന്ന് 22 കിലോമീറ്റർ അകലെ മരുഭൂമിയിൽ സമൂദ് സമൂഹം പാറകൾ തുരന്ന് നിർമിച്ച കൂറ്റൻ നിർമിതികൾ ഇന്നും അത്ഭുതകരമായ കാഴ്ച്ചയാണ്. 13 കിലോമീറ്റർ ചുറ്റളവിലുള്ള ഈ പ്രദേശത്ത് ചെറുതും വലുതുമായ 132 പാറകൾ തുരന്നുണ്ടാക്കിയ പടുകൂറ്റൻ നിർമിതികളുണ്ട്. അഹങ്കാരികളായി ഭൂമിയിൽ വിലസിയ പുരാതനമായ സമൂദ് ജനതയുടെ ദാരുണമായ അന്ത്യത്തിന്റെ സ്മാരക ശിലകളായി അവ ഇന്നും നമുക്ക് കാണാം. 2008 ൽ യുനെസ്കോ ഈ സ്ഥലം ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഊദി അറേബ്യയിലെ ആദ്യത്തെ വേൾഡ് ഹെറിറ്റേജ് സൈറ്റാണ് മആദിൻ സാലിഹ്.

ക്രി.വ ഒന്നാം നൂറ്റാണ്ടിൽ പെട്ര നഗരം തലസ്ഥാനമായി ഭരണം സ്ഥാപിച്ച നബാത്തിയൻ സാമ്രാജ്യത്തിന്റെ നിർമിതികളായിട്ടാണ് ഇത് കണക്കാക്കപ്പെടുന്നത്. നബാത്തിയൻകാർ സമൂദിന്ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് ആഗതരായ അറബിവംശം തന്നെയാണ്. പക്ഷേ ബാബിലോണിയൻ സ്വാധീനമുള്ള വരുമാണ് എന്നാണ് കരുതപ്പെടുന്നത്. അവിടെ നിന്ന് കണ്ടുകിട്ടിയ നബാത്തിയൻ ഭാഷയിലുള്ള ലിഖിതങ്ങളാണ് ഈ വാദത്തിനാധാരം. നബാത്തിയൻ അധിനിവേശത്തിന് വളരെ മുമ്പുള്ള പ്രാചീന ശിലാലിഖിതങ്ങളും അവിടെ നിന്ന് കണ്ടുകിട്ടിയിട്ടുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. പാറ തുരന്ന് വീടുണ്ടാക്കുന്നവർ എന്ന് ആയിരത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ ഖുർആൻ വിശേഷിപ്പിച്ചവരാണ് സമൂദ് സമുദായം. അവരുടെ അധിവാസ കേന്ദ്രമായി അതിപുരാതന കാലം മുതൽക്കേ അറബികൾക്കിടയിൽ അറിയപ്പെടുന്ന മആദിൻ സാലിഹിൻ എന്ന സ്ഥലത്ത് കാണുന്ന ഈ നിർമിതികൾ നബാത്തിയൻ ജനതക്ക് വളരെ മുമ്പുണ്ടായിരുന്ന സമൂദ് സമൂദായത്തിന്റേതല്ലാതെ മറ്റാരുടേതും ആയിരിക്കാൻ തരമില്ല. ക്രി.വ. ഒന്നാം നൂറ്റാണ്ടിൽ ഭരണം നടത്തിയ നബാത്തിയൻ വംശജരാണ് ഇത് നിർമിച്ചതെന്നതിന് മതിയായ തെളിവുകളില്ലാതെയാണ് യൂറോപ്യൻ ചരിത്രകാരന്മാർ പറയുന്നത്. മാത്രമല്ല നബാത്തിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനം മആദിൻ സാലിഹിൽ നിന്നും കൂടുതൽ വടക്ക് ജോർദാനിലെ പെട്ര നഗരമായിരുന്നു. ഹിജ്റ് അഥവാ മആദിൻ സാലിഹ് അവരുടെ ഒരു ഭരണ പ്രദേശം മാത്രമായിരുന്നു. ഇത് തീർച്ചയായും ചരിത്രത്തിൽ നിന്ന് വിസ്മൃതരായ സമൂദിന്റെ, ഖുർആൻ പ്രത്യേകം പരാമർശിച്ച നിർമാണപരമായ വൈഭവവും വൈദഗ്ധ്യവും വിളിച്ചോതുന്ന സ്മാരക സൗധങ്ങളാണ്. അതുവഴി അവരുടെ പൂർവ ഗാമികളായ ആദിന്റെ നിർമാണഭ്രമത്തിലേക്കും ശേഷിയിലേക്കും ഈ നിർമിതികൾ സൂചന നൽകുന്നു.


സമൂദ് സമുദായത്തിന്റെ പാറ തുരന്നുള്ള വസതികൾ

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം സമൂദ്, ആദിൽ നിന്നും ഉരുവം കൊണ്ട തികച്ചും ഒരു അറബി സമൂഹമാണല്ലോ. പക്ഷേ ആദ് അറേബ്യയുടെ തെക്കുഭാഗമായ യമനിലും സമൂദിന്റെ മദ്യൻ സാലിഹ് എന്ന പ്രദേശം അറേബ്യയുടെ വടക്ക് ഭാഗത്തുമാണ്. ഇതിൽ നിന്ന് മനസ്സിലാവുന്നത് ഒന്നാം ആദിന് ശേഷം ഹിംയർ ഗോത്രക്കാർ യമനിൽ അധികാരത്തിൽ വന്നപ്പോൾ സമൂദിനെ അവർ അറേബ്യയുടെ വടക്ക് ഭാഗത്തേക്ക് ഓടിക്കുകയാണുണ്ടായത് എന്നാണ്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക സമൂദ് എന്ന തലവാചകത്തിൽ രേഖപ്പെടുത്തിയ കുറിപ്പ് ഇവിടെ ശ്രദ്ധേയമാണ്. .

***'സമൂദ് ഗോത്രം എന്നത് ക്രി. മു 4 ാം നൂറ്റാണ്ടു മുതൽ ക്രി. വ 7-ാം നൂറ്റാണ്ടിന്റെ പകുതി വരെ പ്രാചീന അറേബ്യയിൽ പ്രബലമായി കാണപ്പെട്ട പ്രാചീന അറബ്ഗോത്രമോ ഗോത്ര സമൂഹമോ ആണ്. സമൂദ് മിക്കവാറും തെക്കൻ അറേബ്യയിൽ നിന്ന് ഉത്ഭവിച്ച ഒരു വലിയ ഗ്രൂപ്പാണ്. പുരാതന കാലത്ത് തന്നെ അവർ വ്യക്തമായും വടക്കോട്ടേക്ക് നീങ്ങിയിട്ടുണ്ടാകും. അത്‌ലാബ് പർവതത്തിന്റെ ചെരുവിൽ പരമ്പരാഗതമായി താമസം ആരംഭിക്കുകയും ചെയ്തു. ഈ അടുത്ത കാലത്ത് ആർക്കിയോളജിക്കൽ ഗവേഷണങ്ങൾ നിരവധി തമൂദിക്ക് പാറ ലിഖിതങ്ങളും ചിത്രങ്ങളും അത്‌ലാബ് പർവതത്തിൽ മാത്രമല്ല***

*മധ്യഅറേബ്യ മുഴുവൻ കണ്ടെടുത്തിട്ടുണ്ട്.' (**Encyclopedia Britannica: under the title of Thamud**).*

സഹാബിയും ഉമവിയ്യാ ഖിലാഫത്തിന്റെ സ്ഥാപകനുമായ അമീർ മുആവിയയുടെ കാലത്ത്, യമനിൽ നിന്ന് കണ്ടെടുത്ത ആദ് സാനി (രണ്ടാം ആദ്) അഥവാ സമൂദിനെക്കുറിച്ചുള്ള ഒരു കാവ്യലിഖിതം ചില മുസ്‌ലിംകൾ വായിച്ചതായി ഒരു പാരമ്പര്യമുണ്ട്. യൂറോപ്യൻ ഓറിയന്റലിസ്റ്റുകൾ ഇങ്ങനെയൊരു ലിഖിതത്തിൽ അവിശ്വാസം രേഖപ്പെടുത്തിയിരുന്നു. 1837 ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തെക്കൻ അറേബ്യ സർവേ ചെയ്യാൻ നിയമിച്ച ക്യാപ്റ്റൻ ഹെയിൻസ്, വെൽസ്റ്റഡ്ത്ത് എന്നീ ബ്രിട്ടീഷ് സർവേയർമാരും ചരിത്രകാരന്മാരുമായ ഈ രണ്ട് പേർ ആ ലിഖിതം വീണ്ടും കണ്ടെടുക്കുകയുണ്ടായി. യമനിലെ ഹദർമൗത്തിലെ ഏഡന് അരികെയുള്ള ഗുറാബിൽ നിന്നുമാണ് ആ ലിഖിതം കണ്ടെടുത്തത്. ഒരു പുരാതന തെക്കൻ അറേബ്യൻ ഭാഷയായ ഹിംയറി ഭാഷയിൽ എഴുതപ്പെട്ട ആ ലിഖിതത്തിന്റെ ഇംഗ്ലീഷ് പരിഭാഷ, റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ ജേർണലിൽ ഫോറസ്റ്റർ എന്നയാൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആദിന്റെ സ്മരണികകളിലൊന്നായി കണക്കാക്കപ്പെടുന്ന ഈ ലിഖിതത്തിൽ ഹെബർ എന്ന ന്യായപ്രമാണ വാഹകന്റെ നിയമമനുസരിച്ച് ഞങ്ങളെ ഒരു രാജാവ് ഭരിക്കുന്നു എന്ന ഒരു പരാമർശവുമുണ്ട്. ഹൂദ് നബി (അ) യെ കുറിച്ചാണ് ആ പരാമർശം. മാത്രമല്ല ഹദർമൗത്തിൽ ഹൂദ് നബി (അ) യുടെ ഖബർ സ്ഥിതി ചെയ്യുന്നതിനടുത്താണ് ഇത് കണ്ടെടുത്തിട്ടുള്ളത്. ഹൂദിന്റെ അനുചരന്മാരാണ് ഇത് രേഖപ്പെടുത്തിയതെന്ന് അതിലെ വാചകങ്ങളിൽ നിന്ന് തെളിയുന്നുണ്ട്. ക്രിസ്തുവിന് ഏതാണ്ട് 18 ശതാബ്ദങ്ങൾക്ക് മുമ്പ് രേഖപ്പെടുത്തിയതെന്ന് കരുതപ്പെടുന്ന മനോഹരമായ ആ കാവ്യ ലിഖിതം പുരാവസ്തു വിദഗ്ധർ വായിച്ചതിന്റെ തർജമ ഇപ്രകാരമാണ്.

***'ജീവിതത്തിൽ ക്ലേശമോ ദുരിതങ്ങളോ അനുഭവിക്കാത്ത ഒരു നീണ്ട കാലം പ്രവിശാലമായ ഈ കോട്ടയിൽ ഞങ്ങൾ കഴിഞ്ഞുകൂടി. ദൗർഭാഗ്യങ്ങളോ പ്രതിബന്ധങ്ങളോ ഞങ്ങളെ ബാധിച്ചില്ല. പ്രക്ഷുബ്ധമായ കടൽ തിരമാലകൾ ഞങ്ങളുടെ ജലാശയങ്ങളിലൂടെ ഓളങ്ങൾ സൃഷ്ടിച്ച് ഞങ്ങളുടെ കോട്ടയെ തഴുകിയിരുന്നു. അതിന് മീതെ ഞങ്ങളുടെ ജലധാരകൾ മർമരങ്ങൾ പൊഴിച്ച് ഒഴുകി. ഞങ്ങളുടെ താഴ്‌വാരങ്ങളിൽ ഉത്തുംഗങ്ങളായ പന വൃക്ഷങ്ങൾക്കൊപ്പം പാലകന്മാർ ഈത്തപ്പഴങ്ങളും നട്ടു വളർത്തി. ശുഷ്ക ഭൂമിയിൽ വളരുന്ന ധാന്യങ്ങളും അവർ മുളപ്പിച്ചു. കെണിയും കുരുക്കുകളും സൂത്രങ്ങളും വെച്ച് ഞങ്ങൾ മലയാടുകളേയും മുയലുകളേയും വേട്ടയാടി. വർണ വൈവിധ്യങ്ങളും ചിത്രപണികളുള്ള പട്ടു ചമയങ്ങളും ഹരിതാഭവും കള്ളികളുള്ളതുമായ മുഴു പട്ടുവസ്ത്രങ്ങളുമണിഞ്ഞ് ഞങ്ങൾ മന്ദഗതിയിൽ പ്രതാപത്തോടെ അലസഗമനം നടത്തി. ദുർവിചാരങ്ങളിൽ നിന്ന് വിശുദ്ധനായവനും, നാശകാരികളോട് കർക്കശമായി പെരുമാറുന്നവനുമായ ഒരു രാജാവായിരുന്നു ഞങ്ങളുടെ ഭരണാധികാരി. അദ്ദേഹം ഞങ്ങളെ ഹെബറിന്റെ (ഹൂദിന്റെ) നിയമ സംഹിത പ്രകാരം ഭരിച്ചു. പ്രധാന തീരുമാനങ്ങൾ ഒരു ഏടിൽ രേഖപ്പെടുത്തിയിരുന്നു.ദൈവികമായ അത്ഭുതകൃത്യങ്ങളിലും മരണാനന്തര ജീവിതത്തിലുമുള്ള ഞങ്ങളുടെ വിശ്വാസം ഇതാ പ്രഖ്യാപിക്കുന്നു.'*** (Historical Georaphy of Arabia, p. 382)

**ആദ് സമുഹത്തിന്റെ പ്രത്യേകതകൾ**

ശക്തിയിലും ഭൗതിക പ്രതാപത്തിലും അങ്ങേയറ്റം പുരോഗമിക്കുകയും അത്യധികം അഹങ്കരിക്കുകയും ചെയ്ത ഒരു ജനതയായിരുന്നു ആദ് വംശം. മറ്റൊരു സ്രോതസ്സിൽ നിന്നും അവരുടെ വ്യക്തമായ വിവരണം നമുക്ക് ലഭ്യമല്ല. ആദ് സമൂഹത്തെ ലോകത്തിന് പരിചയപ്പെടുത്തിയ വിശുദ്ധ ഖുർആന്റെ വചനങ്ങളിൽ നിന്നു തന്നെ നമുക്ക് അവരുടെ പ്രത്യേകതകൾ എന്താണെന്ന് മനസ്സിലാക്കാം.

**നൂഹ് നബി(അ)ന്റെ പിൻഗാമികൾ:- നൂഹിന്റെ ജനതക്ക് ശേഷം നിങ്ങളെ(ആദിനെ) അവൻ പ്രതിനിധികളാക്കുകയുണ്ടായി (7:70)**

**കൂറ്റൻ നിർമിതികളിൽ ഭ്രമമുള്ളവർ:- ആദിനോട് കൂറ്റൻ കെട്ടിടങ്ങളുടെ ഉടമസ്ഥരായ ഇറം ഗോത്രത്തോട് നിന്റെ നാഥൻ എങ്ങനെ പ്രവർത്തിച്ചു വെന്ന് നീ കണ്ടില്ലേ? (89:7,8) നിങ്ങൾ അനാവശ്യമായി എല്ലാകുന്നിന്മേലും സ്മാരകമായി കെട്ടിടങ്ങൾ ഉയർത്തുകയാണോ? നിങ്ങൾ ശാശ്വത നിവാസത്തിനായി കൂറ്റൻ കെട്ടിടങ്ങൾ നിർമിക്കുകയാണല്ലോ (26:130)**

**അതുല്യമായ ശക്തിയുള്ളവർ:-** അവരുടെ നിർമിതികൾക്ക് തുല്യമായി അതിന് മുമ്പ് നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല (89:8)

**പല കഴിവുകളും നൽകപ്പെട്ട ജനത:-** നിങ്ങൾക്ക് നൽകിയിട്ടില്ലാത്ത പല കഴിവുകളും തീർച്ചയായും നാം അവർക്ക് (ആദിന്) നൽകിയിരുന്നു.(46:27)

**ബുദ്ധിയുള്ളവർ:-** വാസ്തവത്തിൽ അവർ (ആദ് , സമൂദ് ) ചിന്താശീലരായിരുന്നു: (26: 39)

**വലിയ ജനത :-** നൂഹിന്റെ ജനതക്ക് ശേഷം നിങ്ങളെ അവൻ പ്രതിനിധികളാക്കുകയും നിങ്ങളുടെ സന്തതികളിൽ വർധനവ് വരുത്തുകയും ചെയ്തു. (7:70)

**കാലിസമ്പത്ത്, ജല സമൃദ്ധി, കാർഷികാഭിവൃദ്ധി:-** അവൻ നിങ്ങളെ (ആദ്) കന്നുകാലികളെ കൊണ്ടും സന്താനങ്ങളെകൊണ്ടും സഹായിച്ചിരിക്കുന്നു. തോട്ടങ്ങളും ജലത്തിന്റെ ഉറവിടങ്ങളെക്കൊണ്ടും (സഹായിച്ചു).(26: 134,135)

**വാസസ്ഥലം:-**ആദിന്റെ സഹോദരനെ(ഹൂദിനെ) സ്മരിക്കുക. അദ്ദേഹം തന്റെ ജനതയെ ആ മണൽകൂനകളിൽ വെച്ച് താക്കീത് ചെയ്തപ്പോൾ.(46:22)

**കടുത്ത ശിർക്കിലകപ്പെട്ടവർ:-** കേവലം നിന്റെ( ഹൂദ് നബിയുടെ) വാക്കിന് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ആരാധ്യരെ ഉപേക്ഷിക്കുന്നവരല്ല.

നിന്നെ ഞങ്ങൾ വിശ്വസിക്കുന്ന വരുമല്ല. ഞങ്ങളുടെ ദൈവങ്ങളിൽ ചിലത് നിനക്ക്(ഹൂദ് നബിക്ക്) എന്തോ ദോഷം വരുത്തിയിട്ടുണ്ട് എന്ന് മാത്രമാണ് ഞങ്ങൾ പറയുന്നത് (11:54,55)

**പ്രവാചകന്മാരെ ധിക്കരിച്ചവർ:- ആദ് സമുദായവും പ്രവാചകന്മാരെ നിഷേധിച്ചു (26:124) അവരുടെ ദൂതന്മാർ(ആദ്, സമൂദ്) അവരുടെ അടുക്കൽ വ്യക്തമായ തെളിവുകളുമായി ചെന്നു......അവർ പറഞ്ഞു: നിങ്ങൾ ഏത് സന്ദേശവും കൊണ്ട് അയക്കപ്പെട്ടുവോ അതിനെ ഞങ്ങൾ നിഷേധിക്കുന്നു. നിങ്ങൾ ഞങ്ങളെ ഏതിലേക്ക് ക്ഷണിക്കുന്നുവോ അതിനെക്കുറിച്ച് ഞങ്ങൾ അസ്വസ്ഥ ജനകമായ സംശയത്തിലാണ്. (14:10) അവരത്രെ ആദ് (സമുദായം). തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും അവന്റെ ദൂതന്മാരെ ധിക്കരിക്കുകയും എതിർത്ത എല്ലാ സ്വേച്ഛാ പ്രമത്തന്റേയും കൽപ്പന അവർ പിന്തുടരുകയും ചെയ്തു. (11:60)**

**അഹങ്കാരികൾ: എന്നാൽ ആദ് ആകട്ടെ അവർ ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു. അവർ പറഞ്ഞു: ശക്തിയിൽ ഞങ്ങളേക്കാൾ മികച്ചവർ ആരുണ്ട്.? അവരെ സൃഷ്ടിച്ച അല്ലാഹു ശക്തിയിൽ അവരേക്കാൾ മികച്ചവനാണെന്ന് അവർ കാണുന്നില്ലേ? അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ മനപ്പൂർവം നിഷേധിച്ചുകൊണ്ടിരിക്കുകയായിരുന്നു (41: 16)**

**ക്രൂരന്മാർ :- നിങ്ങൾ വല്ലവരേയും പിടികൂടുമ്പോൾ നിഷ്ഠൂരമായി പിടികൂടുന്നു.(26: 131)**

**നാശം :- ആദ് ആവട്ടെ അതി കഠിനമായി ഇരമ്പിയടിക്കുന്ന ഒരു കൊടുങ്കാറ്റു മുഖേനയും നശിപ്പിക്കപ്പെട്ടു. അവരെ ഉന്മൂല നാശം ചെയ്യാനായി ആ കാറ്റിനെ അവൻ (അല്ലാഹു) ഏഴു രാവും എട്ടു പകലും തുടർച്ചയായി അവരുടെ മേൽ വീശിയടിപ്പിച്ചു. അപ്പോൾ ആ ജനം ദ്രവിച്ച ഈത്തപ്പനയുടെ തായ്ത്തടികൾ പോലെ നിലംപതിച്ചത് നിനക്ക് കാണാമായിരുന്നു (69:7,8)**

**ശപ്തർ:- ഇഹലോകത്തും പുനരുത്ഥാനനാളിലും ഒരു ശാപം അവരെ പിന്തുടരുന്നതാക്കപ്പെട്ടു . അറിയുക തീർച്ചയായും ആദ് (സമുദായം) തങ്ങളുടെ നാഥനെ നിഷേധിച്ചിരിക്കുന്നു. അറിയുക ഹൂദിന്റെ സമുദായമായ ആദ് (അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന്) ദൂരപ്പെട്ടു (നശിച്ചു)(11:61)**

**ആദിനെയും സമൂദിനെയും അവരുടെ താമസസ്ഥലങ്ങളിൽ നിന്ന് നിങ്ങൾക്ക് വ്യക്തമായിട്ടുണ്ട് (9:39).**

### അഹ്ഖാഫും റുബുഉൽ ഖാലിയും

ചരിത്രത്തിലെവിടെയും പ്രതിപാദനങ്ങളില്ലാതിരിക്കുകയും വിശുദ്ധ ഖുർആൻ മാത്രം ലോകത്തിന് പരിചയപ്പെടുത്തുകയും ചെയ്തവരാണല്ലോ ആദ് സമുദായം. ആദ് സമുദായത്തെക്കുറിച്ചുള്ള ചരിത്ര ഗവേഷണങ്ങൾക്ക് പ്രാഥമികമായ കരുക്കൾ വിശുദ്ധ ഖുർആൻ അതിന്റെ അതിഗഹനമായ വചനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവരുടെ അധിവാസ സ്ഥലത്തെക്കുറിച്ച് ഖുർആൻ നൽകുന്ന സൂചന ഇപ്രകാരമാണ്: *'ആദിന്റെ സഹോദരനെ(ഹൂദിനെ) സ്മരിക്കുക. അദ്ദേഹം തന്റെ ജനതയെ ആ മണൽ കൂനകളിൽ (അഹ്ഖാഫ്) വെച്ച് താക്കീത് ചെയ്തപ്പോൾ.' (46:22)*

അറേബ്യയിൽ ഹിജാസിന്റെയും യമന്റെയും യമാമയുടെയും മദ്ധ്യേ റുബൂഉൽ ഖാലിക്ക് തെക്ക് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന അഹ്ഖാഫ് പ്രദേശമാണ് ആദിന്റെ ജന്മഗേഹമെന്ന് ഖുർആനിലെ നിന്നും ലഭിക്കുന്ന സൂചനകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. 'ഹിഖ്ഫ് മണൽകൂന എന്ന പദത്തിന്റെ ബഹുവചന രൂപമാണ് 'അഹ്ഖാഫ്' ഉയരമേറിയ മണൽ കൂനകൾ, വളഞ്ഞു പുളഞ്ഞ (Zigzag) മണൽകൂനകൾ എന്നൊക്കെയാണ് അതിന്റെ ഭാഷാർഥം. എന്നാൽ സാങ്കേതികമായി അറേബ്യൻ മരുഭൂമിയുടെ (റുബുഉൽ ഖാലി) ദക്ഷിണ ഭാഗത്തിന്റെ പേരാണത്. ആ പ്രദേശം അഹ്ഖാഫ് എന്ന പേരിലാണ് അറിയപ്പെടുന്നത്. തെക്കൻ അറേബ്യയിലെ യമനും ഒമാനും ചേർന്ന പ്രദേശത്താണ് ആദ് ജനവർഗത്തിന്റെ അധിവാസ സ്ഥാനമെന്നത് ഖുർആൻ ഭാഷ്യകാരന്മാർക്കിടയിലും അറബി ചരിത്രകാരന്മാർക്കിടയിലും സുവിദമാണ്. തദ്ദേശീയരിൽ ഈ വിശ്വാസം രൂഢമൂലമാണ്. പലകാലത്തും അതിർത്തികൾ പലകുറി മാറ്റിവരക്കപ്പെട്ടിട്ടുണ്ട്. പുരാതന കാലത്ത് യമന്റെ ഭാഗം തന്നെയായിരുന്നു ഒമാൻ. ജനവർഗപരമായും അവർ ഒരു സമൂഹത്തിൽ പെട്ടവരായിരുന്നു.

ആദ് സമൂഹത്തിന് അവതീർണനായ ഹദ്റത്ത് ഹൂദ് നബി (അ) യുടേ തെന്ന് വിശ്വസിക്കപ്പെടുന്ന വിശുദ്ധ മഖ്ബറ റുബുഉൽ ഖാലിക്കടുത്ത് യമനിലെ ഹദർമൗത്ത് സംസ്ഥാനത്തിന്റെ തലസ്ഥാനമായ സയിയോം പട്ടണത്തിൽ നിന്ന് 140 കി. മീ. വടക്ക് കിഴക്കായി ആൾപ്പാർപ്പില്ലാത്ത വിജനമായ ഒരു മരുഗ്രാമത്തിലാണുള്ളത്. ശഅ്ബാൻ ആദ്യ



റുബുൽഖാലി എന്ന വിശാലമായ മരുഭൂമി



ഹദ്റത്ത് ഹൂദ് നബി(അ)ന്റെ ഹദ്റ് മൗത്തിലെ മഖ്ബറ.

അവിടെ കണ്ടെത്തിയതായി ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ കാണുന്നു. ഇപ്പോൾ ഡിസേർട്ട് ടൂറിസവും മരുഭൂമിയിലേക്കുള്ള സാഹസിക യാത്രകളും വിമാനത്തിലൂടെയുള്ള മുറിച്ചു കടക്കലും ഒരു പുതിയ ട്രെന്റായി വളർന്നിട്ടുണ്ടെങ്കിലും റുബുഉൽ ഖാലിയുടെ അഗാധമായ ഉൾഭാഗം ഇന്നും മനുഷ്യർക്ക് അപ്രാപ്യമാണ്. ഈ റുബുഉൽ ഖാലിയുടെ തീരങ്ങളിലെവിടെയോയാണ് മരുക്കാറ്റിൽ മണ്ണടിഞ്ഞ് നിത്യനിദ്രയിൽ മൃതസ്മാരകങ്ങളായി തീർന്ന ആദിന്റെ അവശിഷ്ടങ്ങളുള്ളത്.

വാരത്തിൽ നടക്കുന്ന ഇവിടുത്തെ ഉറൂസിൽ നിരവധി മുസ്‌ലിം തീർഥാടകർ എത്തിച്ചേരുകയും ഖബർ സിയാറത്ത് ചെയ്യുകയും ചെയ്യുന്നു.

ഇവിടെ പരാമർശിക്കപ്പെട്ട റുബുഉൽ ഖാലി അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ മദ്ധ്യത്തിൽ നിന്ന് തെക്ക് ഭാഗത്തേക്ക് ഏകദേശം മൂന്നിൽ ഒരു ഭാഗം അതായത് ആറ് ലക്ഷത്തി അമ്പതിനായിരം ചതുരശ്ര കി. മി വിസ്തീർണത്തിൽ പരന്നു കിടക്കുന്ന വൻ മരുഭൂമിയാണ്. ഇംഗ്ലീഷിൽ എംപ്റ്റി ക്വാർട്ടർ **(The empty quarter )** എന്നാണ് റുബുഉൽ ഖാലി അറിയപ്പെടുന്നത്. ലോകത്തിലെ ഏറ്റവും വലിയ മരുഭൂമി സഹാറയാണെങ്കിലും തുടർച്ചയായി മരുപ്രദേശമായി നിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ മരുഭൂമി റുബുഉൽ ഖാലിയാണ്. സഊദി അറേബ്യ, യമൻ, ഒമാൻ, യു. എ. ഇ. മുതലായ രാജ്യങ്ങളാണ് അതിർത്തികൾ. പാരീസിലെ ഈഫൽ ടവറിനെക്കാളും ഉയരമുള്ള മണൽ കൂനകൾ (സാന്റ് ഡ്യൂൺ) അവിടെ സുലഭമാണ്. ഭീമാകാരമായ ഈ മരുഭൂമി കടക്കാൻ ഒട്ടകങ്ങളുടെ യാത്രാ സംഘങ്ങൾക്ക് ആവുമായിരുന്നില്ല. ആദിന്റെ നാശകഥയെക്കുറിച്ച് പാരമ്പര്യമായി അറിയാവുന്ന ബദവികളായ അറബികൾ ഈ ഭാഗത്തേക്ക് നോക്കാൻ തന്നെ ഭയപ്പെടുമായിരുന്നു എന്നാണ് പറയപ്പെടുന്നത്. ആദിന്റെ നാശത്തെ പറ്റിയും ആ പ്രദേശത്തിനേറ്റ ശാപത്തെക്കുറിച്ചും ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പ് തന്നെ നിരവധി കഥകൾ അവരിൽ പ്രചാരത്തിലുണ്ടായിരുന്നു. ചുറ്റു പ്രദേശങ്ങൾ പോലും വമ്പിച്ച തോതിൽ മരുക്കാറ്റിനാൽ മരുവൽക്കരിക്കപ്പെട്ട് വിപുലമായി കൊണ്ടിരിക്കുന്ന ഭീകരമായ മരുഭൂമിയാണിത്. പുരാതന കാലത്തുണ്ടായിരുന്ന യാത്രാപഥങ്ങൾ പലതും മണൽകാറ്റടിച്ച് ഈ മരുഭൂമി മായ്ച്ചുകളഞ്ഞിട്ടുണ്ട്.

ചരിത്രത്തിലാദ്യമായി അറിയപ്പെടുന്ന റബുഉൽ ഖാലി പര്യവേഷണം നടന്നത് 1931ൽ ബെർട്രാൻ തോമസ് എന്ന ബ്രിട്ടീഷ് കാരന്റെ നേതൃത്വത്തിലാണ്. 1932 ൽ സെന്റ് ജോൺ ഫിൽബിയും 1946 നും 1950 നുമിടയിൽ വിൽഫ്രെഡ് തെസിഗറുമാണ് റബുഉൽ ഖാലി മുറിച്ചു കടന്ന മറ്റു സാഹസികർ. അതിന് ശേഷം പല സാഹസിക യാത്രികരും റബുഉൽ ഖാലി മുറിച്ചു കടന്നിട്ടുണ്ട്. ഇന്ന് മരുഭൂമിയിൽ സഞ്ചരിക്കാൻ പ്രത്യേക സംവിധാനങ്ങളുള്ള വാഹനങ്ങളുണ്ട്. അവ ഉപയോഗിച്ച് മരുഭൂമിയുടെ വളരെ ഉൾപ്രദേശങ്ങളിൽ വരെ ആളുകൾ സഞ്ചരിക്കാറുണ്ട്. 2006 ഫെബ്രുവരി 25 ന് സഊദി ജിയോളജിക്കൽ സർവേ (Saudi Geological Survey) പരിസ്ഥിതി പ്രവർത്തകരും ജിയോളജിസ്റ്റുകളും ശാസ്ത്രജ്ഞരും അടക്കം സഊദികളും വിദേശീയരുമായ 89 പേരടങ്ങുന്ന ഒരു ശാസ്ത്ര സംഘം റുബൂഉൽ ഖാലിയിലേക്ക് ഗവേഷണ പര്യടനം നടത്തുകയുണ്ടായി. അത്വരെ ലോകം അറിയപ്പെടാത്ത നിരവധി ചെടികളുടേയും ജീവികളുടേയും സ്പീഷിസുകൾ

**സമ്പന്നമായ പുരാതന യമൻ**

അതിപുരാതനമായ ആദിന്റെ അധിവാസ ഭൂമിയാണ് യമൻ. ശാശ്വതനിവാസത്തിന്റെ സൗധങ്ങൾ നിർമിക്കുകയും അഹങ്കരിക്കുകയും ചെയ്ത ശക്തിശാലികളായ ഒരു ജനതയായിരുന്നല്ലോ ആദ്. ഇന്ന് മരുസ്ഥലിപോലെ കാണപ്പെടുന്ന ആദിന്റെ വാസസ്ഥലം അരുവികളാലും തണ്ണീർ തടാകങ്ങൾ കൊണ്ടും കാലി സമ്പത്തിനാലും ഹരിതാഭമായ തോട്ടങ്ങൾ കൊണ്ടും അനുഗൃഹീതവും ജന നിബിഢവുമായിരുന്നുവെന്നും ഖുർആൻ പറയുന്നു:

***'അവൻ നിങ്ങളെ (ആദ്) കന്നുകാലികളെ കൊണ്ടും സന്താനങ്ങളെകൊണ്ടും സഹായിച്ചിരിക്കുന്നു. തോട്ടങ്ങളും ജലത്തിന്റെ ഉറവിടങ്ങളെക്കൊണ്ടും (സഹായിച്ചു).'** (26:134,135).*

ആദിന്റെ അധിവാസ കേന്ദ്രവും ഭരണ പ്രദേശങ്ങളുമായ പുരാതന യമനിലെ ജലസേചന സമ്പ്രദായങ്ങൾ ഇക്കാലത്തും നിലനിൽക്കുന്ന ലോകാത്ഭുതങ്ങളാണ്. അറബിയിൽ 'സദ്ദ് മഅ്രിബ്' എന്നറിയപ്പെടുന്ന മഅ്രിബ് ഡാം (Ma'arib Dam ) അതിലൊന്നാണ്. ബി സി 1750 മുതൽ 1700 നുള്ളിലാണ് ആ അണക്കെട്ട് നിർമിച്ചതായി കണക്കാക്കപ്പെടുന്നത്. അതിപുരാതനമായ വേറെയും ഡാമുകളുടെ അവശിഷ്ടങ്ങളും യമനിൽ കാണാം. ജുഫയ്ന ഡാം



യമനിലെ പുരാതനമായ മഅ്രിബ് ഡാം.

പുരാതന ലോകത്ത് കര/കടൽ വഴിയുള്ള യാത്രാ പഥങ്ങളിലൂടെ നടന്ന കച്ചവടയാത്രകളും പടയോട്ടങ്ങളുമാണ് ലോക സമൂഹങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്നത്. കരയിലൂടെയുള്ള ദീർഘദൂര കച്ചവട യാത്രകൾക്ക് ഒട്ടകങ്ങളുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്നു. മരുഭൂമിയുടെ പശ്ചാത്തലത്തിൽ ജീവിക്കുന്ന അറബികൾക്ക് ഒട്ടകം അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഒട്ടകങ്ങളെ മെരുക്കാനും അവയെ യാത്രക്ക് ഉപയോഗിക്കാനും അവർക്ക് അനായാസം സാദ്ധ്യമാവുമായിരുന്നു. അതുപോലെ യാത്രകൾക്കായുള്ള അറബി കുതിരകളും പ്രസിദ്ധമാണ്. അതുകൊണ്ട് ഭൂഖണ്ഡാന്തര കച്ചവട യാത്രകൾക്ക് ഈ രണ്ട് മൃഗങ്ങളുടെയും ആനുകൂല്യങ്ങൾ അറബികൾക്ക് സ്വാഭാവികമായും ലഭിച്ചിരുന്നു. കരയിലൂള്ള സുദീർഘമായ ട്രേഡ് റൂട്ടുകളിലൂടെ (കച്ചവട യാത്രാ പഥം) കൊണ്ടുപോകുന്ന വസ്തുക്കൾ വിലകൂടിയവ ആയിരുന്നു. കാരണം വിലകുറഞ്ഞതും ഭാരപ്പെട്ടതുമായ ഭക്ഷ്യവസ്തുക്കളും മറ്റു സാധന സാമഗ്രികളും ആയിരക്കണക്കിന് മൈലുകളുള്ള യാത്രാ പഥങ്ങളിലൂടെ ദീർഘദൂരം നിരവധി ദിവസങ്ങൾ സഞ്ചരിച്ച് വഹിച്ചു കൊണ്ടു പോവുക പ്രായോഗികമല്ല. അത്കൊണ്ട് കുന്തിരിക്കം, മൂർ, മറ്റു സുഗന്ധ ദ്രവ്യങ്ങൾ, രത്നങ്ങൾ, വിലകൂടിയ കല്ലുകൾ, സ്വർണം മുതലായവ യായിരുന്നു കച്ചവട വസ്തുക്കൾ.

പുരാതന ലോകത്തെ സുഗന്ധ ദ്രവ്യകച്ചവട യാത്രാപഥം ( Incense trade rout) എന്ന് പേര് കേട്ട ട്രേഡ് റൂട്ട് തെക്കൻ അറേബ്യയിലൂടെയാണ് കടന്നു പോകുന്നത്. യമനും ഒമാനുമടങ്ങുന്ന തെക്കൻ അറേബ്യയാണ് സുഗന്ധദ്രവ്യങ്ങളുടെ ഉദ്പാദന കേന്ദ്രം. ഈ അമൂല്യ വസ്തുക്കൾ വഹിച്ചു പോകുന്ന യാത്രാപഥങ്ങൾക്കരികിലാണ് ആദിന്റെ അധിവാസ ഭൂമിയായ യമൻ നിലകൊള്ളുന്നത്. സുഗന്ധദ്രവ്യങ്ങളുടെ കൃഷിക്ക് യമന്റെ പ്രശസ്തി പുകൾ പെറ്റതായിരുന്നു.

(Dam of Jufaynah), ഖാരിദ് ഡാം (Dam of Kharid), അദ്റ: ഡാം (Dam of Adra'ah), മിഖ്റാൻ ഡാം ( Dam of Miqran), യത്താൻ ഡാം (Dam of Yath'an)മുതലായ ഇത്തരം പുരാതനമായ വൻ അണക്കെട്ടുകൾ യമനിലെ പൗരാണിക ചരിത്ര സ്മാരകങ്ങളാണ്. മധ്യകാലത്തെ അറബ് ഭൂമിശാസ്ത്രകാരനായ യാഖൂത്ത് അൽ ഹമാവി മഅ്രിബ് ഡാമിനെക്കുറിച്ച് വിവരിക്കുന്നത് കാണുക: ***'മൂന്ന് പർവതങ്ങൾക്കിടയിലാണ്. ജലപ്രളയമുണ്ടാവുമ്പോൾ ഒരു സ്ഥലത്ത് ഒഴുകിയെത്തുന്ന ജലം ഒരു ദിശയി ലേക്ക് ഒഴുകുന്നു. പുരാതന കാലത്തെ ആളുകൾ ആ ഒഴുകുന്ന ജലം കഠിനമായ പാറകളും ഇയ്യവുമുപയോഗിച്ച് തടഞ്ഞു നിർത്തിയിരിക്കുന്നു. അരുവികളിൽ നിന്നുള്ള ജലവും അവിടെ സംഭരിക്കപ്പെടുന്നു. അങ്ങനെ ഡാമിൽ ശേഖരിക്കപ്പെട്ട ആ ജലം ഒരു സമുദ്രം പോലെ ആയി തീരും. തങ്ങളുടെ കാർഷിക വൃത്തിക്ക് ആവശ്യമായി വരുമ്പോൾ അത് ഉപയോഗിക്കാൻ അവർക്ക് കഴിയുന്നു. ഇത് ഒരു സ്ലൂയിഡ് വാൽവ് മുഖേന അവർക്ക് ആവശ്യമുള്ളപ്പോൾ ജലസേചനം നടത്തുന്നു. ആവശ്യം കഴിഞ്ഞാൽ അവർ സ്ലൂയിഡ് വാൽവ് അടക്കുന്നു.' (wikkipeadia under -Ma'arib Dam ma)***

ഭൗതികമായി പുരോഗമിച്ച ഈ അറബ് നാഗരികതക്ക് ശേഷം സമൂദ് വന്നു. അവർക്ക് ശേഷം ആയിരത്തിയഞ്ഞൂറിലധികം വർഷം കഴിഞ്ഞ് ചരിത്രത്തിൽ അറിയപ്പെട്ട ഒരു പുരാതന ജനതയാണ് സബഅ്. ആദിനെ തുടർന്ന് തെക്കേ അറേബ്യയിൽ വന്ന പുരാതനമായ ഇത്തരം ജനതകളിലെല്ലാം ഈ സമൃദ്ധിയുടെയും സമ്പന്നതയുടെയും മിന്നലാട്ടങ്ങൾ കാണാം. വിശുദ്ധ ഖുർആനിലും (സൂറ:അന്നംല്) ബൈബിളിലും (രാജാക്കന്മാർ 10:2, സങ്കീർത്തനങ്ങൾ 72:15, യിരമ്യാവ് 6:20, ഇസക്കിയേൽ 27:22,38:13 ഇയ്യോബ് 6:19) പുരാതനമായ അസീറിയൻ ബാബിലോണിയൻ രേഖകളിലും സബഅ് ജനതയെക്കുറിച്ച് പരാമർശമുണ്ട്. അവരുടെ സുപ്രസിദ്ധയായ ഭരണാധികാരി ബൽക്കീസ് (ശേബാ) രാജ്ഞിയെക്കുറിച്ചും സുലൈമാൻ നബി(അ) യെ പറ്റിയുമുള്ള പരാമർശങ്ങളാണവ. വിശ്വ സാമ്രാട്ടും ധനികനുമായ സുലൈമാൻ നബി (അ) യുടെ സമ്പന്നതയോട് സാമ്യം നിൽക്കുന്ന അഭിവൃദ്ധി പ്രാപിച്ച ഒരു ഭരണാധികാരിയായിട്ടാണ് നമുക്ക് യമനിലെ ബൽക്കീസ് രാജ്ഞിയെ കാണാൻ കഴിയുക. അതിൽ ബൈബിളിലെ പരാമർശം ഇങ്ങനെയാണ്.***'ശേബ രാജ്ഞി രാജാവിന് നൂറ്റിയിരുപത് താലന്തു സ്വർണവും വളരെയേറെ സുഗന്ധ ദ്രവ്യങ്ങളും രത്നങ്ങളും സമ്മാനിച്ചു. അവർ സമ്മാനമായി നൽകിയ അത്രയും സുഗന്ധദ്രവ്യങ്ങൾ മറ്റൊരു സമയത്തും സോളമൻ രാജാവിന് ലഭിച്ചിട്ടില്ല.' (രാജാ:10:10).***

മാത്രമല്ല മരുഭൂമിയിൽ വളരുന്ന വീര്യമേറിയ ഔഷധച്ചെടികളിൽ നിന്നുള്ള ഭാരം കുറഞ്ഞ മരുന്നുൽപ്പന്നങ്ങളും സ്വർണം മുതലായ വസ്തുക്കളും അവർ അന്തർ ദേശീയമായി വിപണനം ചെയ്തു. വിപണനവും സൈനികമായ പടയോട്ടങ്ങളും കൊണ്ട് അതിശക്തരായ ആദ് സമൂഹവും അവരെ തുടർന്ന് വന്ന അറബ് നാഗരികതയും ഇസ്ലാമിന്റെ ആവിർഭാവത്തിന് മുമ്പ് തന്നെ വിദൂരദേശങ്ങളെയും പുരാതന ലോകത്തെയും വലിയൊരളവോളം സ്വാധീനിച്ചിരുന്നു എന്ന് തീർച്ചയാണ്.

മക്കയും മദീനയും സ്പർശിച്ച് കൊണ്ട് അറേബ്യക്ക് വടക്ക് പടിഞ്ഞാറുള്ള റോമിലേക്കും മെഡിറ്ററേനിയൻ പ്രദേശങ്ങളിലേക്കും വടക്ക് ഭാഗത്തുള്ള മെസപ്പെട്ടോമിയ (ഇറാക്ക്) യിലേക്കും സുഗന്ധ ദ്രവ്യ യാത്രാപഥം നീളുന്നു. സുദീർഘമായ ഈ യാത്രാ പഥത്തിനരികിലാണ് പുരാതന കാലത്തെ രാജ്യങ്ങളിലെ കോട്ടകൊത്തളങ്ങളും ഭരണ കേന്ദ്രങ്ങളും അധിവാസ മേഖലകളുമുണ്ടായിരുന്നത്. ഈ യാത്രാപഥം അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള മക്കയും മദീനയും സ്പർശിച്ച് വടക്ക് ഡമാസ്ക്കസിലെത്തുന്നു. അവിടെ കിഴക്കോട്ട് ഇന്ത്യയിലേക്കും ചൈനയിലേക്കും മറ്റു ഏഷ്യൻ രാജ്യങ്ങളിലേക്കും പോകുന്ന സിൽക്ക് റോഡുമായി ഈ യാത്രാപഥം കൂടിചേരുന്നു. പടിഞ്ഞാറ് റോമിലേക്കും മെഡിറ്ററേനിയനിലേക്കും ഈ വാണിജ്യപാത നീളുന്നു. അപ്രകാരം ഇറാഖിലെ പുരാതന ബാബിലോണിയയിൽ വെച്ചും ഈ സുഗന്ധ ദ്രവ്യ വാണിജ്യ പാത സിൽക്ക് റോഡുമായി ചേരുന്നു. യമനിലെ ഹദർമൗത്തിലുള്ള സുപ്രസിദ്ധമായ ഏഡൻ തുറമുഖം പ്രാചീനകാലം മുതൽക്കേ പുകൾ പെറ്റതാണ്. ആദമിന്റെ മക്കളായ കായേനും ആബേലും ഏഡൻ നഗരത്തിലാണ് ഖബറടക്കിയതെന്ന വിശ്വാസം ഇവിടത്തുകാർക്കുണ്ട്. തെക്കൻ അറേബ്യയിലെ ഒമാനിൽ നിന്നും യമനിൽ നിന്നും അറബിക്കടലിലൂടെ ഇന്ത്യയിലേക്ക് എളുപ്പത്തിൽ സഞ്ചരിക്കാവുന്നതാണ്. പുരാതന കാലം മുതൽ ഇന്ത്യയുമായി ഈ അറബ് നാഗരികതക്ക് ഈ മാർഗം വഴിയും ബന്ധമുണ്ടായിരുന്നു. ഏഡൻ തുറമുഖത്ത് നിന്നും ഒമാനിലുള്ള തുറമുഖങ്ങളിൽ നിന്നും കടൽ മാർഗം ഇന്ത്യയിലേക്ക് എളുപ്പത്തിൽ പ്രവേശിക്കാൻ കഴിയും.

ശ്രദ്ധേയമായ ഒരു കാര്യം 1937 വരെ യമനിലെ ഏഡൻ നമ്മുടെ രാജ്യമായ ഇന്ത്യയുടെ ഭാഗമായിരുന്നു എന്നതാണ്. അവിടെ ഇന്ത്യൻ രൂപ തന്നെയായിരുന്നു നിലനിന്നിരുന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ ബോംബേ പ്രസിഡൻസിയുടെ കീഴിലായിരുന്നു ഏഡൻ തുറമുഖം. 1937 ൽ ബ്രിട്ടീഷുകാർ ഏഡനുമായുള്ള ഇന്ത്യൻ ബന്ധം വിച്ഛേദിക്കുകയും അവരുടെ ക്രൗൺ കോളനിയായി നിലനിർത്തുകയും ചെയ്തു. 1963 ലാണ് ഏഡൻ ബ്രിട്ടീഷുകാർ പൂർണമായും യമന് വിട്ടുകൊടുത്തത്. ഇന്ത്യയും യമനുമായുള്ള വളരെ അടുത്ത ബന്ധം പുരാതന കാലം മുതൽക്ക് തന്നെ ഉണ്ടായിരുന്നു. അത് കൊണ്ട് തന്നെ അറേബ്യൻ സംസ്കാരം ഇന്ത്യയിൽ സ്വാധീനം ചെലുത്താനുള്ള സാദ്ധ്യത വളരെ അധികമാണ്. നമ്മുടെ കേരളത്തിൽ നിന്നു തന്നെ അതിനുള്ള തെളിവുകൾ ലഭിച്ചു കൊണ്ടിരിക്കുകയാണ് എന്ന കാര്യം സാന്ദർഭികമായി ഇവിടെ പരാമർശിക്കട്ടെ. കേരളത്തിൽ 2007 മുതൽ Kerala Council for Historical Research (KCHR) ന്റെ ആഭിമുഖ്യത്തിൽ ബ്രിട്ടനിലേയും ഇറ്റലിയിലേയും അന്താരാഷ്ട്ര ഏജൻസികളും ചേർന്ന് പുരാവസ്തു ഖനനം നടന്നുവരുന്ന ഒരു സ്ഥലമാണ് എറണാകുളം ജില്ലയിലെ 'പട്ടണം' എന്ന ഗ്രാമം. കൊടുങ്ങല്ലൂരിനും വടക്കൻ പറവൂരിനും ഇടയിലുള്ള ഈ സ്ഥലത്ത് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പുരാവസ്തു ഖനനം അന്താരാഷ്ട്ര പ്രശസ്തി നേടിക്കഴിഞ്ഞു. നമ്മുടെ പുരാതന ചരിത്രത്തിൽ വളരെയേറെ മാറ്റത്തിരുത്തലുകൾ പ്രതീക്ഷിക്കുന്ന ഫലങ്ങളാണ് ഇവിടുത്തെ ചരിത്ര ഖനനത്തിൽ വെളിപ്പെട്ടു കൊണ്ടിരിക്കുന്നത്. സംഘ സാഹിത്യങ്ങളിൽ പ്രതിപാദിക്കപ്പെട്ട പുരാതന പ്രസിദ്ധമായ മുസ്രിസ് (കൊടുങ്ങല്ലൂർ) ഈ സ്ഥലം (പട്ടണം) ആണെന്ന അഭിപ്രായത്തിന് പ്രാബല്യ മേറിവരികയാണ്. പട്ടണത്തിൽ നിന്നും ലഭിച്ച പുരാവസ്തുക്കൾ തെക്കൻ അറേബ്യയിലെ പുരാതന യമനുമായി ഇസ്ലാം വരുന്നതിന് സഹസ്രാബ്ദം മുമ്പേ അന്നത്തെ തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളത്തി ന്റെ വ്യാപാര ബന്ധത്തെ സൂചിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് The Hindu പത്രത്തിൽ വന്ന ശ്രദ്ധേയമായ ഒരു ലേഖനത്തിൽ നിന്നെടുത്ത ഉദ്ധരണി ഇങ്ങനെയാണ്.:

*'3,384 കഷണം ടോർപ്പിഡോ ജാറുകളുടെ കഷ്ണങ്ങളും 1,720 തിളങ്ങുന്ന നീല പിഞ്ഞാണ പാത്രങ്ങളും 'പട്ടണത്തിൽ' നിന്ന് കണ്ടെടുക്കുകയുണ്ടായി. ഇത് തമിഴകത്തിന്റെ ഭാഗമായിരുന്ന പട്ടണവും തെക്കൻ അറേബ്യയും തമ്മിലുള്ള വളരെ സജീവമായ വ്യാപാര ബന്ധങ്ങളെ സൂചിപ്പിക്കുന്നു. KCHR ഉം മറ്റു ഏജൻസികളുമാണ് പട്ടണം സൈറ്റിൽ ഖനനം നടത്തുന്നത്. ആർക്കിയോളജിസ്റ്റുകൾ പറയുന്നത് പട്ടണം മുസ്രിസ്/മുചരിരി ആയേക്കാമെന്നാണ്. തമിഴ് സംഘകാലത്ത് തമിഴകത്തിന്റെ പടിഞ്ഞാറെ തീരത്തെ ഏറ്റവും സജീവമായ തുറമുഖമായിരുന്നു പട്ടണം. അറബി കുന്തിരിക്കത്തിന്റെ കഷണങ്ങളുടെ സാന്നിദ്ധ്യം ഈ പ്രദേശവുമായി ഖോറോരി, അലബ (യമന് തൊട്ടടുത്ത ഒമാനിലെ ചരിത്ര ഖനന പ്രദേശങ്ങൾ) പ്രദേശങ്ങളുൾ പ്പെടെ തെക്കൻ അറേബ്യയുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു..'* (28, oct 2012. The Hindu)

*(തുടരും)*



# നല്ല ആഹാരം :
## വിശുദ്ധ ഖുർആന്റെ മാർഗദർശനം

**നല്ലതു തിന്നുക, കുടിക്കുക എന്നതിന്റെ പ്രാധാന്യം ശാരീരികമെന്ന പോലെ ആത്മീയമായും ബന്ധപ്പെട്ടതാണ്. ആരോഗ്യവും സന്തുലിതവുമായ ജീവിതം നിലനിർത്താൻ എന്താണ് ഭക്ഷിക്കേണ്ടത് എന്ത് ഭക്ഷിച്ചു കൂടാ എന്നീ കാര്യത്തിൽ വിശുദ്ധ ഖുർആൻ വളരെയധികം മാർഗദർശനം നൽകുന്നുണ്ട്.**

ഡോ. ലത്തീഫ് ഖുറേശി, യു കെ.

**ആഹാരത്തിലെ ഘടകങ്ങൾ**

ശരീരത്തെ ആരോഗ്യത്തോടെ നിലനിർത്താൻ നല്ലതും സന്തുലിതവുമായ ആഹാരം സുപ്രധാനമാണ്. ആഹാരത്തിൽ പ്രാഥമികമായുണ്ടാകേണ്ട ഘടകം ദ്രാവകമാണ്. മുഖ്യമായും ജലം. ശരീരത്തിന്റെ മർമ്മ പ്രധാനമായ പ്രവർത്തനങ്ങൾക്ക് ഇത് ആവശ്യമാണ്. രണ്ടാമത്തെ പരിഗണന ആഹാരത്തിൽ നിന്ന് ലഭിക്കുന്ന ഊർജമാണ്. ഇവയാകട്ടെ പ്രായം, ലിംഗഭേദം, ഒരു വ്യക്തിയുടെ ശാരീരിക പ്രവർത്തനങ്ങളുടെ അളവ് എന്നിവയെ ആശ്രയിച്ചിരിക്കും. ഇവ ദിവസന്തോറും വ്യത്യസ്തമായേക്കും. ശരീരത്തിൽ നടക്കുന്ന പ്രക്രിയകൾക്കാവ ശ്യമായ ഊർജം ലഭ്യമാവുന്നത് പ്രധാനമായും ഗ്ലൂക്കോസിൽ നിന്നാണ്. വിവിധ തരം ധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കാണപ്പെടുന്ന സ്റ്റാർച്ച് അഥവാ സങ്കീർണമായ കാർബോ ഹൈഡ്രേറ്റ് തന്മാത്രകളുടെ വിഘടനം മൂലമാണ് പ്രധാനമായും ഗ്ലൂക്കോസ് ലഭ്യമാകുന്നത്. ഗ്ലൂക്കോസ് ഓക്സിജനോടൊപ്പം രക്തത്തിൽ കൂടി ശരീരത്തിന്റെ എല്ലാ കോശവ്യൂഹങ്ങളിലേക്കും നിരന്തരം പരിക്രമണം നടത്തുകയും ദിവസം മുഴുവനും ആവശ്യമായ ഊർജം പ്രദാനം ചെയ്യുകയും ചെയ്യുന്നു. ശരീരോർജത്തിന്റെ ആവശ്യത്തിൽ കവിഞ്ഞ് ഭക്ഷണവും കൊഴുപ്പുരൂപത്തിൽ ശരീരത്തിൽ സൂക്ഷിക്കപ്പെടുന്നു. ശരീരത്തിൽ രാസപ്രവർത്തനങ്ങൾ നടക്കുമ്പോൾ തൂക്കത്തിന്റെ അടിസ്ഥാനത്തിൽ കാർബോ ഹൈഡ്രേറ്റുകളേയും ഊർജം പ്രദാനം ചെയ്യുന്ന വസ്തുക്കളേയും അപേക്ഷിച്ച് കൊഴുപ്പ് നൽകുന്നത് ഇരട്ടി കലോറിയാണ്. അതിനാൽ കുറഞ്ഞതോതിൽ മാത്രമേ ഇത് ശരീരത്തിൽ സംഭരിക്കപ്പെടേണ്ടതുള്ളു. വളർച്ചാപ്ര ക്രിയക്കും തേയ്മാനം തീർക്കാനും പകരം വെക്കാനും പ്രോട്ടീൻ ആവശ്യമാണ്. പ്രോട്ടീൻ നിർമിക്കാൻ മനുഷ്യ ശരീരം പ്രാപ്തമാണെങ്കിലും അതിനാവശ്യമായ അമിനോ ആസിഡുകൾ വേണം. ചിലവ ശരീരത്തിനകത്ത് തന്നെ നിർമിക്കപ്പെടുന്നു. ചിലവ മാംസത്തിൽ നിന്നും പച്ചക്കറികളിൽ നിന്നും ലഭിക്കുന്നു. പ്രത്യേകിച്ച് പയർ വർഗങ്ങളിൽ നിന്നും ലഭിക്കുന്നു. പച്ചക്കറികളിൽ നിന്ന് ലഭിക്കുന്ന പ്രോട്ടീൻ മാത്രം ശരീര വളർച്ചക്ക് മതിയാവുന്നില്ല. ചില തരം അമിനോ ആസിഡുകൾ പച്ചക്കറികളിൽ നിന്ന് ലഭിക്കുന്നില്ല. അവ മൃഗ പ്രോട്ടീനുകളിൽ നിന്നാണ് ലഭിക്കുന്നത്.

നല്ല ആഹാരം ശരീരത്തിനാവശ്യമായ ലവണങ്ങളും ഇലക്ട്രോലൈറ്റുകളും പ്രദാനം ചെയ്യുന്നു. എല്ലുകൾക്ക് ശക്തി നൽകുന്ന ഒരു ലവണമാണ് കാൽസിയം. ഇത് പാലിൽ നിന്ന് ലഭിക്കുന്നു. തുടക്കം മുതൽക്കേ ഇത് ശരീരത്തിന് ആവശ്യവുമാണ്. ശരീരത്തിൽ പ്രധാന പ്രവർത്തനം നടത്തുന്ന ഒരു ലവണമാണ് ഇരുമ്പ്. ശരീരത്തിൽ ഇരുമ്പിന്റെ സംഭരണി തന്നെയുണ്ട്. ആഹാരത്തിൽ കൂടി ഇരുമ്പ് സംഭരണി നിറക്കേണ്ടതുണ്ട്. ശരീരത്തിൽ വളരെ പ്രധാന കൃത്യങ്ങൾ നിർവഹിക്കുന്നത് സിങ്ക്, മഗ്നീഷ്യം, കോബാൾട്ട് എന്നീ ലവണങ്ങളാണ്. മാംസവും പഴങ്ങളും പച്ചക്കറികളും ഇവ ശരീരത്തിന് പ്രദാനം ചെയ്യുന്നു. ശരീര ടിഷ്യൂ കോശങ്ങൾക്കിടയിലും പുറത്തും അനിവാര്യമായ ധർമങ്ങൾ നിർവഹിക്കുന്ന ഇലക്ട്രോലൈറ്റുകളാണ് സോഡിയവും പൊട്ടാസ്യവും. അവയുടെ കേന്ദ്രീകരണം ഒരു പ്രത്യേക പരിധിക്കുള്ളിൽ സ്ഥിരമായി നിലകൊള്ളുന്നു. വളരെ നല്ല സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ സങ്കീർണമായ ഒരു വ്യവസ്ഥയുണ്ട്. വൃക്കകളും ഉദരവും മറ്റു നിരവധി അവയവങ്ങളും ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിക്കുന്നു. കറിയുപ്പും പഴങ്ങളും പച്ചക്കറികളുമാണ് ഈ ഇലക്ട്രോലൈറ്റുകൾ ശരീരത്തിന് നൽകുന്നത്. ജീവകങ്ങൾ (vitamin) രണ്ടു വിധമുണ്ട്. ദീർഘകാല ഉപയോഗത്തിന് ശരീരത്തിൽ സംഭരിച്ചു വെക്കപ്പെടുന്ന ജീവകമാണ് ഒന്ന്. അവയെ കൊഴുപ്പിൽ ലയിപ്പിക്കുന്ന ജീവകങ്ങൾ എന്ന് പറയുന്നു. ഇവ പ്രധാനമായും ജീവകങ്ങൾ എ, ഡി, കെ എന്നിവയാണ്. പാൽ, മത്സ്യം, എണ്ണ എന്നിവയിൽ നിന്നാണ് ഇവ ലഭിക്കുന്നത്. ശരീരത്തിൽ പരിമിത

മായി സംഭരിച്ചു വെക്കപ്പെടുന്നതിനാൽ പതിവായി നൽകപ്പെടേണ്ട മറ്റു ജീവകങ്ങളുമുണ്ട്. ഇവയെ ജലത്തിൽ ലയിക്കുന്ന ജീവകങ്ങൾ എന്ന് പറയുന്നു. ഏകദേശം പന്ത്രണ്ടോളം വരുന്ന ബി കോംപ്ലക്സ് ജീവകങ്ങളും ജീവകം ബി യുമാണവ. പച്ചക്കറികളും പഴങ്ങളുമാണ് ഈ ജീവകങ്ങൾ നൽകുന്നത്.

ഔഷധ ഫലങ്ങൾ ഉള്ള ചില വസ്തുക്കളും ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചായ, കാപ്പി ആൾക്കഹോൾ ഇല്ലാത്ത കോള പാനീയങ്ങൾ, ആൾക്ക ഹോളിക പാനീയങ്ങൾ, സിഗരറ്റ്, ചുരുട്ട്, പുകയിലയുടെ മറ്റു ഉൽപന്നങ്ങൾ എന്നിവ നിരവധി രാജ്യങ്ങളിൽ ആഹാരത്തിന്റെ ഭാഗമായി ഉപയോഗിക്കപ്പെടുന്നു. ഇവ തലച്ചോറിന് മേൽ പ്രകടമായ ഫലങ്ങളുള വാക്കുന്നു. കഫീനും ചായയുടെ ഒരു ഘടകവും കാപ്പിയും കോള പാനീയങ്ങളും മനുഷ്യന്റെ തലച്ചോറിനെ ഉദ്ദീപിപ്പിക്കുന്നു. അവ തലച്ചോറിലുണ്ടാക്കുന്ന ഉത്തേജക ഗുണങ്ങളുടെ ഫലമായി ഒരു ഉണർവും ഉന്മേഷവും ഉണ്ടാകുന്നു. ഇതൊരു ശീലമാവുകയും ചിലർ അവക്കടിമപ്പെടുകയും ചെയ്യുന്നു. ആൾക്കഹോളിക്ക് പാനീയങ്ങളുടെ ഒരു ഘടകമായ ഈതൈൽ ആൾക്കഹോൾ മനുഷ്യ മസ്തിഷ്ക്കത്തിന് തിന്മാവസ്ഥയുണ്ടാക്കുന്നു. തുടക്കത്തിൽ സുഖത്തിന്റേയും വിശ്രമത്തിന്റേയും പ്രതീതിയുണ്ടാക്കുന്നു. തുടർന്ന് അത് തലച്ചോറിന്റെ പ്രവർത്തനങ്ങൾ ക്രമരഹിതമാക്കുന്നു. പിന്നീട് അബോധാവസ്ഥയിലേക്കും മരണത്തിലേക്ക് പോലും നയിക്കുന്നു. ഈതൈയിൽ ആൽക്കഹോൾ അഡിക്ഷൻ ഉണ്ടാക്കുന്നതും അടിമപ്പെടുത്തുന്നതുമായ വസ്തു വാണ്. അതിന്റെ വിഷമയമായ ദൂഷ്യഫലങ്ങൾ കരൾ, ഹൃദയം തലച്ചോർ എന്നിവയെ ബാധിക്കുന്നു.

പുകയിലയിൽ അടങ്ങിയിരിക്കുന്ന നിക്കോട്ടിൻ നാഡീവ്യവസ്ഥയിൽ സങ്കീർണമായ ഫലങ്ങളുണ്ടാക്കുന്നു. അത് ശല്യമുണ്ടാക്കുന്നതും അടിമപ്പെടുത്തുന്നതുമാണ്. അർബുദം, ഹൃദ്രോഗം മുതലായവക്ക് കാരണമായവിഷവസ്തുക്കളടങ്ങിയ രാസവസ്തുക്കളിൽ നിക്കോട്ടിൻ അടങ്ങിയിരിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

നാം കഴിക്കുന്ന ഭക്ഷണം മുഴുവൻ ദഹിക്കുന്നില്ല. എന്നാൽ ഉദരത്തിൽ അത് മറ്റു ചില പ്രധാന ധർമങ്ങൾ നിർവഹിക്കുന്നു. നാരുകളും സെല്ലുകളും അത്തരത്തിലുള്ളതാണ്. അവ ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കണ്ടുവരുന്നു. അവ ഭക്ഷണത്തിന്റെ അളവ് കൂട്ടുകയും ഉദരത്തിൽ നിന്നും പല വസ്തുക്കളും പ്രത്യേകിച്ച് പഞ്ചസാര ആഗിരണം ചെയ്യുന്നതിനെ ദൃഢമാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പലപ്പോഴും നാം ഭക്ഷണത്തിൽ ചേർക്കുന്ന സുഗന്ധ ദ്രവ്യങ്ങൾ അതിനെ സ്വാദിഷ്ടമാക്കുന്നു. സവാള, വെള്ളുള്ളി, ഇഞ്ചി, പൊതിന ചപ്പ്, ഗ്രാമ്പൂ, മല്ലി, ഏലക്കാ, തുടങ്ങിയ സാധനങ്ങൾ കൂടുതൽ നല്ല മണം ഉണ്ടാകാൻ വേണ്ടിയാണ് നാം ചേർക്കുന്നത്. മത്സ്യം, സമുദ്രോൽപന്നങ്ങൾ മുതലായവയുടെ രൂക്ഷമായ ഗന്ധം മറച്ചു വെക്കാനാണ് നാമിത് ഉപയോഗിക്കുന്നത്. ചില വസ്തുക്കൾ നാം ചേർക്കുന്നത് നിറം നൽകപ്പെടുവാനാണ്. മഞ്ഞൾ, കുങ്കുമപ്പൂ, ചുകന്ന മുളക് എന്നിവ ഈ വിഭാഗത്തിൽ പെടുന്നു. ഇവ പ്രകൃതി വസ്തുക്കളാണ്. ഇപ്പോൾ സിന്തറ്റിക്ക് വസ്തുക്കളും ഉപയോഗത്തിലുണ്ട്. തേൻ, പഞ്ചസാര, ലാക്റ്റോസ് മുതലായവ മധുരത്തിന് വേണ്ടി നാം ഉപയോഗിക്കുന്നു. ഭക്ഷണ സാധനങ്ങൾ സൂക്ഷിച്ചു വെക്കാനും ഇത് ഉപയോഗിക്കുന്നു. എന്നാൽ ഭക്ഷ്യ വ്യവസായത്തിൽ ഇപ്പോൾ മധുരത്തിന് വേണ്ടിയും ഭക്ഷണ സാധനങ്ങൾ സൂക്ഷിച്ചു വെക്കുന്നതിനും പൊതുവിൽ നിരവധി രാസവസ്തുക്കൾ ഉപയോഗിക്കുന്നു.

**സന്തുലിതാഹാരം**

ദോഷ ഫലങ്ങളുളവാക്കാതെ എല്ലാം അടങ്ങിയ ആഹാരത്തിനാണ് സന്തുലിതാഹാരം എന്ന് പറയുന്നത്. ദിനേന ആവശ്യമുള്ള ദ്രാവകങ്ങൾ, ഊർജം, വിറ്റാമിനുകൾ, ലവണങ്ങൾ തുടങ്ങിയവയെല്ലാം സന്തുലിതാഹാരത്തിൽ അടങ്ങിയിരിക്കണം. ഓരോ മനുഷ്യനും അയാളുടെ പ്രായം, ലിംഗഭേദം, ഉയരം, പ്രവർത്തനങ്ങൾ എന്നിവക്കനുസരിച്ചുള്ള ആവശ്യങ്ങൾ ഉണ്ട്. ഒരു നവജാത ശിശുവിന്റെ സന്തുലിതാഹാരം പ്രായ പൂർത്തിയായ ഒരാളിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഒരു മുഴുസമയ തോട്ടക്കാരന്റെ ആവശ്യങ്ങളും ഒരു ഓഫീസ് ജോലിക്കാരന്റെ ആവശ്യങ്ങളും വ്യത്യസ്തമായിരിക്കും. ഗർഭിണിയുടെ ആവശ്യങ്ങൾ ഗർഭിണിയല്ലാത്ത സ്ത്രീയുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഒരു നവജാതശിശുവിന്റെ ഏറ്റവും അനുയോജ്യവും സന്തുലിതവുമായ ആഹാരം മുലപ്പാലാണ്. ജലം, കലോറി, പ്രോട്ടീനുകൾ അമ്മയിൽ നിന്ന് ശിശു വിലേക്ക് മാറുന്നതി ന്റെ ഫലമായി ഉണ്ടാവുന്ന നിരവധി രോഗങ്ങളിൽ നിന്ന് ശിശുവിനെ മുലപ്പാൽ സംരക്ഷിക്കുന്നു. അതിനാൽ ശിശുവിനെ സംബന്ധിച്ചിടത്തോളം ഇതാണ് ഏറ്റവും സന്തുലിതമായ ആഹാരം.

ഗർഭിണിയായ ഒരു സ്ത്രീയുടെ സന്തുലിതാഹാരം എന്ന് പറയുമ്പോൾ ഗർഭപാത്രത്തിൽ വളരുന്ന ശിശുവിന്റെ ആവശ്യങ്ങളും കൂടി പരിഗണിക്കണം. എന്നാൽ അടിസ്ഥാന തത്ത്വം മേൽ വിവരിച്ചത് തന്നെയാണ്. ശാരീരികമായ വർധിച്ച പ്രവർത്തനം വർധിച്ച രീതിയിലുള്ള ഗ്ലൂക്കോസ് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിന് ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം ഗുണകരമായ ഫലങ്ങളുണ്ട്. പ്രവർത്തനങ്ങൾ വർധിക്കുമ്പോൾ കൂടുതൽ ഊർജം ആവശ്യമായി വരുന്നു.

കുട്ടികൾക്കും മുതിർന്നവർക്കും ആണിനും പെണ്ണിനും വൃദ്ധർക്കുമുള്ള സമീകൃതാഹാരത്തിൽ മായം ചേർക്കാത്ത ശുദ്ധമായ കുടിവെള്ളം ഉണ്ടായിരിക്കണം.

ഒരു വ്യക്തിയുടെ സാഹചര്യമനുസരിച്ച് മതിയായ കാർബോ ഹൈ

ഡ്രേറ്റ്, കൊഴുപ്പ്, പ്രോട്ടീനുകൾ എന്നിവ മുഖേന കലോറി ആവശ്യങ്ങൾ നിറവേറ്റപ്പെടണം. പുത്തൻ പഴങ്ങളും പച്ചക്കറികളും പതിവായി ഭക്ഷിക്കണം. പാലിൽ ധാരാളം കാൽസിയവും പ്രോട്ടീനുമുള്ളതിനാൽ കുട്ടികൾക്കും മുതിർന്നവർക്കും അത് വളരെ ഉപകാരപ്രദമാണ്. സമുദ്രോൽ പന്നങ്ങളും മത്സ്യവും ധാരാളം പ്രോട്ടീനുകളുടെയും ജീവകങ്ങളുടെയും എണ്ണകളുടേയും സ്‌റോതസ്സാണ്. നല്ല ആരോഗ്യം നിലനിർത്താൻ ഇവ ആവശ്യമാണ്. ഇത്തരം വസ്തുക്കൾ നന്നെകുറഞ്ഞാലും വളരെ കൂടുതലായാലും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. ദോഷഫലങ്ങളുണ്ടാക്കുന്ന വസ്തുക്കൾ ആഹാരത്തിന്റെ ഭാഗമാക്കരുത്. അതേ പ്രകാരം സുഗന്ധദ്രവ്യങ്ങൾ, നിറം കൊടുക്കുന്ന വസ്തുക്കൾ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാനുപയോഗിക്കുന്ന വസ്തുക്കൾ (പ്രിസർ വേറ്റേഴ്സ്) എന്നിവ വർജിക്കുന്നതാണ് നല്ലത്. ഔഷധപരമായ ആവശ്യത്തിനല്ലെങ്കിൽ ആഹാരത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആന്റെ മാർഗ ദർശനമെന്താണ്?

**കഴിക്കാവുന്ന ആഹാരം**

ആഹാരത്തെ സംബന്ധിക്കുന്ന നിരവധി മാർഗ ദർശനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. എന്താണ് ഭക്ഷിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള പ്രതിപാദനമാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഇത് വിശുദ്ധ ഖുർആനിലെ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ച് പറഞ്ഞിരിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന സൂക്തം ഇത് വ്യക്തമായി വിവരിക്കുന്നു.

'മനുഷ്യരേ! ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവിൻ'(2:169)

അറബി ഭാഷയിൽ ഉപയോഗിച്ച പദം തയ്യിബ് എന്നാണ്. അതായത് പരിശുദ്ധമായത്, നല്ലത് എന്നൊക്കെയാണ് അതിന്റെ അർഥം ആരോഗ്യകരം, വൃത്തിയുള്ളത്, ശുദ്ധമായത് എന്നൊക്കെ തർജമ നൽകാവുന്നതാണ്. ഇത് ആധുനിക ആരോഗ്യശാസ്ത്രത്തിലുള്ള വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. രോഗ ബീജങ്ങൾ സംക്രമിച്ച് ദ്രാവകങ്ങൾ കഴിച്ചാലുണ്ടാകാവുന്ന ഗുരുതരമായ രോഗങ്ങൾ (കോളറ ഡിസൻട്രി ടൈഫോയ്ഡ്, ഹൈപ്പറ്റൈറ്റിസ് എന്നിവ) ബാധിക്കുന്നു. വെള്ളത്തിലടങ്ങിയ രോഗാണുക്കൾ നശിപ്പിക്കാൻ ഇപ്പോൾ സംവിധാനമുണ്ട്. പാലിലെ രോഗാണുക്കളെ നശിപ്പിക്കാൻ അത് പാസ്ചറൈസ് ചെയ്യുന്നു. പഴുക്കാത്തതും കേടുവന്നതുമായ പഴങ്ങളും പച്ചക്കറികളും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. രോഗാണു ബാധിച്ച മാംസവും ക്രീമും ഭക്ഷണത്തെ വിഷമയമാക്കുന്നു. വിശുദ്ധ ഖുർആൻ നൽകുന്ന മാർഗ ദർശനത്തിൽ ഈ സാദ്ധ്യതകളെയെല്ലാം പരിഗണിക്കുന്നു.

*'തങ്ങൾക്ക് ഭക്ഷിക്കുന്നതിനായി അനുവദിക്കപ്പെട്ടിട്ടുള്ളതെന്താണെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക (എല്ലാ)പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടി രിക്കുന്നു'(5:5)*

തയ്യിബത്ത് എന്ന അറബി പദമാണ് വീണ്ടും ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

ശരീരത്തിന് ഏറ്റവും ആവശ്യമായ വെള്ളത്തിന്റെ പ്രാധാന്യത്തെപ്പറ്റി താഴെ പറയുന്നു:

*'ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു.' (21: 31)*

*താഴെ പറയുന്ന സൂക്തങ്ങൾ പാലിനെ പരിശുദ്ധമായ ആഹാരമായി വിവരിച്ചിരിക്കുന്നു*

*തീർച്ചയായും കന്നുകാലികളിൽ നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിൽ ഉള്ളതിൽ നിന്ന് ശുദ്ധവും കുടിക്കുന്നവർക്ക് രുചികരവുമായ പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു.' (16:67)*

കന്നുകാലികൾ ഭക്ഷിക്കുന്ന പുല്ലും മറ്റു സസ്യങ്ങളും എങ്ങനെയാണ് സ്വാദിഷ്ടവും പോഷകങ്ങളടങ്ങിയതുമായ പാലാക്കി മാറ്റുന്നതെന്ന് ഈ സൂക്തത്തിൽ വളരെ മനോഹരമായി വിവരിച്ചിരിക്കുന്നു. പാലിൽ പ്രോട്ടീനും പഞ്ചസാരയും കൊഴുപ്പും കാൽസിയവും അടങ്ങിയിരിക്കുന്നു.

ശിശുക്കൾക്കും കൗമാരക്കാർക്കും യുവാക്കൾക്കും പാൽ നൽകേണ്ടതിന്റെ പ്രാധാന്യം താഴെസൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നു.

*'മാതാപിതാക്കന്മാർക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യന് താക്കീത് നൽകിയിരിക്കുന്നു. അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ധരിക്കുകയും പ്രയാസപ്പെട്ട്അവനെ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിക്കുന്നതിനും അവന്റെ മുല കുടി നിർത്തുന്നതിനും (ചുരുങ്ങിയത് ) മുപ്പത് മാസക്കാലമെടുക്കുന്നു '(46: 16)*

മുലപ്പാൽ രോഗവിമുക്തമാണ്. ഉപയോഗിക്കുന്നതിന് മുമ്പേ അത് പാസ്ചറൈസ് ചെയ്യപ്പെടുകയോ തിളപ്പിക്കുകയോ ചെയ്യേണ്ടതില്ല. നവജാത ശിശുവിന്റെ ഉത്തമാഹാരമാണ് മുലപ്പാൽ. രോഗങ്ങളെ പ്രതിരോധിക്കാനുള്ള സംരക്ഷണ വസ്തുക്കൾ പാലിലൂടെ മാതാവിൽ നിന്ന് ശിശുവിലേക്ക് മാറ്റപ്പെടുന്നു. കൃത്രിമമായി പാലൂട്ടുന്ന രീതിക്ക് പ്രോത്സാഹനങ്ങളുള്ള കാലമുണ്ടായിരുന്നു. എന്നാൽ പിന്നീട് മുലപ്പാലിന്റെ പ്രാധാന്യം ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി. മാതാക്കൾ കുഞ്ഞുങ്ങളെ മുലയൂട്ടേണ്ട കാലത്തെ പറ്റിയും അതിന്റെ പ്രയോജനത്തെ പറ്റിയും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. എന്നാൽ വ്യക്തികളുടെ സാഹചര്യത്തെ ആശ്രയിച്ച് അതിൽ ഇളവുകൾ വെച്ചിരിക്കുന്നു:

*'മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണമായും രണ്ട് വർഷം മുല കൊടുക്കേണ്ടതാണ്. (നിശ്ചിത കാലംവരെ) മുലയൂട്ടൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കത്രെ (ഈ വിധി)* (2:234) *(തുടരും)*

**(The Review of Religions. Nov 2006. വിവ: കെ.വി ഹസ്സൻ കോയ)**

# വിവാഹ മോചനത്തിന് സ്ത്രീക്കുള്ള അവകാശങ്ങൾ

ദുസ്സഹമായ ദാമ്പത്യ ജീവിതത്തിൽ നിന്ന് വിവാഹ മോചനത്തിലൂടെ സ്വതന്ത്രയാകാനുള്ള അവകാശം പുരുഷനെ പോലെ സ്ത്രീക്കും ഇസ്‌ലാമിക നിയമം അനുവദിക്കുന്നു. ലിംഗഭേദമന്യേ ഇസ്‌ലാം അനുവദിക്കുന്ന ഈ അവകാശങ്ങൾ സിവിൽ നിയമങ്ങളിൽ വേണ്ടത്ര പ്രതിഫലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ആളുകൾ ബോധവാന്മാരുമല്ല.

ഡോ. കൗസർ എടപ്പകത്ത്

ശരിഅത്തനുസരിച്ചുള്ള സ്ത്രീക്ക് നൽകപ്പെട്ട കോടതി ബാഹ്യമായ മോചന അവകാശം പോലും നമ്മുടെത് പോലെയുള്ള പുരുഷ മേധാവിത്വമുള്ള ഒരു സമൂഹത്തിൽ പ്രാവർത്തികമാവു ന്നില്ല. വിവാഹ മോചിതരായ സ്ത്രീപുരുഷന്മാർക്കിടയിൽ നടത്തിയ ഒരു പഠനത്തിന്റെ വെളിച്ചത്തിൽ വെളിപ്പെട്ട ഒരു വസ്തുത 70 ശതമാനം പേർക്കും മുസ്‌ലിം നിയമത്തിന് കീഴിൽ സ്ത്രീക്ക് ഖുലാ പ്രകാരം വിവാഹ മോചനം ചെയ്യാനുള്ള അവകാശമുണ്ടെന്ന കാര്യത്തെപറ്റി ബോധവാന്മാരല്ല എന്നതാണ്. മൂന്നാമത്തെ ഗ്രൂപ്പിൽപ്പെട്ട 80% ആളുകളും നാലാമത്തെ ഗ്രൂപ്പിൽപ്പെട്ട 70% ആളുകളും ഖുലയെ പറ്റി ബോധവാന്മാരാണ്. ഭൂരിപക്ഷം ആളുകളും പിന്നീട് പറഞ്ഞത് ഖുല പ്രായോഗിക മല്ലെന്നാണ്. എന്തുകൊണ്ട് ഭാര്യയുടെ വിവാഹ മോചന അവകാശമായ ഖുല ഭർത്താവ് പ്രയോഗിക്കുന്ന തലാഖിനെ പോലെ വ്യാപകമായി ഉപയോഗിക്കപ്പെടുന്നില്ല എന്ന ചോദ്യത്തിന് വിവാഹ മോചിതരായ 61% സ്ത്രീകളും 68% പുരുഷന്മാരും പ്രതികരിച്ചത് ഇപ്പറഞ്ഞ നിയമത്തെ പറ്റി അവർക്ക് അറിയില്ല എന്നാണ്. 23.5% വിവാഹ മോചിതരായ സ്ത്രീകളും 19 % വിവാഹ മോചിതരായ പുരുഷന്മാരും പ്രതികരിച്ചത് ഉലമാക്കളും മൗലവിമാരും ഖുല ചൊല്ലാൻ പ്രോത്സാഹിപ്പിക്കില്ല എന്നാണ്. മൂന്നാം ഗ്രൂപ്പിൽ പ്പെട്ട 70% ആളുകളും നാലാം ഗ്രൂപ്പിൽ പ്പെട്ട 50% ആളുകളും പ്രസ്താവിച്ചത് ഇതിനുള്ള കാരണം ഈ നിയമത്തെ പറ്റി ഭാര്യമാർക്കുള്ള അവബോധമില്ലായ്മയാണെന്നാണ്. പ്രസ്തുത ഗ്രൂപ്പിൽപ്പെട്ട 30% ഉം 40% ഉം പേർ യഥാക്രമം പ്രതികരിച്ചത് ഉലമാക്കളും മൗലവിമാരും അത് പ്രോത്സാഹിപ്പിക്കുന്നില്ല എന്നാണ്. അന്തിമമായി ഈ പഠനത്തിൽ വെളിപ്പെട്ടത് ഖുല പ്രയോഗികമാവുന്നില്ല എന്നാണ്. 0.5% വിവാഹ മോചിതരായ സ്ത്രീകളും 2.5% വിവാഹ മോചിതരായ പുരുഷന്മാരും പറഞ്ഞത് അവരുടെ വിവാഹ മോചനം നടന്നത് ഖുല മുഖേനയാണെന്നാണ്.

താഹിർ മഹ്മൂദ് ചൂണ്ടിക്കാട്ടിയത് പോലെ 33 തലാഖിലൂടെ പുരുഷന്മാർക്കുള്ള വിവാഹ മോചന നിയമം പരിഷ്ക്കരിച്ചത് പോലെ വിവാഹ മോചന കാര്യത്തിൽ മുസ്‌ലിം സ്ത്രീക്കുള്ള നിയമാവകാശത്തിൽ യാതൊരു പരിഷ്ക്കരണവും വരാത്തതാണ് കോടതി ബാഹ്യമായ വിവാഹ മോചനത്തിന് തടസ്സമായി നിൽക്കുന്നത്. ഇന്ത്യൻ ഭരണ ഘടന വ്യക്തമായും നിരോധിച്ചിട്ടുള്ള ജുഗുപ്സാവഹമായ ലിംഗവിവേചനമാണിത്.

**തലാഖെ തഫ്‌വിസ് (Talaq-E-Tafwiz)**

ഒരു മുസ്‌ലിം ഭാര്യക്ക് അവരുടെ വിവാഹാവസരത്തിലോ തുടർന്നോ ഭർത്താവുമായി ഏർപ്പെടുന്ന കരാറിലൂടെ ചില അവകാശങ്ങൾ ലഭിക്കുന്നു. വിവാഹ ജീവിതത്തെ ക്രമപ്പെടുത്തുന്ന തരത്തിലുള്ള നിബന്ധനകൾ അത്തരം കരാറുകളിലുൾ പെടുത്താം. അത്തരം കരാറുകളിൽ വിവാഹ മോചനത്തിന് ഭാര്യക്കും അവകാശമുള്ളതായും വ്യവസ്ഥ ചെയ്യാം. ഭർത്താവ് പ്രസ്തുത കരാർ ലംഘിച്ചാൽ ഭാര്യക്ക് സ്വയം തന്നെ കോടതിയുടെ ഇടപെടൽ ഇല്ലാതെ വിവാഹ മോചനത്തിന് തീരുമാനിക്കാവുന്നതാണ്. ഇത് ഇസ്‌ലാമിക വിവാഹ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ഉപകാരപ്രദവുമായ സങ്കൽപ്പമാണ്. പൊതുവെ ഇത് തലാഖെ തഫ്‌വിസ് എന്നാണ് അറിയപ്പെടുന്നത്.

ഈ ഒരു ആശയം മുസ്‌ലിം നിയമത്തിന് പ്രത്യേകമായുള്ളതാണ്. മറ്റൊരു വ്യവസ്ഥയിലും ഇതിന് സമാന്തരമായൊരു നിയമം കണ്ടെത്താൻ സാദ്ധ്യമല്ല. ഇസ്‌ലാമിലെ ഉദാരമായ നിയമം ഭർത്താക്കന്മാർ ദുരുപയോഗം ചെയ്യുന്ന സാദ്ധ്യതക്കെതിരെയുള്ള നിയമപരമായ പരിരക്ഷയാണിത്. ഭർത്താവിന് തലാഖ് ചൊല്ലാനുള്ള അധികാരം ഈ കരാർ മുഖേന എടുത്തുകളയുന്നില്ല. ഈ കരാർ അദ്ദേഹത്തിന്റെ ഭാര്യക്ക് അധികമായി മറ്റൊരു അധികാരം കൂടി നൽകുന്നു എന്ന് മാത്രം. ഭർത്താവ് തലാഖ് മൊഴിഞ്ഞ് വിവാഹ മോചനം നടത്തുന്ന കോടതി ബാഹ്യമായ വിവാഹ മോചനം പോലെ ഭാര്യക്കും വിവാഹ

മോചനം പ്രഖ്യാപിച്ചു കൊണ്ട് ദാമ്പത്യബന്ധത്തിൽ നിന്ന് വിടുതൽ നേടാനുള്ള അധികാരം ഈ നിയമം അവർക്ക് നൽകുന്നു. തലാഖെ തഫ്വിസ് പ്രകാരമുള്ള വിവാഹ മോചനം ഇതിലുൾപെട്ട ഉഭയ കക്ഷികളിലൊരാൾ മുൻ കൈയെടുത്താൽ മാത്രമേ കോടതിയിലെത്തുകയുള്ളൂ, സാധാരണയായി ഭർത്താവ് ഭാര്യയുടെ നിയമപ്രകാരം നൽകപ്പെട്ട അധികാരത്തിലെ വസ്തുതകളിലാണ് തർക്കമുന്നയിക്കുക. അല്ലെങ്കിൽ വിവാഹ മോചനം പ്രഖ്യാപിക്കാൻ ഭാര്യക്കുള്ള നിയുക്ത നിയമാധികാരത്തിന്റെ സാധുത ചോദ്യം ചെയ്യുന്നു. സംഗതി കോടതിയിൽ എങ്ങനെ എത്തി എന്നതിലല്ല കാര്യം. പ്രധാനമായിട്ടുള്ളത് കോടതി വിവാഹ ബന്ധം വിടുതൽ ചെയ്യാൻ ഒന്നും ചെയ്യുന്നില്ല എന്നതാണ്. തലാഖ് പ്രാബല്യത്തിൽ വരുകയോ അനുവദിക്കുകയോ അംഗീകാരം നൽകുകയോ ചെയ്യുന്നില്ല. കരാറിലെ പ്രസക്തമായ വസ്തുതകൾക്ക് അഗീകാരം നൽകപ്പെടുകയും കരാറിലെ ഫോർമുല പ്രകാരം സ്ത്രീ തലാഖ് മൊഴിഞ്ഞതിലൂടെ വിവാഹ മോചനം പ്രാബല്യത്തിലായതായി കോടതി അംഗീകരിക്കുകയുമാണ് ചെയ്യുക. അതിലുപരി സ്ത്രീയുടെ ഭാഗത്ത് നിന്നുള്ള തലാഖെ തഫവിസ് പ്രാവർത്തികമാക്കുന്നതിന്റെ സാധുതയെ സംബന്ധിച്ച് ഒരിക്കലും കോടതി ഇടപെടുന്നില്ല. സ്ത്രീയുടെ പ്രവർത്തന ഫലമായുണ്ടാകുന്ന വിവാഹ മോചനത്തിലും കോടതി ഇടപെടുന്നില്ല.

ഭാര്യക്ക് വിവാഹ മോചനം ചെയ്യാനുള്ള അധികാരം നൽകപ്പെട്ടത് കരാറിൽ പ്രതിപാദിച്ചിട്ടുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമായിരിക്കാം,അല്ലെങ്കിൽ പൊതുവായി നൽകപ്പെട്ടതാകാം. അതുമല്ലെങ്കിൽ നിരുപാധികം നൽകപ്പെട്ടതാകാം. തഫ്വിസെ തലാഖിന്റെ (നിയുക്താധികാരത്താൽ ലഭ്യമാകുന്ന വിവാഹ മോചനം) എല്ലാ സംഗതികളിലുമെന്ന പോലെ ഭാര്യക്ക് ലഭിക്കുന്ന അധികാരത്തിന്റെ നിയമപരമായ അധിഷ്ഠാനം ഭർത്താവിൽ നിന്ന് അവളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന അധികാരമാണ്. അത് ഔപചാരികമായ ഒരു കരാറിന്റെ രൂപത്തിലാകാം അല്ലാതെയുമാവാം. തലാഖെ തഫ്വിസിൽ ഒരു പ്രത്യേക സാഹചര്യവുമായി ബന്ധിക്കപ്പെട്ടതാകണമെന്ന് നിർബന്ധമില്ല. ഭർത്താവിന് സ്വന്തമായി തന്നെ വിവാഹ മോചനത്തിനുള്ള അധികാരമുണ്ടായിരിക്കെ ആ അധികാരം അദ്ദേഹം തന്റെ ഭാര്യയിലേക്കും കൈമാറാം. എന്തൊരു അധികാരമാണോ തനിക്ക് പ്രയോഗിക്കാൻ നിയമപരമായി സാധുതയുള്ളത് ആ നിയമാധികാരങ്ങൾ ഭർത്താവിന് തന്റെ ഭാര്യയിലേക്കും കൈമാറാവുന്നതാണ്. ആ അധികാരം തുടക്കത്തിൽ തന്നെ വിവാഹ കരാറിലോ അല്ലെങ്കിൽ മുമ്പുണ്ടായ വിവാഹ തീർപ്പിലോ തഫ്വിസ് (നിയുക്താധികാരം–ഡെലിഗേറ്റ്) മുൻകൂട്ടി ഉൾക്കൊള്ളുകയോ കരാറിൽ എഴുതി ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്താലും ശരി. അത് തികച്ചും അമൂർ ത്തമായി നില കൊള്ളുന്നതാണ്. ഭാര്യയുടെ അധികാരം ചില പ്രത്യേക സാഹചര്യങ്ങളിലോ സംഭവിക്കാനിടയുള്ള സാഹചര്യങ്ങളിലോ മാത്രം പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരിധിക്കുള്ളിലായിരിക്കും അത് പ്രാവർ ത്തികമാവുക. ഭർത്താവിന്റെ ഭാഗത്ത്നിന്ന് ഒരു നിയുക്താധികാരം ഭാര്യക്ക് നൽകാൻ ബോധപൂർവമായൊരു ഉദ്ദേശ്യം ആവശ്യമാണ്. അത് തിരിച്ചെടുക്കാൻ പറ്റാത്ത വിവാഹ മോചനത്തിന്റെ (Irrevocable divorce) ഫലമായിരിക്കും ഉണ്ടാക്കുക.

ഭാര്യക്ക് (അല്ലെങ്കിൽ മൈനറായ ഭാര്യയുടെ രക്ഷകർത്താവിന്) നൽകുന്ന നിയുക്താധികാരം വ്യക്തമായ ഭാഷയിലായിരിക്കണം. അത് പ്രാവർത്തികമാക്കുന്ന സാഹചര്യങ്ങളും വ്യക്തമായി ഉച്ചരിച്ചിരിക്കണം. ഭാര്യ അവളുടെ അഭിപ്രായം പ്രകടമാക്കണം. ഉടമ്പടിയിലുള്ള കാര്യങ്ങൾ സംഭവിച്ചത് കൊണ്ട് മാത്രം തലാഖ് ഉണ്ടാവുന്നില്ല. വിവാഹ ബന്ധം വേർപ്പെടുത്താനുള്ള പ്രാഥമിക അധികാരം ഭർത്താവിനാണ്. ആ അധികാരം നിരുപാധികമോ സോപാധികമോ ആയി അദ്ദേഹത്തിന് ഭാര്യയിൽ നിക്ഷിപ്തമാക്കാവുന്നതാണ്. കൽക്കത്ത ഹൈക്കോടതിക്ക് മുമ്പാകെ ഒരു ചോദ്യം ഉയരുകയുണ്ടായി. അതായത് ഭർത്താവ് തന്റെ നിയുക്താധികാരം യാതൊരു ഉപാധികളുമില്ലാതെ നിരുപാധികമായി ഭാര്യക്ക് നൽകി എന്നിരിക്കട്ടെ. അത് ഒരിക്കലും യാതൊരുവിധ നീക്കുപോക്കുകൾക്കും വിധേയമല്ലാത്ത മുസ്‌ലിം നിയമമാകുന്നില്ല. അതായത് നിയുക്താധികാരം കേവലമല്ല. അത് സോപാധികമാണ്.

കരാറിലുള്ള ഉപാധികൾ ഒന്നും തന്നെ പൊതു നയങ്ങൾക്ക് വിരുദ്ധമായിക്കൂടാ. കരാറിലെ നിബന്ധനകൾ നിയമ വിധേയമാണെങ്കിൽ മാത്രമേ അത് പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളു. ഒരിക്കലും അത് പൊതു നയത്തിന് വിരുദ്ധമായിരുന്നുകൂടാ. പ്രശസ്ത ഇസ്‌ലാമിക പണ്ഡിതൻ അമീർ അലിയുടെ അഭിപ്രായ പ്രകാരം താഴെപറയുന്ന തഫവിസ് തലാഖിലെ കരാറുകൾ കോടതി നിയമങ്ങളിൽ പ്രാബല്യത്തിൽ വരുത്താവുന്നതാണ്.

1. ആദ്യത്തെ ഭാര്യയുണ്ടായിരിക്കെ ഭർത്താവ് രണ്ടാം വിവാഹത്തിലേർപ്പെടരുത്., 2. ഭർത്താവ് ഭാര്യയെ ഭർത്തൃഗൃഹ ത്തിൽ നിന്ന് അവളുടെ അനുവാദ മില്ലാതെ പുറത്താക്കരുത്. 3. നിശ്ചിത സമയ പരിധിക്കപ്പുറം ഭർത്താവ് ഭർത്തൃ ഗൃഹത്തിൽ ഉണ്ടാവാതിരിക്കരുത്., 4. ഭാര്യയും ഭർത്താവും ഒരു പ്രത്യേക സ്ഥലത്ത് താമസിക്കണം., 5. ഒരു നിശ്ചിത സംഖ്യ വിവാഹ മൂല്യമായി വിവാഹത്തിന് ശേഷം ഉടനെയോ അല്ലെങ്കിൽ നിശ്ചിത സമയത്തിനകമോ നൽകണം., 6. ഭർത്താവ് ഭാര്യക്ക് ഒരു നിശ്ചിത സംഖ്യ ചെലവിനായി നൽകണം., 7.ഭാര്യയുടെ മുൻ ഭർത്താവിലുള്ള കുട്ടികളെ ഭർത്താവ് ചിലവ് നൽകി പരിപാലിക്കണം. 8. ഭാര്യയുടെ ബന്ധുക്കളെ അവൾ ആഗ്രഹിക്കുമ്പോഴെല്ലാം അവളെ സന്ദർശിക്കാൻ അനുവദിക്കണം.. അവരെ തടയാൻ പാടില്ല.

ഭാര്യക്ക് ലഭിക്കുന്ന നിയുക്താധികാരങ്ങളിൽ പൊതു നയത്തിനെ

തിരായുള്ളതും അതിനാൽ തന്നെ നടപ്പാക്കാൻ കഴിയാത്തതുമായ പല നിബന്ധനകൾക്കെതിരായും ഇന്ത്യയിലെ പല ഹൈക്കോടതിക ളിൽ നിന്നും നിരവധി അഭിപ്രായ ങ്ങൾ വന്നിട്ടുണ്ട്. 1936 ആരംഭത്തിൽ ലാഹോർ ഹൈക്കോടതി മുഹമ്മദൻ ഭാര്യയുടെ പിതാവ് തന്റെ മകളുടെ ഭർത്താവിൽ നിന്ന് സമ്പാദിച്ച ഒരു കരാർ നിലനിർത്തുകയുണ്ടായി. അതായത് അവളുടെ ഭർത്താവ് അവളെ അവഗണിക്കുകയും അലസ ജീവിതം നയിക്കുകയും ചെയ്തു. കരാർ പ്രകാരം ഭർത്താവ് മാന്യമായ ജീവിതം നയിക്കണം, അയാൾ ഉപജീവന മാർഗം സമ്പാദിക്കണം, ഭാര്യയെ സംരക്ഷിക്കണം, ഭാര്യക്കും അവരുടെ രക്ഷിതാക്കൾക്കും സമ്മത മായ വീട്ടിൽ താമസിക്കണം, ഭാര്യ യോട് ശരിയായ വിധത്തിൽ പെരുമാ റണം. ഭർത്താവ് തന്നെ ഏർപ്പെട്ട ഈ കരാറിൽ ഏതെങ്കിലും ഉപാധികളിൽ ഒന്ന് നടപ്പാക്കുന്നതിൽ അയാൾ വീഴ്ച്ച വരുത്തിയിട്ടുണ്ടെങ്കിൽ അവൾക്ക് വിവാഹ മോചനം ചെയ്യാ നുള്ള സ്വാതന്ത്ര്യമുണ്ട്. അത്തരത്തി ലുള്ള ഒരു കരാർ അസാധുവാകു ന്നതല്ല. അത് പൊതു നയത്തിനോ ഭാര്യയുടെ താൽപര്യത്തിന് എതിരോ അല്ല.

**ബഹു ഭാര്യാത്വവും തഫവിസും**

ഭാര്യമാർ എല്ലാവരോടും തുല്യ നീതി പാലിക്കണമെന്ന ഉപാധി യിന്മേൽ ഒരേ സമയം നാല്വരെ ഭാര്യമാരെ സ്വീകരിക്കാൻ മുസ്‌ലിം പുരുഷനെ മുസ്‌ലിം നിയമം അനുവ ദിക്കുന്നു. മുസ്‌ലിം ഭർത്താവ് തന്റെ മറ്റു സഹപത്നിമാരുമായി അയാളു ടെ സ്നേഹം പങ്കുവെക്കുന്ന കാര്യം ഓരോ പത്നിമാർക്കും അറിയാൻ സാദ്ധ്യമല്ല. എന്നിരുന്നാലും ഒരാ ളോട് മാത്രം കൂടുതൽ സ്നേഹം എന്ന അനീതി ഉണ്ടാകുന്ന സാദ്ധ്യത ക്കെതിരെ വിവാഹ കരാറിൽ വ്യവ സ്ഥ ചെയ്യുന്നത് അസാധാരണ മല്ല. ആദ്യത്തെ ഭാര്യ നിലനിൽക്കേ ഭർത്താവ് മറ്റൊരു ഭാര്യയെ വിവാ ഹം കഴിക്കില്ല എന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്താവുന്നതാണ്. അതിലുപരിമേൽപ്പടി വ്യവസ്ഥകൾ ഭർത്താവ് ലംഘിക്കുകയാണെങ്കിൽ ഭാര്യക്ക് ഭർത്താവിനെ മൊഴി ചൊല്ലാനുള്ള വ്യവസ്ഥകൾ അതിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത് ബഹുഭാര്യത്വം നിയന്ത്രിക്കാനുള്ള ഫലപ്രദമായ ഒരു വഴിയാണ്. ആദ്യഭാര്യയുടെ സമ്മതം വാങ്ങാതെ രണ്ടാമത് ഒരു സത്രീയെ വിവാഹം ചെയ്യുകയാണെങ്കിൽ ആദ്യത്തെ ഭാര്യക്ക് ഭർത്താവിനെ സ്വയം തന്നെ വിവാഹ മോചനം ചെയ്യാൻ അധികാ രപ്പെടുത്തുന്ന വ്യവസ്ഥ ഇന്ത്യയി ലെ ഹൈക്കോടതികൾ സാധുത നൽകിയതാണ്. സെയ്നുദ്ദീനും ലത്തീഫുന്നിസയും തമ്മിലുള്ള കേസിൽ ആദ്യ ഭാര്യയുടെ സമ്മതമി ല്ലാതെ അവരുടെ വിവാഹക്കരാറിൽ രണ്ടാം വിവാഹം കഴിക്കുന്നതല്ല എന്ന വ്യവസ്ഥ ഭർത്താവ് അംഗീ കരിക്കുകയുണ്ടായി. ഭാര്യയെ പ്രഹരിക്കുകയില്ലെന്നും അപമ ര്യാദയായി പെരുമാറുകയില്ലെന്നും അവളെ രക്ഷിതാക്കളെ സന്ദർശി ക്കാൻ അനുവദിക്കുമെന്നും വ്യവ സ്ഥചെയ്തു.

ഭർത്താവ് രണ്ടാം ഭാര്യയെ വിവാഹം ചെയ്തു. ആദ്യഭാര്യ അയാളെ വിട്ടുപോയി. ഭർത്താവ് അവൾക്കെതിരെ വിവാഹ ബന്ധം പുനസ്ഥാപിക്കാനായി കേസു കൊടുത്തു. തദനന്തരം അവളുടെ ഭർത്താവ് അവൾക്ക് നൽകിയ അധികാരം ഉപയോഗിച്ച് മുസ്‌ലിം നിയമ പ്രകാരമുള്ള മൂന്ന് മൊഴിയും അവൾ കൊടുത്തു. അവൾ ഇപ്പോ ൾ ഭർത്താവിന്റെ ഭാര്യയല്ലെന്ന് അവളുടെ ഭർത്താവിന്റെ കേസിനെ തിരെ കോടതിയിൽ വാദിക്കുക യുണ്ടായി. ഭാര്യ വിവാഹം വേർ പെടുത്തിയതിന്റെ സാധുത കോടതി അംഗീകരിക്കുകയും ഭർത്താവിന്റെ കേസ് തള്ളികളയുകയും ചെയ്തു. ബദറുനിസ്സയും മാഫിയത്തഅലയും തമ്മിലുള്ള കേസിൽ കൽക്കത്ത ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധിക്കുക:

'ഭാര്യ ജീവിച്ചിക്കെ അവളുടെ സമ്മതം കൂടാതെ ഭർത്താവ് രണ്ടാമ തൊരു വിവാഹം ചെയ്യുകയാണെ ങ്കിൽ ഒന്നാം ഭാര്യക്ക് വിവാഹ മോചനം ചെയ്യാനുള്ള അധികാരം നൽകുന്ന ഒരു സ്വകാര്യ കരാറിൽ ഏർപ്പെടുകയാണെങ്കിൽ തന്റെ സമ്മതം കൂടാതെയാണ് രണ്ടാം വിവാഹം കഴിച്ചതെന്നതിന് തെളിവ് നൽകി കൊണ്ട് വിവാഹ മോചനം ചെയ്യാനുള്ള അവകാശമുണ്ടാ യിരിക്കും.'

ഇന്ത്യയിൽ തലാഖെ തഫവിസ് പൂർണമായും പ്രയോഗക്ഷമമാണ്. 1937 ലെ മുസ്‌ലിം വ്യക്തി നിയമം പ്രത്യേകമായി തലാഖെ തഫവി സ്നെ പറ്റി പരാമർശിക്കുന്നുണ്ട്. 1949 ലെ Orissa Muhammedan Marriage and Divorce Regulation Act 1954 ൽ ഭേദഗതി ചെയ്യുകയും തലാഖെ തഫവിസ് റജിസ്റ്റർ ചെയ്യാൻ പ്രത്യേകം നിയമം ഉൾപ്പെടുത്തുകയും ചെയ്തു. ഇതിന് സമാന്തരമായി ആസാം, ബിഹാർ, ജാർഖണ്ഡ്, മേഘാലയ, വെസ്റ്റ് ബംഗാൾ എന്നിവടങ്ങളിൽ ഇത് പൊതുനിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്യാം. എന്തായാലും തലാഖെ തവഫിസ് ചില പ്രത്യേക ഭാഗങ്ങളിൽ മാത്രം ഉന്നത വിദ്യാഭ്യാ സം ലഭിച്ച കുടുംബങ്ങ ളിൽ മാത്രമേ പ്രവർത്തികമാവുന്നുള്ളു. വസ്തു നിഷ്ഠമായ പഠനം സൂചിപ്പിക്കുന്നത് തലാഖ തഫവിസ് ആളുകൾക്കിട യിൽ പ്രചാരത്തിലില്ല എന്നാണ്. മുസ്‌ലിം വധുവിന് വിവാഹാവസര ത്തിൽ തലാഖെ തഫവിസിനുള്ള വ്യവസ്ഥ ഉന്നയിക്കാൻ അവകാശ മുണ്ട്. അതുകൊണ്ട് അവൾ പൂർണ മായും സംരക്ഷിക്കപ്പെടുന്നു എന്ന് ചിലപ്പോൾ ചില മുസ്‌ലിം നേതാക്ക ന്മാർ വാദിക്കാറുണ്ട്. ഇത് യാഥാർഥ്യ ങ്ങൾക്ക് നേരെയുള്ള കണ്ണടച്ചിരു ട്ടാക്കലാണ്. നമ്മുടെ സമൂഹത്തിൽ ഒരു പെൺകുട്ടിക്ക് ഒരു വരനെ കിട്ടുക എന്നത് ഒരു ഭഗീരഥ യത്നം ആവശ്യപ്പെടുന്ന ഒന്നാണ്. ഒരു രക്ഷിതാവിന് അവരുടെ പെൺമ ക്കളെ കെട്ടിച്ചയക്കുന്നതിലെ പ്രയാ സം നല്ലത് പോലെ അറിയാം. ഇങ്ങ നെ ഒരവസ്ഥയിൽ തലാഖെ തഫവി സ് എന്ന കരാർ ഉണ്ടാക്കുക എന്നത് അചിന്ത്യമാണ്. കൂടാതെ മിക്കവർ ക്കും ഇത്തരത്തിൽ വിവാഹ മോച നം ചെയ്യാനുള്ള ഒരു സംവിധാനം ഉണ്ടോ എന്ന് പോലും അറിയില്ല.



# യോനായുടെ അടയാളം

യേശു തന്റെ സത്യതക്കായി പറഞ്ഞ ഒരേയൊരു തെളിവാണ് യോനായുടെ അടയാളം. ബൈബിൾ വിവരിക്കുന്ന മർമ പ്രധാനമായ ഈ അടയാളം യേശു കുരിൽ വെച്ച് മരിച്ചിട്ടില്ല എന്നും ബോധരഹിതനായി കല്ലറയിൽ പ്രവേശിച്ച യേശു അബോധാവസ്ഥയിൽ നിന്ന് മുക്തി നേടി കല്ലറയിൽ നിന്ന് ഏഴുന്നേറ്റു വരികയാണുണ്ടായതെന്നും അസന്ദിഗ്ധമായി തെളിയിക്കുന്നു. മത്സ്യത്തിന്റെ വയറ്റിൽപ്പെട്ട് പുറത്ത് വന്ന സംഭവത്തിന് ശേഷം യോനാ നീനവക്കാരിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയത് പോലെ യേശു കുരിശ് സംഭവത്തിന് ശേഷം ഭൂമിയുടെ ഉദരത്തിൽ (കല്ലറയിൽ) മൂന്ന് നാൾ ഇരുന്നതിന് ശേഷം കാണാതെ പോയ ഗോത്രങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കുകയായിരുന്നു. *ലേഖിക ലണ്ടനിൽ നിന്ന് പുറപ്പെടുന്ന അഹ്മദിയ്യാ മുഖപത്രമായ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ പത്രാധിപ സമിതിയംഗമാണ്. 1992 മുതൽ യു. കെ. യിലെ അഹ്മദിയ്യാ മുസ്‌ലിം വനിതാ ഗവേഷണ സംഘത്തിന്റെ കോർഡിനേറ്ററുമായി പ്രവർത്തിക്കുന്ന അവർ പ്രഗല്ഭയായ ബൈബിൾ പണ്ഡിത കൂടിയാണ്.*

നവിദ സയ്യദ്, യു. കെ.

യോനാ പ്രവാചകന്റെ കഥ യഹൂദ, ക്രിസ്ത്യൻ, ഇസ്ലാം മതാനുയായികൾക്ക് അമൂല്യമായ ഒരു പാഠമെന്നോണം അവരുടെ മതഗ്രന്ഥങ്ങൾ വിവരിക്കുന്നുണ്ട്. പശ്ചാത്താപത്തിന്റെയും മാപ്പി ന്റെയും കഥയാണത്. തിമിംഗലം അല്ലെങ്കിൽ ഭീമാകാരനായ ഒരു മത്സ്യത്താൽ ജീവനോടെ വിഴുങ്ങ പ്പെട്ട ദൈവത്തിന്റെ ഒരു പ്രവാചകന്റെ വൻ പരീക്ഷണത്തിന്റെ കഥയായിരുന്നു യോനായുടെ കഥ. ക്രിസ്ത്യാനികൾക്ക് യേശുവിന്റെ അടയാള മായി പറഞ്ഞ യോനായുടെ കഥ വളരെ പ്രധാന്യമുള്ളതാണ്. കുരിശ് മരണത്തിൽ നിന്ന് യേശു എങ്ങനെ രക്ഷപ്പെട്ടുവെന്നും നഷ്ടപ്പെട്ടു പോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി അദ്ദേഹം എങ്ങനെ സഞ്ചരിച്ചു വെന്നുമുള്ള കാര്യങ്ങൾ ബൈബിൾ അടിസ്ഥാനമാക്കിയും ചരിത്രപര മായും വൈദ്യശാസ്ത്ര വീക്ഷണത്തിലും നിരവധി ലേഖനങ്ങൾ പ്രസിദ്ധീ കരിക്കപ്പെട്ടിട്ടുണ്ട്. ഈ ലേഖനം യോനായുടെ അടയാളത്തെക്കുറിച്ചുള്ളതാണ്. യേശുവുമായി ബന്ധപ്പെട്ട യോനായുടെ അടയാളം എന്താണ് എന്നതിനെ സംബന്ധിച്ചും ക്രൂശീകരണത്തിന് ശേഷം ഈ അടയാളം യേശുവിൽ എപ്രകാരം അത് വ്യക്തമായി

പുലർന്നു എന്ന കാര്യവും വിശദീകരിക്കുന്നു.

**യോനായുടെ അടയാളം**

യോനായുടെ അടയാളം ബൈബിളിൽ ഇപ്രകാരമാണ് വിവരിക്കപ്പെടുന്നത്:

*'ആൾകൂട്ടം വർധിച്ചപ്പോൾ അവൻ പറയാൻ തുടങ്ങി: 'ഈ തലമുറ ദുഷിച്ച ഒരു തലമുറയാണ്. അവർ അടയാളം അന്വേഷിക്കുന്നു. എന്നാൽ യോനായുടെ അടയാളമല്ലാതെ മറ്റൊരടയാളവും ഇതിന് നൽകപ്പെടുകയില്ല. കാരണം യോന നീനവക്കാർക്ക് അടയാളമായിരുന്നത് പോലെ മനുഷ്യ പുത്രൻ ഈ തലമുറക്കും അടയാള മായിരിക്കും.' (ലൂക്കോസ് 11: 29:,30,31) 'യേശു മറുപടി പറഞ്ഞു: 'ദുഷ്ടവും അവിശ്വസ്തവുമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊരടയാളവും അതിന് നൽകപ്പെടുകയില്ല. യോനാ മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിന്റെ ഉദരത്തിലായിരുന്നു. അതുപോലെ മനുഷ്യ പുത്രനും മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെയുള്ളിൽ ആയിരിക്കും.' (മത്തായി 12: 39,40,41)*

മേൽ വചനങ്ങളിൽ യേശു വളരെ സുപ്രധാനമായൊരു പ്രവചനത്തെ സംബന്ധിച്ചും അടയാളത്തെപ്പറ്റിയും സംസാരിക്കുന്നു. മാത്രമല്ല യേശു ഊന്നി പറയുന്നത് ഈയൊരടയാളമല്ലാതെ മറ്റൊരടയാളമില്ല എന്നാണ്. അതിനാൽ നമുക്ക് ആ പ്രവചനം എങ്ങനെ പൂർത്തിയായെന്നു നോക്കാം. യേശുവിനെയും യോനായേയും താരതമ്യം ചെയ്ത ആ സുപ്രധാനമായ അടയാളം എന്താണെന്ന് നോക്കാം.

**യോനാ ജീവിക്കുകയും യേശു മരണമടയുകയുമായിരുന്നോ?**

യേശുവും യോനായുമായുള്ള സാമ്യതയെ പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

*'യൂനുസ് നബി(അ) (യോനാ പ്രവാചകൻ) കടലാനയുടെ വയറ്റിൽ മൂന്ന് രാപ്പകലിരുന്നത് പോലെ മനുഷ്യ പുത്രൻ മൂന്ന് രാപ്പകൽ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്ന് മത്തായിയുടെ സുവിശേഷ (12: 40)ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരിച്ചി രുന്നില്ല എന്നത് സ്പഷ്ടമായ സത്യമായിരുന്നല്ലോ. ഏറിയാൽ അദ്ദേഹത്തിനുണ്ടായിരുന്നത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ട് കിടക്കുകയാണുണ്ടായത്. ഇങ്ങനെ യോനാ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരിക്കുകയും ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ യേശു മശീഹ ക്രിസ്ത്യാനികൾ പറയുന്നത് പോലെ ഭൂമിയുടെ വയറ്റിൽ മരിച്ച് കിടക്കുകയാണ് ചെയ്തിരുന്നതെങ്കിൽ മൃതന് ജീവിച്ചിരിക്കുന്നയാളുമായി എന്ത് സാമ്യമാണുള്ളത്. ജീവിച്ചിരിക്കുന്നവനെ മരിച്ചവനുമായി താരതമ്യപ്പെടുത്താവുന്ന തെങ്ങനെ? വാസ്തവമെന്താണെന്ന് വെച്ചാൽ ഈസാ മസീഹ് ഒരു സത്യ പ്രവാചകനായിരുന്നതിനാൽ, താൻ ഏതൊരുവന്റെ പ്രിയദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശപ്ത മരണത്തിൽ നിന്ന് രക്ഷിക്കുമെന്ന് അദ്ദേഹം അറിയുകയും വിശ്വസിക്കുകയും ചെയ്തിരുന്നു.'(യേശു മിശിഹാ ഇന്ത്യയിൽ(3)*

യേശു മത്സ്യത്തിന്റെ ഉദരത്തിൽ ജീവനോടെ പ്രവേശിക്കുകയും ജീവനോടെ പുറത്തു വരികയും ചെയ്യുകയും യേശു ഭൂമിയുടെ ഉള്ളിൽ മരിച്ച് കൊണ്ട് പ്രവേശിക്കുകയും ഉയിർത്തെഴുന്നേറ്റ് കൊണ്ട് പുറത്ത് വരുകയും ചെയ്യുകയാണെങ്കിൽ സാമ്യതക്കും താരതമ്യത്തിനും യാതൊരു സാദ്ധ്യതയും ഉണ്ടാകുമായിരുന്നില്ല.

**മൂന്ന് രാവിന്റെയും മൂന്ന് പകലിന്റെയും പ്രാധാന്യമെന്ത്?**

ഈ രണ്ട് പ്രവാചകരെ പറ്റിയുമുള്ള അടയാളങ്ങളെ കുറിച്ച് പറയുമ്പോൾ നാം മനസ്സിൽ സൂക്ഷിക്കേണ്ട പ്രത്യേക കാര്യം അടിസ്ഥാന പരമായി അവർ ഇരുവരും സാമ്യന്മാരാണ് (similar) അല്ലാതെ തൽസമന്മാരല്ല (idential) അതായത് ഒരു പോലെയുള്ളവരല്ല. പലരേയും ബുദ്ധിമുട്ടിലാക്കുന്ന ഒരു കാര്യം യേശു കല്ലറയിൽ കഴിച്ചു കൂട്ടിയ രാവിന്റേയും പകലിന്റേയും എണ്ണമാണ്. അത് യോനാ മത്സ്യത്തിന്റെ ഉദരത്തിൽ കഴിച്ചു കൂട്ടിയ രാവും പകലുമായി ഒത്തു പോകുന്നില്ല എന്നതാണ്. വിശുദ്ധ ഖുർആൻ യോനായുടെ മത്സ്യത്തിന്റെ വയറ്റിൽ കഴിച്ചു കൂട്ടിയ ദിവസങ്ങളെ പറ്റി കൃത്യമായി യാതൊന്നും പറയുന്നില്ല.

*'തീർച്ചയായും യൂനുസും ദൈവ ദൂതരിൽ പെട്ട ഒരാളാണ്. ഭാരം നിറഞ്ഞ ഒരു കപ്പലിൽ അദ്ദേഹം ഓടിചെന്നപ്പോഴുണ്ടായ (സംഭവം) ഓർക്കുക. അങ്ങനെ അദ്ദേഹം (മറ്റു യാത്രക്കാരോടൊപ്പം) നറുക്കിൽ പങ്കെടുത്തപ്പോൾ അദ്ദേഹം തള്ളപ്പെട്ടവനിൽപ്പെട്ട ആളായി തീർന്നു. അങ്ങനെ അദ്ദേഹം സ്വയം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ആ വലിയ മത്സ്യം അദ്ദേഹത്തെ പിടിച്ചു വിഴുങ്ങി. അപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിയ ഒരാളായിരുന്നില്ലായെങ്കിൽ പുനരുത്ഥാനം ചെയ്യപ്പെടുന്ന നാൾ വരെ അതിന്റെ വയറ്റിൽ അദ്ദേഹം താമസിക്കേണ്ടി വരുമായിരുന്നു'(37: 141-145)*

ഇത് കൂടാതെ മത്തായി 12:40 വചനത്തെകുറിച്ചുള്ള വ്യാഖ്യാനത്തിൽ പകലിനെയും രാത്രിയെയും സംബന്ധിച്ചുള്ള ഒരു വ്യഖ്യാനത്തിൽ പറയുന്ന പരാമർശം ഇങ്ങനെയാണ്: *'മൂന്ന് പകലും മൂന്ന് രാവും എന്നത് മുഴു പകലും മുഴു രാത്രിയും ആകണമെന്നില്ല. ഇരുപത്തിനാലു മണിക്കൂറിന്റെ എതെങ്കിലും ഒരു ഭാഗം ഒരു ദിവസമായി സാധാരണ കണക്ക് കൂട്ടാറുണ്ട് '(5)*

യോനായുടെ അടയാളം പരാമർശിക്കുന്നേടത്ത് എവിടെയുംതന്നെ പ്രത്യേക മണിക്കൂർ, മിനുട്ട് സമയത്തേക്ക് ഭൂമിയുടെ ഉദരത്തിൽ യേശു ഇരുന്നാൽ മാത്രമേ യോനാ

യുടെ ഈ അടയാളം പൂർത്തിയാവുകയുള്ളൂ എന്ന് പറയുന്നില്ല. വാസ്തവമെന്തെന്നാൽ യേശുവിന്റെ വചനങ്ങളിൽ തന്നെയുള്ള സാമ്യതകൾ രണ്ട് പേരുടെയും അടയാളങ്ങളിൽ മതിയായരീതിയിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്.

**യോനായുടെയും യേശുവിന്റെയും പ്രാർഥന ദൈവം കേട്ടിരുന്നു**

യോനായുടെ പരീക്ഷണത്തിലെ മറ്റൊരു ശ്രദ്ധേയമായ സാമ്യം ഈ രണ്ട് പ്രവാചകന്മാരും തങ്ങളുടെ പരീക്ഷണ വേളയിൽ ദൈവത്തോട് ഉള്ളുരുകി നടത്തിയ പ്രാർഥനകളാണ്. ദൈവം അവരിരുവരുടെയും പ്രാർഥന സ്വീകരിക്കുകയും ചെയ്തതാണ്. മത്സ്യത്തിന്റെ ഉദരത്തിൽ വെച്ച് അത്യന്തം വിഷമകരമായ അവസ്ഥയിൽ യോനാ പ്രാർഥിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തതായി ബൈബിൾ പറയുന്നു:

*'അപ്പോൾ യോനാ മത്സ്യത്തിന്റെ ഉദരത്തിലിരുന്ന് തന്റെ ദൈവമായ കർത്താവിനോട് പ്രാർഥിച്ചു:'ഞാൻ എന്റെ സങ്കടത്തിൽ കർത്താവിനെ വിളിച്ചു അവൻ എനിക്ക് ഉത്തരമരുളി. പാതാളത്തിൽ നിന്ന് ഞാൻ നിലവിളിച്ചു. എന്റെ സ്വരം നീ ചെവികൊണ്ടു'. (യോന:2:1,2)* നീനവക്കാരുടെ അഹങ്കാരം കാരണം കോപിഷ്ഠനായ യൂനുസ് നബി (അ) (യോന) നാട് വിടുകയും അദ്ദേഹം ആത്മാർഥമായി പശ്ചാത്തപിക്കുകയും ചെയ്തത് ഖുർആൻ വിവരിക്കുന്നു.:

*'ദുനൂനിനേയും സ്മരിക്കുക, അദ്ദേഹം കോപിഷ്ഠനായി പോയ അവസരത്തിൽ നാം അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയില്ലെന്ന് അദ്ദേഹം മനസ്സിൽ ഉറപ്പിച്ചു. പിന്നീട് അന്ധകാരത്തിൽ വെച്ച് അദ്ദേഹം വിളിച്ചു പ്രാർഥിച്ചു: 'നീയല്ലാതെ ഒരു ആരാധ്യനുമില്ല. നീ പരിശുദ്ധനാണ്. തീർച്ചയായും ഞാൻ അധർമകാരികളിൽപ്പെട്ടവനാകുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകി. പരിഭ്രമത്തിൽ നിന്നും അദ്ദേഹത്തെ നാം രക്ഷിച്ചു. ഇങ്ങനെയാണ് നാം സത്യവിശ്വാസികളെ രക്ഷിക്കുക.' (21: 88,89)*

അപ്രകാരം യേശുവും ആസന്നമായ കുരിശു പീഡനത്തെയോർത്ത് അത്യന്തം അസ്വസ്ഥനായി. അദ്ദേഹം അത്യധികം വികാര പാരവശ്യത്തോടെ ദൈവത്തിന്റെ സഹായത്തിന് വേണ്ടി കേണപേക്ഷിച്ചു.

*'പിന്നെ യേശു അവരോടൊത്ത് ഗഥശമനി എന്ന സ്ഥലത്തെത്തി. അവൻ ശിഷ്യന്മാരോട് പറഞ്ഞു: ഇവിടെ ഇരിക്ക. ഞാൻ അവിടെപ്പോയി പ്രാർഥിക്കട്ടെ. പത്രോസിനെയും സെബദി പുത്രന്മാർ ഇരുവരേയും അവൻ കൂടെ കൊണ്ടു പോയി. അവൻ അസ്വസ്ഥനും ദുഃഖപരവശനുമായിരുന്നു. അവൻ അവരോട് പറഞ്ഞു: 'എന്റെ ആത്മാവ് മരണ വേദനയോടടുത്ത ദുഃഖം അനുഭവിക്കുന്നു. ഇവിടെ നിങ്ങൾ എന്നോടൊപ്പം ഉണർന്നിരിക്കുക. അവൻ അൽപ്പം മുന്നോട്ടു പോയി കമിഴ്ന്നു വീണു പ്രാർഥിച്ചു. എന്റെ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും നീങ്ങിപോകേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ' അവൻ വീണ്ടും ശിഷ്യന്മാരുടെയടുക്കൽ മടങ്ങി വന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. അവൻ പത്രോസിനോടു ചോദിച്ചു:'എന്നോടൊപ്പം ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്ക്സാധിച്ചില്ല, അല്ലേ? പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർഥിക്കുക. ആത്മാവ് സന്നദ്ധം ശരീരമോ ദുർബലം.'രണ്ടാം പ്രാവശ്യം അവൻ പോയി പ്രാർഥിച്ചു. 'എന്റെ പിതാവേ ഞാൻ ഇത് കുടിക്കാതെ ഈ പാന പാത്രം നീങ്ങിപ്പോകുക സാധ്യമല്ലെങ്കിൽ നിന്റെ ഇഷ്ടം നിറവേറട്ടെ 'അവൻ വീണ്ടും ശിഷ്യന്മാരുടെ അടുക്കൽ മടങ്ങിവന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. കാരണം അവരുടെ കണ്ണുകളിൽ നിദ്രാഭാരം തങ്ങിനിന്നിരുന്നു. അതുകൊണ്ട് അവൻ അവരെ വിട്ട് മൂന്നാം പ്രാവശ്യവും പോയി അതേ വാക്കുകൾ തന്നെ ആവർത്തിച്ചു പ്രാർഥിച്ചു.'(മത്തായി 26: 36- 44)*

യേശു ക്രൂശിതനായപ്പോൾ വീണ്ടും വിലപിച്ചുകൊണ്ട് പ്രാർഥിച്ചു:

*'ഒമ്പതാം മണിക്കൂർ വരെ നാട്ടിലെങ്ങും ഇരുട്ടു പരന്നു. 'ഏലി ഏലി ലമാ സബക്താനി' അതായത് 'എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്താണ് എന്നെ കൈവിട്ടത്' '(മത്തായി 27:45,46)*

മേൽ ഉദ്ധരിച്ച ബൈബിൾ വാക്യത്തിൽ നിന്ന് യേശു സ്വയം ബലിയാവാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല എന്ന് വ്യക്തം. അദ്ദേഹം അത്യധികം അസ്വസ്ഥനുമായിരുന്നു. ദൈവം തന്റെ സംപ്രീത ദാസന്റെ വിലാപങ്ങൾ കേട്ടു. അദ്ദേഹത്തെ കുരിശു മരണത്തിൽ നിന്ന് രക്ഷപ്പെടുത്തി.

**യോനായും യേശുവും അവരുടെ പ്രേഷിത ദൗത്യം പൂർത്തിയാക്കി.**

യോനായും യേശുവും ജീവനോടെ അകത്ത് പ്രവേശിക്കുകയും ജീവനോടെ പുറത്ത് വരുകയും ചെയ്തവരാണ്. യോനാ, തന്നെ മത്സ്യം വിഴുങ്ങിയപ്പോൾ മത്സ്യത്തിന്റെ ഉദരത്തിൽ കുറച്ച് നേരം കഴിഞ്ഞു. അത് പോലെ യേശുവും ക്രൂശീകരണത്തിന് ശേഷം കുരിശിൽ നിന്ന് എടുക്കപ്പെട്ടപ്പോൾ ബോധരഹിതനായിരുന്നു. അദ്ദേഹത്തെ കല്ലറയിൽ വെച്ചു. യേശു കുരിശിൽ നിന്ന് മരിക്കുകയും ഭൂമിയുടെ ഉദരത്തിൽ വെക്കപ്പെടുകയും പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തിരുന്നതെങ്കിൽ അതിന് യോനായുടെ അടയാളവുമായി യാതൊരു സാമ്യതയുമുണ്ടാകുമായിരുന്നില്ല.

**യോനായും യേശുവും ജീവനോടെ പ്രവേശിക്കുകയും ജീവനോടെ പുറത്തേക്ക് വരികയും ചെയ്തു**

യോനായുടെ യഥാർഥ അടയാളം, യോനാക്കും യേശുവിനും ഉണ്ടായ കടുത്ത പരീക്ഷണങ്ങൾക്ക് ശേഷമാണ് വളരെ വ്യക്തമായി വെളിപ്പെടുന്നത്. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) വിശദീ കരിക്കുന്നത് കാണുക:

*'യോനാ പ്രവാചകന്റെ (അ)*

*യഥാർഥ അടയാളം, അദ്ദേഹത്തിന് പ്രബോധന പ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത കാലം നൽകപ്പെടുകയും തന്റെ ബലഹീനതകളെ കുറിച്ച് ബോധവാനായ അതേ യോനാ തന്നെ വിജയിയായ ഒരു പരിഷ്ക്കർത്താവാണെന്ന് തെളിയിക്കുകയും ജനങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയും അവർ സ്വയം ആന്തരികമായ ഒരു പരിവർത്തനം വരുത്തുകയും ചെയ്തു എന്നതാണ്.'(Did Jesus redeemed mankind ?- Hadrath Mirza Bashiruddin mahmood ahamad .p.151)*

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) തുടരുന്നു:

*'മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ടിരുന്നപ്പോൾ നീനവക്കാർ അദ്ദേഹത്തെ കണ്ടിരുന്നില്ല. അദ്ദേഹം മത്സ്യത്തിന്റെ ഉദരത്തിൽ ജീവിച്ചിരുന്നപ്പോഴും അവർ കണ്ടിരുന്നില്ല. മത്സ്യം അദ്ദേഹത്തെ വയറ്റിൽ നിന്ന് പുറം തള്ളിയ പ്പോഴും അവരദ്ദേഹത്തെ കണ്ടിരുന്നില്ല. യോനാ അവരിലേക്ക് തിരിച്ചെ ത്തിയപ്പോൾ, ഭയപ്പെട്ടോടിയ അതേ വ്യക്തിയെ തന്നെയാണ് അവർ കണ്ടത്.. ദൈവം ഒരുവൻ മാത്രമാണ് അദ്ദേഹത്തെ നിർബന്ധിച്ച് അവിടേക്ക് കൊണ്ടുവരികയും അദ്ദേഹത്തിന് വിജയം നൽകുകയും ചെയ്തത്. ഇത് ശക്തി പ്രതാപങ്ങളുടെ അധിപനായ ദൈവത്തിന്റെ ശക്തമായ ഒരടയാളമാണ്. നീനവയിലെ ജനങ്ങളിതിന് സാക്ഷ്യം വഹിക്കുകയുണ്ടായി. ഈസാ മസീഹും അപ്രകാരം വാദിക്കുകയുണ്ടായി. അതായത് 'യോനാനീനവക്കാർക്ക് അടയാളമായിരുന്നത് പോലെ മനുഷ്യപുത്രനും ഈ തലമുറക്കും അടയാളമായി വരും' (ലൂക്കോസ്, 11:30)*

യോനാ മത്സ്യത്തിന്റെ ഉദരത്തിൽ നിന്ന് അതിജീവിക്കുകയും പ്രേഷിത പ്രവർത്തനങ്ങൾക്കായി നീനവയിൽ വരുകയും ചെയ്തു. അത് പോലെ യേശു കുരിശ് മരണത്തിൽ നിന്ന് രക്ഷപ്പെടുകയും ബൈബിൾ പുതിയ നിയമത്തിൽ പറഞ്ഞത് പോലെ ഇസ്റയേൽ ഗൃഹത്തിലെ എല്ലാ ഗോത്രങ്ങളിലും വിജയകരമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

*'ഇസ്റയേൽ ഭവനത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് മാത്രമാണ് എന്നെ അയച്ചിട്ടുള്ളത്'(മത്തായി 15: 24)*

*'എന്നാൽ അവൻ അവരോട് പറഞ്ഞു: ദൈവ രാജ്യത്തിന്റെ സുവിശേഷം മറ്റു നഗരങ്ങളിലും എനിക്ക് പ്രസംഗിക്കണം. കാരണം ഇതിനാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.'(ലൂക്കോസ്4: 44)*

*' ഈ തൊഴുത്തിൽ പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയെയും എനിക്കു കൊണ്ട് വരണം. അവ എന്റെ സ്വരം കേൾക്കും. അങ്ങനെ ഒരു ആട്ടിൻ കൂട്ടവും ഒരു ഇടയനുമാകും' (യോഹന്നാൻ:10:16)*

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എപ്രകാരമാണ് യേശുവിന്റെ ദൗത്യം യോനായുടെ ദൗത്യവുമായി സാമ്യമാകുന്നത് എന്ന് വിവരിക്കുന്നുണ്ട്.

'.......യോനാ പ്രവാചകനെ പോലെ ഈസാ മസീഹും ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ഗോത്രങ്ങളുടെ അടുക്കലേക്ക് പോകുകയും അവർക്ക് ദൈവവചനം കേൾപ്പിക്കുകയും വേണം. നീനവയിലെ ജനത യോനായുടെ വരവ് ഒരടയാളമായത് പോലെ കാണാതെപോയ ഗോത്രങ്ങൾക്ക് യേശു ഒരു അടയാളമാവുകയും വേണം'(***Did Jesus redeemed mankind ?- Hadrath Mirza Bashiruddin Mahmood Ahmad .p.16***2)

എന്നിരുന്നാലും ഹദ്റത്ത് യോനായുടെത് പോലെ ഹദ്റത്ത് മസീഹിന്റെ ദൗത്യം എളുപ്പമായിരുന്നില്ല. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അക്കാര്യം കൂടുതൽ വിശദീകരിക്കുന്നത് കാണുക.

*'ഹദ്റത്ത് യോനാ പ്രവാചകൻ നീനവയിലേക്ക് പോകാൻ ഭയപ്പെട്ടിരുന്നത് പോലെ ഹദ്റത്ത് ഈസാ മസീഹും അഫ്ഘാ നിസ്താനിലേക്കും കശ്മീരിലേക്കും പോകുവാൻ ഭയപ്പെട്ടിരുന്നു. അവിടേക്ക് പോകുന്നതോടെ ഈസാ മസീഹിന് തന്റെ ഭാഷ ഉപേക്ഷിക്കേണ്ടിവരും. അദ്ദേഹത്തിന്റെ ഉറ്റവരേയും ഉടയവരേയും വിട്ടുപോകേണ്ടിവരും. യേശുവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജനതക്കിടയിൽ ഫലസ്തീനിൽ തന്നെ താമസിച്ച് പ്രേഷിത പ്രവർത്തനങ്ങൾ നടത്തുക എളുപ്പമായിരുന്നു. യോനാ തന്റെ ദൗത്യത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ നോക്കിയപ്പോൾ ദൈവം ചില സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ട് അദ്ദേഹത്തെ നീനവയിലേക്ക് കൊണ്ട് വരാൻ സമ്മർദം ചെലുത്തുകയാണുണ്ടായത്. സർവശക്തനായ അല്ലാഹുവിൽ നിന്ന് ഒഴിഞ്ഞുമാറുന്നത് ഉചിതമല്ല എന്ന ബോദ്ധ്യം അദ്ദേഹത്തിൽ ദൈവം സൃഷ്ടിച്ചു. ദൈവം ഏവിടേക്കാണോ പോകണമെന്ന് ഉദ്ദേശിച്ചത് അത് അദ്ദേഹം ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. യേശുവിന്റെ കാര്യത്തിലും അപ്രകാരം തന്നെയായിരുന്നു. സർവശക്തനായ അല്ലാഹു അദ്ദേഹത്തെ കശ്മീരിലേക്കും അഫ്ഘാനിസ്താനിലേക്കും പോവാൻ യോനായെ നിർബന്ധിച്ചത് പോലെയുള്ള സമ്മർദങ്ങൾ നിമിത്തമാക്കുകയായിരുന്നു. ..... എപ്പോഴാണ് നീനവയിലേക്ക് പ്രേഷിത പ്രവർത്തനത്തിനായി യോനാ പോയത്? മത്സ്യത്തിന്റെ ഉദരത്തിൽ നിന്ന് പുറത്ത് വന്നതിന് ശേഷമാണ് എന്നാണ് അതിനുത്തരം. അപ്രകാരം യേശു മിശിഹായുടെ യഥാർഥത്തിലുള്ള ദൗത്യകാലം ആരംഭിക്കുന്നത് അദ്ദേഹം കല്ലറയിൽ നിന്ന് എഴുന്നേറ്റു വന്നതിന് ശേഷമാണ്. അദ്ദേഹം കാണാതെ പോയ ഇസ്റയേൽ ജനത്തെ ഒരുമിച്ചു കൂട്ടിയില്ലായിരുന്നുവെങ്കിൽ അദ്ദേഹമൊരു കള്ളവാദിയാണെന്ന് തെളിയിക്കപ്പെ ടുമായിരുന്നു. (അത്തരം തെറ്റായ വിശ്വാസത്തിൽ നിന്നും നാം ദൈവത്തിൽ അഭയം തേടുന്നു.) (Did Jesus redeemed mankind ?- Hadrath*

*Mirza Bashiruddin Mahmood Ahamed .p.162, 163, 164)*

**യേശു യോനായുടെ അടയാളം പൂർത്തിയാക്കുന്നു**

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) യോനായുടെ വാഗ്ദത്ത അടയാളത്തെ പരാമർശിച്ചു കൊണ്ട് പറയുന്നു:

*'ഹദ്റത്ത് ഈസാ മസീഹ് ഒരു സത്യപ്രവാചകനായിരുന്നതിനാൽ, താൻ ഏതൊരുവന്റെ പ്രിയ ദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശാപ മരണത്തിൽ നിന്ന് രക്ഷിക്കുമെന്ന് അദ്ദേഹത്തിന് ബോധിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. തന്മൂലം അദ്ദേഹം തനിക്ക് ദൈവത്തിൽ നിന്നുമുണ്ടായ വെളിപാടനുസരിച്ച് ഒരു പ്രവചനമെന്ന നിലയിലാണ് ഈ ഉപമ എടുത്ത് പറഞ്ഞിരിക്കുന്നത്. താൻ കുരിശിൽ വെച്ച് മരിക്കുകയില്ലെന്നും ആ ശാപ മരണത്തിന്മേൽ പ്രാണൻ വിടുകയില്ലെന്നും മറിച്ച് യോനാ പ്രവാചകനെ പോലെ മോഹാലസ്യപ്പെടുക മാത്രമാണ് ഉണ്ടാകുകയെന്നും അദ്ദേഹം പ്രസ്തുത ഉപമകൊണ്ട് സൂചിപ്പിച്ചിരിക്കുകയാണ്. തന്നെയുമല്ല, താൻ ഭൂമിയുടെ വയറ്റിൽ നിന്ന് പുറത്ത് വന്നതിന് ശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെ പോലെ താൻ അവരുടെ ഇടയിൽ ബഹുമാനിതനായി ഭവിക്കുകയും ചെയ്യുമെന്ന് കൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരം ഈ പ്രവചനം നിവൃത്തിയാവുകയും ചെയ്തു.*

*എങ്ങനെയെന്നാൽ ഭൂമിയുടെ ഉദരത്തിൽ നിന്ന് പുറത്തുവന്നതിൽ പിന്നെ മിശിഹാ കശ്മീർ, തിബത്ത് തുടങ്ങിയ പൂർവദേശങ്ങളിൽ വസിക്കുന്നുണ്ടായിരുന്ന തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസ്സൂറിയാ രാജാവായിരുന്ന ശാലമൻസർ ക്രി. മു 721 ൽ സാമിരിയ്യാ (സുമേറിയൻ) യിൽ നിന്നും തടവുകാരായി പിടിച്ചു കൊണ്ടു പോയ പത്തു ഗോത്രക്കാരിൽ പെട്ട ഇസ്റയേൽ സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. ആ പത്തു ഗോത്രക്കാർ ഇന്ത്യയിൽ വന്നു ഈ രാജ്യത്തിലെ വിവിധ ഭാഗങ്ങളിൽ കുടിയേറി പാർക്കുന്നുണ്ടായിരുന്നു. അതിനാൽ മശീഹാ ഈ പ്രദേശങ്ങളിൽ സഞ്ചരിച്ചിരുന്നിരിക്കേണ്ടതാവശ്യമാണ്. അദ്ദേഹത്തിന് ലഭിച്ച ദിവ്യദൗത്യത്തിന്റെ പരമലക്ഷ്യം, കാണാതെ പോയ ആടുകളായ യഹൂദ ഗോത്രക്കാരെ കണ്ടുപിടിച്ച് അവർക്ക് സന്ദേശം എത്തിച്ചു കൊടുക്കുക എന്നുള്ളതായിരുന്നു. ആ കുടിയേറിയ ജൂതവർഗക്കാർ തന്നെയായിരുന്നു ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾ. അവർ ഈ പൂർവ രാജ്യങ്ങളിൽ താമസ മുറപ്പിച്ചതിൽ പിന്നെ തങ്ങളുടെ പൂർവികമതം ഉപേക്ഷിക്കുകയും അവരിൽ ഭൂരിഭാഗവും ബുദ്ധമതം അവലംബിക്കുകയും ചെയ്തു. ക്രമേണ വിഗ്രഹാരാധകരായി അധഃ പതിക്കുകയും ചെയ്തു. കശ്മീർ നിവാസികൾ വാസ്തവത്തിൽ ജൂതന്മാരായിരുന്നുവെന്നും അസൂറിയാ രാജാവിന്റെ ആക്രമണ ഫലമായി ചിതറിപ്പോകുകയും ഈ രാജ്യത്ത് കുടിയേറിപ്പാർത്തു തുടങ്ങുകയും ചെയ്തിട്ടുള്ളവരായിരുന്നു എന്നും അനേകം പണ്ഡിതന്മാരുടെ പ്രമാണങ്ങളെ ഉദ്ധരിച്ച് കൊണ്ട് പാശ്ചാത്യ സഞ്ചാരിയായ ഡോ. വില്യം ബർണിയർ തന്റെ സഞ്ചാരക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.* **(Hadrath Mirza Gulam Ahmad 'Jesus in India ' p. 17, 18)**

**ഉപസംഹാരം**

യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന യാഥാർഥ്യത്തിലാണ് യോനായുടെ അടയാളം വ്യക്തമായും പുലരുന്നത്. വാസ്തവത്തിൽ അദ്ദേഹം വൃദ്ധനാകുന്നത് വരെ തന്റെ ദൈവത്താൽ നിയോഗിതമായ പ്രേഷിത യാത്ര തുടരുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

*'നാം ഇബ്നു മറിയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളം ഉള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി.' (3:51)*

*'മേൽ കൊടുത്ത വചനം അർഥമാക്കുന്നതെന്തെന്നാൽ ദൈവത്തിന്റെ ദൂതന്മാർ ആദ്യം നിഷേധിക്കപ്പെടുകയും അവസാനം അവർ വിജയിയാവുകയും ചെയ്യുമെന്നാണ്. അവരുടെ നിഷേധകർ ഈ ദൈവിക നിയമത്തിന നുസൃതമായി ദുഃഖിതരായി തീരും. അവസാനത്തെ ഇസ്റയേലി പ്രവാചകനായ യേശു തന്റെ എതിരാളികളാൽ കടുത്ത പീഡനങ്ങൾക്കിരയാവുകയും അവർ അദ്ദേഹത്തെ കുരിശിൽ തറക്കുകയും ചെയ്തു. പക്ഷേ ദൈവത്തിന്റെ നിയമവും വാഗ്ദാനവുമനുസരിച്ച് ദൈവം അദ്ദേഹത്തെ ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്ന് രക്ഷിച്ചു. അദ്ദേഹത്തിന്റെ ദിവ്യദൗത്യം ആദ്യകാലത്ത് പ്രത്യക്ഷത്തിൽ പരാജയമാണെന്ന് തോന്നിയെങ്കിലും ദൈവം അദ്ദേഹത്തിന് തന്റെ മാതാവിനോടൊപ്പം ഹരിതാഭവും ഒഴുകുന്ന ജലമുള്ളതുമായ ഒരു ദേശത്ത് അഭയം നൽകി. അദ്ദേഹത്തിന്റെ ദൗത്യം പുരോഗമിച്ച് പുഷ്കലമാവുകയും മനുഷ്യായുസ്സിനനുവദിച്ച പൂർണമായ പ്രായത്തിൽ അദ്ദേഹം അവിടെ വെച്ച് ദിവംഗതനാകുകയും ചെയ്തു. യേശുവിന്റെ മരണം അദ്ദേഹത്തിന്റെ ജനനം പോലെ തന്നെ വിവാദാത്മകവും ആശയക്കുഴപ്പവും സംശയങ്ങളും ഉണ്ടാക്കുന്നതുമാണ്. അദ്ദേഹത്തിന്റെ സംഭവബഹുലമായ അവസാനകാല ജീവിതം എങ്ങനെ എവിടെ വെച്ച് അവസാനിച്ചു വെന്നത് വിവാദമായി തുടരുകയാണ്. അദ്ദേഹം എങ്ങനെ മരിച്ചുവെന്നതു ക്രിസ്ത്യൻ വിശ്വാസത്തിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു.'* **(The Holy Quran english translation with commentary p. 1804)**

യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്നത് തീർച്ചയാണ്. പിന്നെയെവിടെ നിന്നാണ് അദ്ദേഹം മനുഷ്യരാശിക്ക് വേണ്ടി കുരിശിൽ വെച്ച് മരിച്ചുവെന്ന വിശ്വാസം

# സീറത്തുന്നബി

ഐ. കെ. അഹ്മദ് കുട്ടി

ഉൺമയിൽ ഉൺമയാം നാഥൻ തവക്കലിൽ
മുങ്ങിക്കുളിച്ചൊരു സാർവഭൗമാ!
ആത്മജ്ഞാനത്തിന്റെ കാണാപ്പുറം കണ്ട
ധീരനാം നേതാവേ വെൽക വെൽക!

ആരാധനയുടെ തീവ്രമാം വിങ്ങലാൽ
ഗദ്ഗദ കണ്ഠം വിറകൊള്ളുന്നു.
പുണ്യപാദങ്ങളിൽ നീർകെട്ട് നിറയുന്നു
ഹൃദയാന്തരാളത്തിൽ നിർവൃതിയും

നാഥനെ ധിക്കരിച്ചോടും ജനത്തിന്റെ
ദുർഗതിയോർത്തു നീകണ്ണീർ വാർക്കെ
ആത്മ ത്യാഗത്തിന്നൊരുങ്ങുന്നുവോ വത്സ
സാന്ത്വന മോതുന്നു ലോകനാഥൻ

ആസുര ഭാവത്തിൻ കേദാരമായൊരാൾ
വാളോങ്ങിക്കൊണ്ടതാ ചൊല്ലിടുന്നു
ആരുണ്ടീപാരിതിൽ നിന്നെ രക്ഷിച്ചീടാൻ
മൃത്യുവെ പുൽകിടൂ നിമിഷാർധത്തിൽ

അക്ഷോഭ്യതയുടെ നിറകുടമായുള്ള
റബ്ബിൻ പ്രിയ തോഴൻ ഓതിടുന്നേൻ
അല്ലാഹു എൻ റബ്ബ് വിറകൊണ്ട് ഭൂതലം
ശത്രുവിൻ ഖഡ്ഗം ധരണി പൂകി

അർശിൽ നിന്നുള്ളൊരു ദിവ്യപ്രഭാപൂരം
സ്ഥായിയായ് കാൺമൂനാം തിരുദൂതരിൽ
മാലാഖ മാരിലൊ മാണിക്യക്കല്ലിലോ
സൂര്യചന്ദ്രാദിയിൽ കാൺമതില്ലാ.

സ്വേദകണങ്ങളാൽ അഭിഷിക്തനായുള്ള
അധ്വാനിയായുള്ള പാവം സഹാബിയെ
പിറകിൽനിന്നതാ ആശ്ലേഷിച്ചിടുന്നു
ആരെന്നറിയുമോ മൽസഖേ നീ

എൻ തങ്കക്കുടമായ നബി തങ്ങളല്ലാതെ
ആരുണ്ടീ നാറുന്ന ഏഴയെ പുൽകിടാൻ
സായൂജ്യം നേടുവാൻ, ചൊല്ലുവിൻ മാളോരെ
ആയിരമായിരം സീറത്തുകൾ.

വന്നത്. പോൾ (പൗലൂസ് അപ്പോസ്തലൻ) ആണ് യേശു കുരിശിൽ മരിച്ചുവെന്ന വിശ്വാസത്തിലൂടെ മാത്രമേ മാനവരാശി രക്ഷിക്കപ്പെടുകയുള്ളു എന്ന വിശ്വാസം കെട്ടിച്ചമച്ചത്. ബൈബിൾ പറയുന്നു:

***'അതുകൊണ്ട് കർത്താവായ യേശു എന്ന് ചുണ്ടുകൾ കൊണ്ട് ഏറ്റു പറയുകയും അവനെ മരിച്ചവരിൽ നിന്ന് ദൈവം ഉയർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും, കാരണം മനുഷ്യൻ സ്വഹൃദയം കൊണ്ട് വിശ്വസിക്കുന്നു; അങ്ങനെ നീതീകരിക്കപ്പെടുന്നു, തന്റെ ചുണ്ടുകൾ കൊണ്ട് ഏറ്റു പറയുന്നു. അങ്ങനെ രക്ഷിക്കപ്പെടുന്നു. അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിതനാകുകയില്ല എന്ന് വിശുദ്ധ ലിഖിതം പറയുന്നു. ഇതിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ ഉള്ള ഭേദം ഇല്ല. കർത്താവ് എല്ലാവരുടെയും കർത്തവാകുന്നു. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മേൽ അവൻ തന്റെ സമൃദ്ധി വർഷിക്കുന്നു. കാരണം കർത്താവിന്റെ നാമം വിളിച്ച് അപേക്ഷിക്കുന്ന ഏവരും രക്ഷിക്കപ്പെടും. (റോമർ 10: 9 13)***

എന്തായിരുന്നാലും യേശു കുരിശിൽ വെച്ച് മരിച്ചില്ലെങ്കിൽ പോളിന്റെ ക്രിസ്തു മതത്തെ സംബന്ധിച്ച നിലപാട് തെറ്റാണെന്ന് വരും. അദ്ദേഹത്തിന്റെ വാദം മാനവരാശിയുടെ പാപത്തിന് വേണ്ടി യേശു കുരിശിൽ ബലിയായി എന്നാണ്. യേശുവിന്റെ കുരിശ് മരണത്തോടെ ന്യായപ്രമാണം അവസാനിച്ചു എന്നാണ് പോളിന്റെ പക്ഷം. അതിനർഥം മനുഷ്യന് നിയമം അനുസരിക്കേണ്ടതില്ല. യേശുവിലുള്ള വിശ്വാസം മാത്രം മോക്ഷത്തിലേക്ക് നയിക്കും എന്നാണ്. ബൈബിൾ പറയുന്നു: ***'കാരണം ക്രിസ്തു നിയമത്തിന്റെ പൂർത്തീകരണമായിരിക്കകൊണ്ട് വിശ്വസിക്കുന്ന ഏവനും നീതീകരിക്കപ്പെടും' (റോമക്കാർ 10:4)***

യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്ന് വിശ്വസിക്കുന്ന അനേകം പേർ ലോകത്തുണ്ട്. അദ്ദേഹം സ്വന്തം ഇഷ്ടപ്രകാരം ബലിയായിട്ടില്ല. അദ്ദേഹം ലോകത്തിന്റെ പാപത്തിന് വേണ്ടിയും ബലിയായിട്ടില്ല. അദ്ദേഹം ദൈവത്തി ന്റെ വലത് ഭാഗത്ത് ഇരിക്കുന്നുമില്ല. യേശു അദ്ദേഹത്തിന്റെ ദൗത്യം വിജയകര മായി പൂർത്തിയാക്കു കയും ഇസ്‌ലാമിന്റെ വഴിയിലേക്ക് പാതയൊരുക്കുകയും ചെയ്ത ദൈവത്തിന്റെ പല പ്രവാചകന്മാരിൽപ്പെട്ട ഒരു പ്രവാചകനാണ്. ഇസ്‌ലാമിൽ യഥാർഥ മോക്ഷത്തിന് ഒരു ശുപാർശകന്റെയും മധ്യസ്ഥന്റെയും ആവശ്യമില്ല. അത് ഏതൊരു വ്യക്തിക്കും സർവഗുണങ്ങളുടെയും സ്‌റോതസ്സായ ജീവിക്കുന്ന ദൈവത്തിൽ വിശ്വസിച്ചും ആത്മാർഥമായ ആരാധന കൊണ്ടും നേടിയെടുക്കാവുന്നതാണ്.

## കുറിപ്പുകൾ

# വത്തിക്കാൻ ഫലസ്തീൻ കരാർ


ഫലസ്തീൻ വിദേശ കാര്യമന്ത്രി റിയാദ് അൽ മാലിക്കിയും വത്തിക്കാൻ വിദേശകാര്യ മന്ത്രി പദവിയുള്ള ബ്രിട്ടീഷ് ആർച്ച് ബിഷപ്പ് പോൾ ഗല്ലങ്ങറും കരാറിൽ ഒപ്പ് വെക്കുന്നു.

മുസാഫിർ

കത്തോലിക്കാ സഭയുടെ ആസ്ഥാനമായ വത്തിക്കാനും യേശുവിന്റെ ജന്മഗേഹമായ ഫലസ്തീൻ രാഷ്ട്രവും തമ്മിൽ ചരിത്രത്തിലാദ്യമായി ഒരു കരാർ ഒപ്പു വെച്ചിരിക്കുന്നു. ഫലസ്തീന്റെ ഭാവിയെ തന്നെ നിർണായകമായി ബാധിക്കാൻ സാദ്ധ്യതയുള്ള ഈ കരാറിൽ ഫലസ്തീൻ വിദേശ കാര്യമന്ത്രി റിയാദ് അൽ മാലി ക്കിയും അഭിവന്ദ്യ ഫ്രാൻസിസ് മാർപാപ്പായെ പ്രതിനിധീകരിച്ച് വത്തിക്കാൻ വിദേശ കാര്യ മന്ത്രി പദവിയുള്ള ബ്രിട്ടീഷ് ആർച്ച് ബിഷപ്പ് പോൾ ഗല്ലങ്ങറുമാണ് ഒപ്പ് വെച്ചത്. 2015 ജൂൺ 26 വെള്ളിയാഴ്ച്ച ഒപ്പ് വെച്ച കരാർ ധീരമായ തീരുമാനം എന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. ഫലസ്തീന്റെ രാഷ്ട്ര പദവിക്ക് ആഗോള ക്രിസ്തീയ സഭ നൽകുന്ന നേരിട്ടുള്ള അംഗീകാരമായിട്ടാണ് അന്തർ ദേശീയ സമൂഹം ഈ ഉടമ്പടിയെ കാണുന്നത്. ക്രിസ്തുവിന്റെ ജന്മസ്ഥലം, ഏകദൈവ മതങ്ങളുടെ വളർത്തുതൊട്ടിൽ എന്നീ നിലകളിൽ ഫലസ്തീന്റെ പ്രത്യേക പദവിയെ അംഗീകരിക്കുന്ന ചരിത്രപരമായ ഒരു കരാറാണിതെന്നാണ് ഫലസ്തീൻ വിദേശകാര്യ മന്ത്രി റിയാദ് അൽ മാലിക്കി പറഞ്ഞത്. അഭിവന്ദ്യ ഫ്രാൻസിസ് മാർപാപ്പയുടെ ആശീർവാദമില്ലെങ്കിൽ ഈ കരാർ സാദ്ധ്യമാവുകയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വത്തിക്കാനുമായുള്ള ഫലസ്തീന്റെ പുതിയ ബന്ധം കാരണം ഫലസ്തീനിനോട് നീതിയുടെ അടിസ്ഥാനത്തിലുള്ള ഒരു നയം സ്വീകരിക്കാൻ ഇസ്റയേൽ നിർബന്ധിതമാകും എന്ന് നിരീക്ഷകർ കരുതുന്നു. അത്രക്ക് അന്തർദേശീയ സമ്മതിയും പ്രചാരവും വത്തിക്കാനുമായി ഫലസ്തീനുണ്ടാക്കിയ ഈ കരാറിന് ലഭിച്ചിട്ടുണ്ട്. കരാറിൽ മുഖ്യമായും ഫലസ്തീൻ അതോറിറ്റിയുടെ കീഴിലുള്ള ജൂദിയ, സമരിയ എന്നിവിടങ്ങളിലെ ചർച്ചിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ്. വിശദാംശങ്ങൾ ലഭ്യമല്ല. എങ്കിലും സമകാലീന പരിപ്രേക്ഷ്യത്തിൽ ഈ കരാറിന് വൻ പ്രാധാന്യം കൽപ്പിക്കപ്പെടുന്നു. ഇപ്പോഴത്തെ അഭിവന്ദ്യ ഫ്രാൻസിസ് മാർപാപ്പ ഫലസ്തീനികളോട് സഹതാപമുള്ള പോപ്പാണ്. മനുഷ്യാവകാശങ്ങളോട് അനുതാപമുള്ള മഹാനുമാണ്. ഫലസ്തീനിക ളുടെ ജീവിക്കാനുള്ള അവകാശത്തെ പറ്റി അദ്ദേഹം നിരവധി തവണ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ 15 വർഷമായി ഫലസ്തീൻ അതോറിറ്റിയുമായി നടന്നുവരുന്ന ചർച്ചയുടെ അവസാനത്തിലാണ് കരാർ യാഥാർഥ്യമായത്. ഇസ്റയേൽ ഈ കരാറിനെ രൂക്ഷമായ ഭാഷയിൽ വിമർശിച്ചിട്ടുണ്ട്. കരാറിന്റെ വിശദമായ രേഖ ഇസ്റയേലിനയതന്ത്ര വിദഗ്ധർ നാല് തവണ ചോദിച്ചിട്ടും വത്തിക്കാൻ അത് നൽകിയിട്ടില്ല എന്ന കാര്യവും ഇസ്റയേലിനെ പ്രകോപിപ്പിച്ചിട്ടുണ്ട്.

ഈ കരാർ അറബ് മുസ്ലിം രാജ്യങ്ങളിൽ ന്യൂനപക്ഷമായി കഴിയുന്ന ക്രിസ്ത്യാനികളും മുസ്ലിം ഭരണകൂടങ്ങളുമായുള്ള ബന്ധത്തിന് ഒരു മാതൃകയായി തീരുമെന്നും പോൾ ഗല്ലങ്ങർ പറഞ്ഞു. ഫലസ്തീൻ ഇസ്റയേൽ സംഘർഷം അയവ് വരാൻ ഇത് സഹായകരമാണെന്നും, മേഖലയിൽ ഈ കരാർ സമാധാനം കൊണ്ടുവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വാസ്തവത്തിൽ മുസ്ലിം രാജ്യങ്ങളിൽ അന്യമതസ്ഥർക്കുള്ള മത സ്വാതന്ത്ര്യം അപലപനീയമാം വിധം പരിതാപകരമാണ്. ഇസ്റയേൽ രാജ്യത്ത് മുസ്ലിംകൾക്ക് ലഭിക്കുന്ന മതസ്വാതന്ത്ര്യം പോലും മുസ്ലിം രാജ്യങ്ങളിൽ മറ്റു മതസ്ഥർക്ക് ലഭിക്കുന്നില്ല എന്നത് ഒരു യാഥാർഥ്യമാണ്. മത സ്വാതന്ത്ര്യത്തെ സംബന്ധിച്ച ഇസ്ലാമിന്റെ അവകാശവാദങ്ങളെ ദുർബലപ്പെടുത്താൻ

മാത്രം ലജ്ജാകരമാണ് മുസ്ലിം രാജ്യങ്ങളിലെ മതസ്വാതന്ത്ര്യം. ആയിര ത്തിനാനൂറ് വർഷങ്ങൾക്ക് മുമ്പ് റസൂൽ തിരുമേനി (സ) യഹൂദിക ളുമായും ക്രിസ്ത്യാനി കളുമായും പാരമ്പര്യ മതക്കാരു മായുമുണ്ടാക്കിയ മദീനാ ചാർട്ടർ എന്നപേരിൽ വിഖ്യാതമായ കരാ റിൽ ഇന്നത്തെ സെക്കുലർ ഭരണകൂ ടങ്ങൾ നൽകുന്നതിനെക്കാൾ മത സ്വാതന്ത്രം അനുവദിച്ചിരു ന്നു. എന്ന് വരുമ്പോൾ ഇന്നത്തെ മുസ്ലിം കളുടെ അധഃപതനം എത്ര ഭയാനക മാണ്.

2012 ലാണ് ഐക്യരാഷ്ട്ര സഭ ഫലസ്തീന് പരമാധികാര രാഷ്ട്ര പദവി നൽകിയത്. ഫലസ്തീന്റെ ആധുനിക ചരിത്രത്തിൽ എറ്റവും നിർണായകമായിരുന്നു ആ തീരുമാ നം. അതോടെ നിരീക്ഷക പദവിയിൽ നിന്നും ഫലസ്തീൻ പരമാധികാര രാഷ്ട്രം എന്ന പദവിയിലേക്ക് ഉയരുകയുണ്ടായി. 2012 നവംമ്പർ 29 ന്ന് നടന്ന വോട്ടിംഗിൽ ഫലസ്തീന് രാഷ്ട്ര പദവി നൽകികൊണ്ടുള്ള പ്രമേയം ഇന്ത്യയടക്കം 138 രാജ്യ ങ്ങൾ വോട്ട് ചെയ്തതു കൊണ്ടാണ് പാസ്സായത്. അമേരിക്ക, ഇസ്റയേൽ, കാനഡ, തുടങ്ങി 8 രാജ്യങ്ങളാണ് അന്ന് എതിർത്തു വോട്ട് ചെയ്തത്. 41 രാജ്യങ്ങൾ വോട്ടിംഗിൽ നിന്ന് വിട്ടുനിന്നു. അന്ന് ഫലസ്തീന്റെ പരമാധികാര രാഷ്ട്ര പദവിക്ക് അനുകൂലമായി വോട്ട് ചെയ്തവരിൽ വത്തിക്കാനും ഉൾപെടും.

ഗാന്ധിജിയുടെ നേതൃത്വത്തി ലുള്ള ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ ഇന്ത്യ ഫലസ്തീൻ പ്രശ്നത്തോട് അനുകൂലമായ നിലപാടായിരുന്നു സ്വീകരിച്ചു വന്നത്. നിർഭാഗ്യകരമെന്നു പറയട്ടെ നരേന്ദ്ര മോഡി സർക്കാർ അധികാര ത്തിൽ വന്നതിന് ശേഷമുണ്ടായ നയം മാറ്റം ഖേദകരമാണ്. അതാണ് യു. എൻ. പ്രമേയത്തിന്റെ വോട്ടെ ടുപ്പ് സമയത്ത് കാണാൻ കഴിഞ്ഞത്. 2014 ഗസ്സയിൽ ഹമാസും ഇസ്റ യേലും ഏറ്റുമുട്ടിയപ്പോൾ 2,300 ലധികം ഫലസ്തീനികൾ കൊല്ല പ്പെട്ടിരുന്നു. അത് സംബന്ധിച്ച



ഫലസ്തീൻ അതോറിറ്റി പ്രസിഡന്റ് അബ്ബാസ് മഹ്മൂദും അഭിവന്ദ്യ ഫ്രാൻസിസ് മാർപ്പായും

ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള ഹ്യൂമൻ റൈറ്റ് കൗൺസിലിന്റെ റിപ്പോർട്ട് ഇസ്റയേലിനെയും ഹമാസിനെയും കുറ്റപ്പെടുത്തുന്ന തായിരുന്നു. പ്രത്യേകിച്ച് ഇസ്റയേലി സൈനിക ഓഫീസർമാരെ കുറ്റപ്പെടു ത്തുന്നതായിരുന്നു ആ റിപ്പോർട്ട്. 41 രാജ്യങ്ങൾ ഇസ്റയേലിനെ പ്രതി കൂട്ടിൽ നിർത്തുന്ന ഈ പ്രമേയ ത്തിന് അനുകൂലിച്ച് വോട്ട് ചെയ്ത പ്പോൾ ഇന്ത്യ അടക്കം 5 രാജ്യങ്ങൾ മാത്രമാണ് ഇസ്റായേലിന് അനു കൂലമായി വോട്ട് ചെയ്തത്. ഇന്ത്യയു ടെ ഈ നയം മാറ്റത്തിൽ മോഡി ഭരണകൂടം വളരെയേറെ വിമർശന ങ്ങൾ ഏറ്റുവാങ്ങുകയുണ്ടായി.

സാധാരണ ഗതിയിൽ അമേരിക്ക യും യൂറോപ്യൻ യൂണിയനുമാണ് ഫലസ്തീകൾക്കെതിരെ ഇസ്റയേൽ അനുവർത്തിക്കുന്ന നീതിനിഷേധ ങ്ങൾക്കും അക്രമണങ്ങൾക്കും പിന്തുണ നൽകിയിരുന്ന രാഷ്ട്ര ങ്ങൾ. ഇന്ന് സംഗതികൾ ആകെ മാറിവരികയാണ്. ശ്രദ്ധേയമായൊരു കാര്യം കഴിഞ്ഞ ഒക്ടോബറിൽ യൂറോപ്യൻ യൂണിയനിൽപെട്ട സ്വീഡൻ പാർലമെന്റിൽ വൻ ഭൂരിപക്ഷത്തോടെയാണ് ഫലസ് തീൻ രാഷ്ട്രത്തിന് അംഗീകാരം നൽകിയത്. സ്വീഡനെ ഓർക്കു ന്നില്ലേ? റസൂൽതി തിരുമേനി (സ) ക്കെതിരെ കാർട്ടൂൺ പ്രസിദ്ധീകരിച്ച് വിവാദമുണ്ടാക്കിയ രാജ്യമാണ് സ്വീഡൻ!!. ഒരു യൂറോപ്യൻ രാജ്യത്ത് നിന്നുള്ള ഫലസ്തീന് അനുകൂലമായ ഈ നീക്കം വൻ പ്രാധാന്യത്തോടെയാണ് ലോകം കാണുന്നത്. 7 യൂറോപ്യൻ യൂണി യൻ രാജ്യങ്ങൾ ഫലസ്തീൻ രാഷ്ട്ര ത്തെ ഇതിനകം അംഗീകരിച്ചു കഴിഞ്ഞു. ബൾഗേറിയ, സൈപ്രസ്, സ്ളോവാക്യ, മാൾട്ട, പോളണ്ട്, റൂമേനിയ എന്നിവയാണ് ആ രാജ്യങ്ങൾ. യൂറോപ്യൻ യൂണിയ നിൽ അംഗമല്ലാത്ത യൂറോപ്യൻ രാജ്യമായ ഐസ്ലന്റും ഫലസ്തീ നെ അംഗീകരിക്കുകയുണ്ടായി. അമേരിക്ക സ്വീഡനെതിരെ അപക്വ മായ തീരുമാനം എന്ന വിമർശന മുന്നയിച്ചിട്ടും സ്വീഡൻ ഈ തീരുമാനത്തിൽ ഉറച്ചു നിൽക്കു കയായിരുന്നു. ഇറ്റാലിയൻ പാർലമെ ന്റിലും ബ്രിട്ടീഷ് പാർലമെന്റിലും ഫലസ്തീനെ ഒരു രാഷ്ട്രമായി അംഗീകരിക്കാനുള്ള നീക്കങ്ങൾ നടന്നു വരുന്നുണ്ട്.

ഫലസ്തീൻ ഇസ്ലാമിക ലോക ത്തേക്ക് വന്നത് നീതിയുടെ യും ശാന്തിയുടെയും രോമാഞ്ചകമായ ഒരു ചരിത്രപശ്ചാത്തലത്തിലാണ് എന്ന കാര്യം പ്രത്യേകം സ്മരണീയ മാണ്. മുസ്ലിംകൾക്ക് ഫലസ്തീൻ ലഭിച്ചത് പലരും കരുതുന്നത് പോലെ യഹൂദരുടെ കൈകളിൽ നിന്നല്ല. യഹൂദർ അവിടെ ഭരിച്ചത് ക്രിസ്തു ജനിക്കുന്നതിനും നൂറ്റാണ്ടുകൾക്ക് മുമ്പാണ്. ക്രിസ്ത്യാനികളുടെ കൈകളിൽ നിന്ന് രക്തരഹിതവും നീതിപൂർണവുമായ ഒരു അന്തരീക്ഷ ത്തിലാണ്. മഹാനായ ഖലീഫ ഹദ്റത്ത് ഉമറുബ്നുൽ ഖത്വാബി(റ) ന്റെ കാലത്ത് നടന്ന ആ സംഭവം ലോക ചരിത്രത്തിൽ തന്നെ സമാന തകളില്ലാത്തതാണ്. ഫലസ്തീൻ അന്ന് റോമിന്റെ ഭരണത്തിന്നു കീഴിലായിരുന്നു.


ഇന്നത്തെ ഇസ്റയേൽ അഥവാ ഫലസ്തീൻ യഹൂദരുടെ ജന്മഭൂമിയാണ് എന്ന അവകാശവാദവും യഹൂദർ അവിടുത്തെ തദ്ദേശവാസികളായിരുന്നു എന്നതും വെറുമൊരു മിഥ്യാ ധാരണയാണ്. ബൈബിൾ വായനയിൽ നിന്ന് ആഗോള വ്യാപകമായി ജനങ്ങളിലേക്ക് പകർന്ന മിത്താണ്. വാസ്തവത്തിൽ പലരേയും പോലെ ഫലസ്തീനിൽ താമസിച്ച കുടിയേറ്റക്കാരായ ഒരു ജനതയായിരുന്നു യഹൂദർ. ചരിത്രത്തിന്റെ ചില സന്ധികളിൽ അവർ അവിടെ താമസിക്കുകയും ഭരിക്കുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിന് ഏകദേശം ആയിരം വർഷങ്ങൾക്ക് മുമ്പ് ദാവൂദ് നബി (അ) യും മകൻ സുലൈമാൻ നബി (അ) യുമാണ് അവിടെ ഭരിച്ച യഹൂദ രാജാക്കന്മാർ. അതിനെ തുടർന്ന് ബാബിലോണിയൻ രാജാക്കന്മാർ ആ ഭരണം ആക്രമിക്കുകയും യഹൂദരെ അവിടെ നിന്ന് നാടുകടത്തുകയുമാണ് ചെയ്തത്. പിന്നീട് ബാബിലോണിയൻ ഭരണമാണ് അവിടെയുണ്ടായിരുന്നത്. പേർഷ്യൻ രാജാവായ കോറസ് അഥവാ സൈറസ് (ദുൽഖർ നൈൻ ) ക്രി. മുമ്പ് 539 ൽ ഫലസ്തീൻ കീഴടക്കിയതിന് ശേഷമാണ് യഹുദർക്ക് അവിടെ വീണ്ടും പ്രവേശിക്കാൻ കഴിഞ്ഞത്. യഹൂദർ അവിടെ പേർഷ്യൻ റോമൻ ഭരണത്തിന് കീഴിൽ പീഡിതാവസ്ഥ യിൽ ജീവിക്കുകയാണുണ്ടായത്. പിന്നീട് ക്രിസ്തുവിന് ഒന്നര നൂറ്റാണ്ട് മുമ്പ് (ബി.സി. 163 മുതൽ ബി.സി. 63വരെ) യഹൂദ പ്രക്ഷോഭകാരിക ളായ മക്കാബികളുടെ ഹിസ്മോണി യൻ രാജവംശം സ്ഥാപിച്ചത്. ബൈബിളിൽ മക്കാബികൾ എന്ന അദ്ധ്യായം അവരെ പറ്റിയുള്ള വിവരണങ്ങളാണ്. റോമക്കാരാണ് മക്കാബികളുടെ ഒരു നൂറ്റണ്ടു കാലത്തെ യഹൂദ ഭരണം തകർത്തത്. യേശു വരുമ്പോൾ യഹൂദർ അവിടെ റോമക്കാരുടെ കോളനി ഭരണത്തിന് കീഴിലായിരുന്നു. യേശുവിന് ശേഷം എഡി 70 ൽ റോമൻ പട്ടാള ജനറൽ ടൈറ്റസ് യഹൂദികളെ അക്രമിച്ച് അവരെ അവിടെനിന്ന് ബഹിഷ്കൃതരാക്കുകയും പുതുക്കി പണിത സോളമന്റെ ആരാധാനാലയം തച്ചുതകർക്കുകയും ചെയ്തു. പിന്നീട് മുന്നൂറ് വർഷത്തിന് ശേഷം റോം ക്രിസ്തു മതം സ്വീകരിച്ച് ക്രിസ്ത്യാനികളായി. യഹൂദരെ ഫലസ്തീൻ മണ്ണിൽ വെച്ച് പീഢിപ്പിക്കുകയും അവരുടെ ആരാധനാലയം നശിപ്പിച്ചതുമെല്ലാം മറ്റുള്ള ജനതകളാണ്. മുസ്ലിംകളല്ല. ചരിത്രത്തിൽ ഈ സംഭവ പരമ്പരകളെല്ലാം അരങ്ങേറുമ്പോൾ അവിടെ സ്ഥിരവാസികളായി ജീവിച്ചിരുന്നത് തദ്ദേശീയരായ ഫലസ്തീൻ അറബികളാണ്. വാസ്തവത്തിൽ അവരാണ് ആ ദേശത്തിന്റെ മണ്ണിന്റെ മക്കൾ.

ഇസ്ലാമിന്റെ ആവിർഭാവം വരെ ഇതായിരുന്നു സ്ഥിതി. ഫലസ്തീനും സിറിയയും ജോർദാനുമെല്ലാം അക്കാലത്ത് ക്രസ്ത്യൻ റോമിന്റെ കോളനികളായിരുന്നു. ഖലീഫാ ഹദ്റത്ത് ഉമർ (റ) ന്റെ കാലത്ത് വിമോചനമാഗ്രഹിക്കുന്ന ആ നാട്ടുകാരുടെ പക്ഷം ചേർന്ന് അംറുബ്നു ആസിന്റെ നേതൃത്വത്തിൽ മുസ്ലിം സൈന്യം ജോർദാനെയും സിറിയയേയും മോചിപ്പിച്ചു. അക്കാലത്ത് ഫലസ്തീന്റെ കേന്ദ്രമായിരുന്ന ജെറുസലേം ക്രിസ്തു മത ക്രേന്ദ്രമായിരുന്നു. ജറുസലേത്തിന് നേരെ മുസ്ലിം സൈന്യം ഉപരോധം ആരംഭിച്ചു. റോമൻ സൈന്യം കടന്നു വരാനുള്ള പഴുതുകളെല്ലാം അടച്ചു. രക്ത രഹിതമായ ഉപരോധമായിരുന്നു അത്. നാല് മാസത്തെ ഉപരോധത്തിന് ശേഷം ജെറുസലേം പാർട്രി യാർക്കീസായിരുന്ന സഫർനിയൂസ് കീഴടങ്ങാനുള്ള ഉപാധികൾ മുന്നോട്ടു വെച്ചു. ഖലീഫ ഉമറിന് നേരിട്ട് കീഴടങ്ങുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം സമര നേതാവ് അംറുബ്നു ആസിനെ അറിയിച്ചു. അംറുബ്നു ആസ് ഹദ്റത്ത് ഉമറിന് വിവരമറിയിക്കുകയും ഉമർ (റ) തന്റെ പ്രസിദ്ധമായ ഖുദ്സ് യാത്രക്ക് ആരംഭം കുറിക്കുകയും ചെയ്തു. ബൈത്തുൽ മുഖദ്ദസിൽ എത്തിയ ഉമർ (റ) പ്രദേശത്തെ ക്രിസ്ത്യാനികളുമായി സുപ്രസിദ്ധമായ ഒരു കരാറിൽ ഒപ്പുവെച്ചു. ക്രിസ്ത്യാനികൾക്ക് പൂർണ മതസ്വാതന്ത്ര്യം ഉറപ്പ് നൽകുന്നതായിരുന്നു കരാർ. അവരുടെ ചർച്ചുകളിലോ ആരാധനയിലോ കുരിശുകളുടെ കാര്യത്തിലോ കച്ചവടമിടപാടുകൾ എന്നിവയിലോ യാതൊരു വിധ ഇടപെടലുകളും ഉണ്ടാവുകയില്ലെന്ന് കരാർ ഉറപ്പ് നൽകിയിരുന്നു. ഖാലിദ്ബ്നു വലീദ്, അംറുബ്നു ആസ്, അബ്ദുറഹ്മാനുബ്നു ഔഫ് എന്നീ ഇസ്ലാമിന്റെ ധീരനേതാക്കന്മാരായിന്നു ഉടമ്പടിയിൽ സാക്ഷികളായി ഒപ്പുവെച്ചത്. പിന്നീട് ഉമർ (റ) ബൈത്തുൽ മുഖദ്ദിസ് കാണാൻ പുറത്തേക്കിറങ്ങി. അൽ ഖിയാമ ചർച്ച് (ഉയിർത്തെഴു ന്നേൽപ്പ് പള്ളി (Church of the Resurrection) സന്ദർശിച്ചു കൊണ്ടിരിക്കുമ്പോൾ നമസ്കാരത്തിന് സമയമായി. ചർച്ചിൽ വെച്ച് തന്നെ നമസ്ക്കരിക്കാമെന്ന് കൂടെയുണ്ടായിരുന്ന പുരോഹിതൻ ഹദ്റത്ത് ഉമറിനോട് അഭ്യർഥിച്ചു. പക്ഷേ ഹദ്റത്ത് ഉമർ പുറത്തിറങ്ങി പള്ളിയുടെ പടവിൽ വെച്ച് നമസ്കാരം നിർവഹിച്ചു. പിന്നീട് മുസ്ലിംകൾ അവകാശവാദം ഉന്നയിക്കുമോ എന്ന് ഭയന്നാണ് ഞാൻ അകത്ത് വെച്ച് നമസ്കരിക്കാത്തത് എന്ന് മഹാനായ ആ ദീർഘദർശി പറഞ്ഞു. മേലിൽ പടവിൽ നിന്നും നമസ്കരിക്കാൻ മുസ്ലിംകൾക്ക് അനുവാദമില്ലെന്നും അദ്ദേഹം രേഖാമൂലം ഉറപ്പ് നൽകുകയും ചെയ്തു. അതായിരുന്ന് ഇസ്ലാമിന്റെ സുവർണ കാലഘട്ടത്തിലെ നീതി സങ്കൽപ്പം.

വത്തിക്കാനും ഫലസ്തീനും തമ്മിൽ ഉണ്ടാക്കിയ ഈ ഉടമ്പടി ഖലീഫാ ഉമറി(റ)ന്റെ സമാധാന കാംക്ഷയും നീതി ബോധവും അതോടൊപ്പം ക്രിസ്തു മതവും യഹൂദമതവും ഇസ്ലാം മതവും യഥാർഥത്തിൽ ആഗ്രഹി ക്കുന്ന ലോക സമാധാനവും കൊ ണ്ടു വരാനുതകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

# ഡോ. അബ്ദുൽ കലാമിന് ആദരാഞ്ജലികൾ

ജൂലായ് 7 ന് തിങ്കളാഴ്ച്ച ഷില്ലോംഗിൽ ഐ. ഐ. എം. ൽ. വിദ്യാർഥികളെ അഭിസംബോധന ചെയ്തു കൊണ്ടിരിക്കെ അന്തരിച്ച മുൻ ഇന്ത്യൻ രാഷ്ട്രപതി ഡോ. എ. പി ജെ. അബ്ദുൽ കലാമിന് സത്യദൂതൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യ ശാന്തിക്കായി പ്രാർഥിക്കുകയും ചെയ്യുന്നു. വിദ്യാർഥി യുവജനങ്ങളെ ഇത്രയും അഗാധമായി സ്നേഹിക്കുകയും അവരെ പ്രചോദിപ്പിക്കുകയും ചെയ്ത മറ്റൊരു നേതാവും നമ്മുടെ നാട്ടിലില്ല. റോക്കറ്റ് ടെക്നോളജി മുതൽ മെഡിക്കൽ രംഗത്തെ സാങ്കേതിക വിദ്യവരെ അദ്ദേഹത്തിന് വഴങ്ങുന്നതായിരു ന്നു. മതം മുതൽ ശാസ്ത്ര സാമൂഹിക വൈജ്ഞാനിക മേഖലയിലുള്ള പുരാതനവും നൂതനവുമായ പുസ്തകങ്ങളുടെ വായനയിൽ നിന്ന് നേടിയ അഗാധമായ അറി വും അത് പ്രാവർത്തിക മാക്കാനുള്ള ആത്മാർഥമായ സമർപ്പണവും അദ്ദേഹത്തെ അന്യാദൃശനായ ഒരു ജീനിയസ്സും ടെക്നോക്രാറ്റും ഭരണാ ധികാരിയും അദ്ധ്യാപകനുമായും സർവോപരി മനുഷ്യ സ്നേഹിയു മാക്കിയിരുന്നു. വികസനത്തെ പറ്റി പറയുന്ന രാഷ്ട്രപതിയായിരുന്നില്ല അദ്ദേഹം. വികസനത്തിന്റെ ആധി കാരിക



മാതൃകകളും മാർഗരേഖ കളും പഠിച്ചുണ്ടാക്കി അത് ഗവൺമെന്റുകൾക്ക് നൽകി അവരെ അതിനായി പ്രചോദിപ്പിക്കുകയും പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്ത രാഷ്ട്രപതിയായിരുന്നു അദ്ദേഹം. അങ്ങനെയുള്ള നേതാക്കന്മാർ ലോകത്ത് തന്നെ അപൂർവമാണ്.

ഏറ്റവും ദരിദ്രമായ സാഹചര്യത്തിൽ വളർന്ന കലാം കഠിനാദ്ധ്വാനത്തിന്റെ കർമ കാണ്ഠങ്ങൾ സൃഷ്ടിച്ചാണ് ഉന്നതിയുടെ ഉച്ചിയിലെത്തുന്നത്. മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച കലാമിന്റെ രാജ്യക്കൂറ് മാതൃകാപരമായിരുന്നു. ധനമോഹമോ സ്വാർഥതയോ സ്പർശിക്കാതെ അദ്ദേഹം മനുഷ്യരെ സേവിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ പോലെ കുട്ടികളെ അദ്ദേഹം അഗാധമായും നിഷ്ക്കളങ്കമായും സ്നേഹിക്കുകയും അവരോട് സംവദിക്കുകയും ചെയ്തു. സ്വപ്നം കാണാനും ഭാവന വികസിപ്പിക്കാനും യുവലോകത്തെ നിരന്തരം ഓർമിപ്പിച്ചു. മനുഷ്യനെ സ്പനാടകനാക്കുന്ന ദിവാസ്വപ്നം കാണാനായിരുന്നില്ല അദ്ദേഹത്തിന്റെ ആഹ്വാനം. കർമകുശലതക്കുള്ള മാനസിക ഊർജം സംഭരിക്കാനായിരുന്നു അദ്ദേഹം സ്വപ്നം കാണാൻ പറഞ്ഞത്. വാർധക്യത്തിൽ പോലും, മരിക്കുന്ന അവസാന നിമിഷം വരെ പ്രവർത്തന നിരതനായിരുന്ന അദ്ദേഹം, വാക്കും പ്രവർത്തിയും രമ്യമായി യോജിച്ച കർമയോഗിയായിരുന്നു.

പ്രതിഭയും കർമശേഷിയും നേതൃഗുണവും മനുഷ്യത്വവും ഒത്തു ചേർന്ന അദ്ദേഹത്തെ പോലെയുള്ള ഒരു മഹാൻ കെട്ടു നാറുന്ന ഇന്ത്യൻ രാഷ്ട്രീയ മണ്ഡലത്തിൽ വിശുദ്ധമായി കത്തിനിന്ന ഒരു വിളക്കായിരുന്നു. അതാണ് ഇപ്പോൾ അണഞ്ഞു പോയത്. അല്ലാഹു അദ്ദേഹത്തിന് പരലോക സൗഖ്യം നൽകി അനുഗ്രഹിക്കട്ടെ.



## ഉന്നതവിജയം നേടി



അമീൻ അലി ഷാനവാസ്



നിഷാൽ ഷാനവാസ്

കെ. എസ്. ഷാനവാസ് സാഹിബിന്റെയും എ. ഷമീന സാഹിബയുടേയും മകൻ **അമീൻ അലി ഷാനവാസ്** സാഹിബും, ഐ. ഷാനവാസ് സാഹിബിന്റെയും ലിസാബീവി സാഹിബയുടേയും മകൻ **നിഷാൽ ഷാനവാസ്** സാഹിബും, അഡ്വ. അഹ്മദ് കുട്ടി സാഹിബിന്റെ പേരക്കുട്ടിയും തൊടിയൂർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ വഹീദാ സാഹിബയുടെ മകളുമായ **തമന്നഷാനവാസ്** സാഹിബയും SSLC പരീക്ഷയിൽ എല്ലാവിഷയങ്ങൾക്കും A+നേടി വിജയിച്ചു. എല്ലാവരും കരുനാഗപ്പള്ളി ജമാഅത്തംഗങ്ങളാണ്.




കോഴിക്കോട് നടന്ന ഈദ് മിലൻ പരിപാടിയുടെ ഉദ്ഘാടനം കുവൈത്തിലെ അഹ്മദിയ്യാ ജമാഅത്ത് അമീർ ഇസ്മായിൽ സാഹിബ് നിർവഹിക്കുന്നു. കോഴിക്കോട് കോർപറേഷൻ ഡപ്യൂട്ടി മേയർ പ്രൊ. അബ്ദുല്ലത്തീഫ്, ഡി സി സി പ്രസിഡന്റ് കെ സി. അബു, അഹ്മദിയ്യാ ജമാഅത്ത് കേന്ദ്ര ധനകാര്യ വകുപ്പ് മേലദ്ധ്യക്ഷൻ മൗലവി വസിം അഹ്മദ് സാഹിബ് സിദ്ദീഖ്, കോഴിക്കോട് അമീർ അഹ്മദ് കോയ സാഹിബ്, ഡി വൈ എസ് പി. (റിട്ട) സുഭാഷ് ബാബു, ബലാകൃഷ്ണ മാരാർ എന്നിവർ വേദിയിൽ.

# അനുസ്മരണം



## പുളിക്കൽ അഹ്മദ് കോയ

കോഴിക്കോട് ജമാഅത്തിലെ പടിഞ്ഞാറെ കോട്ടപറമ്പിൽ പുളിക്കൽ അഹ്മദ് കോയ (76) പുത്തൂർ മഠത്തിലെ വീട്ടിൽ വെച്ച് നിര്യാതനായി. ഇന്നാലില്ലാഹി .........
കോഴിക്കോട് ജമാഅത്തിലെ സജീവാംഗമാണ്. ഭാര്യ സുബൈദ. മക്കൾ: മുനീറ, പരേതനായ ആസിഫ്, സാജിദ്. മരുമക്കൾ ശംസുദ്ദീൻ, ഖമറുന്നിസ. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ(ആമീൻ)

## ഷിജിൽ അഹ്മദ്



മാത്തോട്ടം (കോഴിക്കോട്): മാത്തോട്ടം ജമാഅത്ത് അംഗം ഖലീൽ അഹ്മദ് സാഹിബിന്റെ പുത്രനും പരേതനായ മൊയ്തുണ്ണി സാഹിബിന്റെ പൗത്രനുമായ ഷിജിൽ അഹ്മദ് (11) ജൂലൈ 8-ാം തീയതി സ്കൂൾ മുറ്റത്ത് കളിച്ചു കൊണ്ടിരിക്കെ തെങ്ങ് കടപുഴകി ദേഹത്ത് വീണ് മരണമടഞ്ഞു. ഇന്നാലില്ലാഹി.......
നാടിനെ മുഴുവൻ ദുഃഖത്തിലാഴ്ത്തിയ ഈ കുരുന്നിന്റെ നിര്യാണത്തിൽ ഒരു പ്രദേശമാകെ തേങ്ങുന്ന പ്രതീതിയാണുണ്ടായത്. സൗമ്യനായ വിദ്യാർഥിയായിരുന്നു ഷിജിൽ എന്ന് അദ്ധ്യാപകർ അനുസ്മരിച്ചു. മന്ത്രിമാർ, മേയർ, എം എൽ. എ. മാർ, കലക്ടർ, കൗൺസിലർമാർ അദ്ധ്യാപകന്മാർ, സഹപാഠികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ആയിരക്കണക്കിനാളുകൾ സ്വന്തം മകൻ മരിച്ച വേദനയോടെയാണ് ഷിജിലിന്റെ ജനാസ ഒരു നോക്കു കാണാനെത്തിയത്. വലിയൊരു ജനാവലി ജനാസ നമസ്കാരത്തിലും പങ്കെടുത്തു. മീഞ്ചന്ത ഗവ: യു.പി സ്കൂളിലെ ആറാം ക്ലാസ് വിദ്യാർഥിയായിരുന്നു. ഷിജിൽ മരിക്കുന്നതിന് രണ്ട് ദിവസം മുമ്പ് താൻ മരിച്ചാൽ സ്വർഗത്തിൽ പോവുമെന്ന് അനുജനുമായുള്ള സംഭാഷണത്തിൽ പറഞ്ഞിരുന്ന കാര്യം പലരേയും വിസ്മയിപ്പിച്ചു. സന്തപ്തരായ ഷിജിലിന്റെ മാതാപിതാക്കന്മാർക്ക് ഈ നഷ്ടം അല്ലാഹുനികത്തി കൊടുക്കട്ടെ. ഷിജിലിന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മാതാവ്. ജുമൈലത്ത്, സഹോദരങ്ങൾ ഹഫ്ഷ, ആദിൽ.

**Published on 7 August 2015**

Vol: 87 Issue. **8**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17
Licensed to Post Without Prepayment

**The Sathyadoothan Monthly**

بسم الله الرحمن الرحيم

**DIAMOND JUBILEE**
**CELEBRATION**

# മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്

# വജ്ര ജൂബിലീ പ്രോഗ്രാം



## ജൂലായ്
## ആഗസ്റ്റ്
## സെപ്തംബർ മാസങ്ങളിൽ

- പൊതുസമ്മേളനങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- രക്തദാന ക്യാമ്പ്
- വനവൽക്കരണം
- ആശുപത്രി സന്ദർശനം